വാല്യം 7, ലക്കം 08

ന്യൂ ഇന്ത്യ സമാചാർ

ഒക്ടോബർ 16-31, 2026
സൗജന്യവിതരണത്തിന്

@NISPIBIndia ഫോളോ ചെയ്യൂ...









ദേശീയ ഏകതാദിന സ്പെഷ്യൽ

'ഏക ഭാരത'ത്തിന്റെ ശക്തി

'ശ്രേഷ്ഠഭാരത'ത്തിനായുള്ള ദൃഢനിശ്ചയം

സർദാർ വല്ലഭ്ഭായ് പട്ടേലിന്റെ 150-ാം ജന്മവാർഷികാഘോഷങ്ങളുടെ സമാപനത്തിലേക്ക് കടക്കുമ്പോൾ, 'ഏക ഭാരതം ശ്രേഷ്ഠ ഭാരതം' എന്ന ആശയം സാംസ്കാരിക ബന്ധങ്ങൾ വളർത്തുന്നതിനപ്പുറം ഇന്ത്യയുടെ നയപരമായ കാഴ്ചപ്പാടിന്റെ അവിഭാജ്യ ഘടകമായി മാറിയിരിക്കുന്നു. കഴിഞ്ഞ 11 വർഷത്തിനിടെ, വിവിധ സംവിധാനങ്ങളുടെ ഏകീകരണം ജനജീവിതം കൂടുതൽ സുഗമമാക്കുകയും പൗരന്മാരെ ശാക്തീകരിക്കുകയും ഇന്ത്യക്കാരെന്ന പൊതുവായ സ്വത്വബോധം ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.





ഭീകരവാദത്തിനെതിരെ ഇന്ത്യയുടെ 'സീറോ ടോളറൻസ്' നയം

പൗരന്മാരുടെ ക്രിയാത്മകമായ പ്രവർത്തനങ്ങൾ പൊതുസമൂഹത്തിന് മുന്നിലെത്തിക്കുക മാത്രമല്ല, രാജ്യത്തിന്റെ നേട്ടങ്ങൾ ഉയർത്തിക്കാട്ടുകയും ചെയ്യുന്ന പരിപാടിയാണ് 'മൻ കി ബാത്ത്'. ഈ നേട്ടങ്ങൾ ഈ വേദിയിലൂടെ ചർച്ച ചെയ്യപ്പെടുമ്പോൾ രാജ്യത്തുടനീളമുള്ള ജനങ്ങൾക്ക് അവയിൽനിന്ന് പ്രചോദനം ലഭിക്കുന്നു. സെപ്റ്റംബർ 27-ന് സംപ്രേഷണം ചെയ്ത മൻ കി ബാത്തിന്റെ 138-ാം പതിപ്പിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സർജിക്കൽ സ്ട്രൈക്ക്, ഡിജിറ്റൽ സെൻസസ്, ഇന്ത്യൻ സംസ്കാരം, പുരാതന ക്ഷേത്രങ്ങൾ, ശുചിത്വം, പരിസ്ഥിതി സംരക്ഷണം, ലഹരിവിരുദ്ധ പ്രചാരണം, കായികരംഗം, ഒഡിഒപി (ഒരു ജില്ല, ഒരു ഉൽപ്പന്നം), പോഷകാഹാരം തുടങ്ങിയ പ്രധാന വിഷയങ്ങൾ ചർച്ച ചെയ്തു. പരിപാടിയുടെ എഡിറ്റ് ചെയ്ത ഭാഗങ്ങൾ ചുവടെ അവതരിപ്പിക്കുന്നു.

- **സർജിക്കൽ സ്ട്രൈക്ക്:** പത്ത് വർഷം മുമ്പ്, 2016 സെപ്റ്റംബർ 28, 29 തീയതികളിൽ ഇന്ത്യൻ സൈന്യം പാകിസ്ഥാനിലെ ഭീകരവാദ കേന്ദ്രങ്ങൾ ലക്ഷ്യമിട്ട് സർജിക്കൽ സ്ട്രൈക്ക് നടത്തി. ഭീകരവാദത്തിനെതിരെ നടപടി സ്വീകരിക്കുന്നതിനായി നമ്മുടെ ധീരസൈനികർ നിയന്ത്രണരേഖ (എൽഒസി) കടന്ന് നടത്തിയ നീക്കം ലോകത്തെ വിസ്മയിപ്പിച്ചു.

- **ചുട്ടമറുപടി:** ബാലാക്കോട്ട് വ്യോമാക്രമണം മുതൽ 'ഓപ്പറേഷൻ സിന്ദൂർ' വരെ കഴിഞ്ഞ ഒരു ദശാബ്ദത്തിനിടെ ഇന്ത്യ വ്യക്തമായ സന്ദേശം ആവർത്തിച്ച് നൽകിയിട്ടുണ്ട്. ഇന്ത്യയ്ക്കെതിരെ ഭീകരർ നടത്തുന്ന ഏതൊരു ആക്രമണത്തിനും തക്കതായ തിരിച്ചടി നൽകുമെന്നതാണ് ആ സന്ദേശം.

- **'സീറോ ടോളറൻസ്' നയം:** ആധുനിക ഇന്ത്യ ഭീകരവാദത്തോട് വിട്ടുവീഴ്ചയില്ലാത്ത നയമാണ് സ്വീകരിച്ചിരിക്കുന്നത്. ഈ സമീപനത്തിന്റെ ഫലങ്ങൾ നാം കണ്ടുകൊണ്ടിരിക്കുകയാണ്.

- **രാമജന്മഭൂമി പ്രസ്ഥാനം:** വിശ്വഹിന്ദു പരിഷത്തിന്റെ മുൻ അന്താരാഷ്ട്ര വർക്കിങ് പ്രസിഡന്റ്, അന്തരിച്ച അശോക് സിംഗാൾ രാമജന്മഭൂമി പ്രസ്ഥാനത്തിന് നൽകിയ ദിശയും ഊർജവും ഇന്ന് അയോധ്യയിൽ നാം കാണുന്ന മനോഹരമായ ക്ഷേത്രത്തിന്റെ യാഥാർഥ്യത്തിലേക്ക് നയിച്ചു.

- **സൗരോർജത്തിൽ പ്രവർത്തിക്കുന്ന ആദ്യ ഗ്രാമം:** സൂര്യക്ഷേത്രത്തിന്റെ പേരിൽ മാത്രം അറിയപ്പെട്ടിരുന്ന ഗുജറാത്തിലെ മൊധേര ഇന്ന് രാജ്യത്തെ ആദ്യത്തെ സൗരോർജ ഗ്രാമമായി മാറിയിരിക്കുന്നു. പൂർണമായും സൗരോർജത്തെ ആശ്രയിച്ച് പ്രവർത്തിക്കുന്ന മൊധേര സുസ്ഥിര വികസനത്തിന്റെ മികച്ച മാതൃകയാണ് രാജ്യത്തിന് മുന്നിൽ അവതരിപ്പിക്കുന്നത്.

- **പുതിയ സാധ്യതകൾ:** ഉത്തർപ്രദേശിലെ പ്രതാപ്ഗഢിൽ നെല്ലിക്ക പുതിയ അവസരങ്ങളുടെ ഉറവിടമായി മാറുകയാണ്. 'ഒരു ജില്ല, ഒരു ഉൽപ്പന്നം' പദ്ധതിയിലൂടെ നെല്ലിക്കയുമായി ബന്ധപ്പെട്ട പ്രാദേശിക സംരംഭങ്ങൾക്ക് വലിയ പ്രോത്സാഹനം ലഭിച്ചിട്ടുണ്ട്. ഇന്ന് പ്രതാപ്ഗഢിൽ നെല്ലിക്ക സംസ്കരണവുമായി ബന്ധപ്പെട്ട നൂറോളം യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

- **പോഷകസമൃദ്ധമായ മുരിങ്ങ:** ഛത്തീസ്ഗഢിൽ 'ഹർ ഘർ മുങ്ഗാ-ഘർ ഘർ മുങ്ഗാ' (എല്ലാ വീട്ടിലും മുരിങ്ങ) എന്ന യജ്ഞത്തിന് തുടക്കമിട്ടിട്ടുണ്ട്. പോഷക സമൃദ്ധമായ മുരിങ്ങ ഭക്ഷണത്തിൽ ഉൾപ്പെടുത്താൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

- **അഷ്ടവിനായക തീർഥയാത്ര:** പന്തൗൺ തിർഖാനോണിന്റെ ശ്രമഫലമായി തായ്‌ലൻഡിലെ ഭക്തർക്കിടയിൽ അഷ്ടവിനായക തീർഥയാത്ര ജനപ്രീതി നേടിയിട്ടുണ്ട്. 2002-ൽ വടക്കൻ തായ്‌ലൻഡിലെ ചിയാങ് മായിൽ അദ്ദേഹം ഗണേശ് ഹിമാൽ മ്യൂസിയം സ്ഥാപിച്ചു. ഇന്ന് ഈ മ്യൂസിയത്തിൽ പതിനായിരത്തിലധികം ഗണേശ വിഗ്രഹങ്ങളുണ്ട്.

- **ലഹരിമുക്ത യജ്ഞം:** 'നശാ മുക്ത് യുവ അഭിയാൻ' പദ്ധതിയുടെ ഭാഗമായി രാജ്യത്തുടനീളമുള്ള ലക്ഷക്കണക്കിന് യുവാക്കൾ ലഹരിക്കെതിരെ സുപ്രധാന പ്രതിജ്ഞയെടുത്തിട്ടുണ്ട്. സ്വയം ലഹരിയിൽനിന്ന് അകന്നുനിൽക്കുന്നതിനൊപ്പം ഈ സന്ദേശം മറ്റുള്ളവരിലേക്ക് എത്തിക്കാനുള്ള ഉത്തരവാദിത്വവും അവർ ഏറ്റെടുത്തിട്ടുണ്ട്.

- **പ്രചോദനമേകുന്ന മാതൃക:** പ്രകൃതിയുമായുള്ള നമ്മുടെ ബന്ധം അതിനെ സംരക്ഷിക്കുന്നതിൽ മാത്രം ഒതുങ്ങുന്നതല്ല. പലപ്പോഴും പ്രകൃതിയെ കരുതലോടെ സംരക്ഷിക്കുമ്പോൾ അത് നമ്മുടെ ജീവിതത്തിന് താങ്ങും തണലുമായി മാറുന്നു. പശ്ചിമബംഗാളിലെ സുന്ദർബനിൽ ചില സ്ത്രീകൾ പ്രകൃതിയുമായുള്ള ഈ ബന്ധത്തിന്റെ പ്രചോദനാത്മകമായ മാതൃക സൃഷ്ടിക്കുകയാണ്.

- **ആനക്കൂട്ടങ്ങളുടെ തിരിച്ചുവരവ്:** ആനകൾ തിരിച്ചെത്തിയ അസമിലെ സോനായി രൂപായി വന്യജീവി സങ്കേതം ഇന്ന് ശ്രദ്ധേയമാകുകയാണ്. വർഷങ്ങളായി ആനകളുടെ സാന്നിധ്യം കാണാതിരുന്ന പ്രദേശത്ത് വീണ്ടും ആനക്കൂട്ടങ്ങളെ കണ്ടുതുടങ്ങിയിരിക്കുന്നു.

"മൻ കി ബാത്" കേൾക്കാൻ ക്യുആർ കോഡ് സ്കാൻ ചെയ്യൂ.

ന്യൂ ഇന്ത്യ സമാചാർ

വാല്യം 7, ലക്കം 08 | ഒക്ടോബർ 16-31, 2026

എഡിറ്റർ ഇൻ ചീഫ്
ധീരേന്ദ്ര ഓഝ
പ്രിൻസിപ്പൽ ഡയറക്ടർ ജനറൽ,
പ്രസ് ഇൻഫർമേഷൻ ബ്യൂറോ,
ന്യൂഡൽഹി

ചീഫ് കൺസൾട്ടിങ് എഡിറ്റർ
സന്തോഷ് കുമാർ

സീനിയർ അസി. കൺസൾട്ടിങ് എഡിറ്റർ
പവൻ കുമാർ

അസി. കൺസൾട്ടിങ് എഡിറ്റർമാർ
അഖിലേഷ് കുമാർ
ചന്ദൻ കുമാർ ചൗധരി

ഭാഷാ എഡിറ്റർമാർ
സുമിത് കുമാർ (ഇംഗ്ലീഷ്)
രജ്നീഷ് മിശ്ര (ഇംഗ്ലീഷ്)
നദീം അഹമ്മദ് (ഉറുദു)

സീനിയർ ഡിസൈനർ
ഷൂൽ ചന്ദ് തിവാരി

ഡിസൈനർമാർ
അനിൽ കുമാർ
സത്യം സിങ്



ന്യൂ ഇന്ത്യ സമാചാർ 13 ഭാഷകളിൽ വായിക്കാനായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക
https://newindiasamachar.pib.gov.in/news.aspx
ന്യൂ ഇന്ത്യ സമാചാർ പഴയ പതിപ്പുകൾക്കായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക
https://newindiasamachar.pib.gov.in.archive.aspx

പതിവായി 'ന്യൂ ഇന്ത്യ സമാചാർ' വിവരങ്ങൾ ലഭിക്കാൻ -ൽ **@NISPIBIndia** പിൻതുടരുക

ഉൾപ്പേജുകളിൽ.....



ഏക ഭാരതംശ്രേഷ്ഠ ഭാരതം

സാംസ്കാരിക ഏകീകരണം മുതൽ സംവിധാനങ്ങളുടെ ഏകീകരണം വരെ

ഒരു രാഷ്ട്രവും സമൂഹവും പുരോഗതി കൈവരിക്കുന്നതിനുള്ള ശക്തമായ അടിത്തറയാണ് ഐക്യം. സർദാർ വല്ലഭ്ഭായ് പട്ടേലിന്റെ ജന്മവാർഷികദിനമായ 2015 ഒക്ടോബർ 31-ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പുണ്യഭൂമിയായ കേവഡിയയിൽനിന്ന് 'ഏക ഭാരതംശ്രേഷ്ഠ ഭാരതം' പദ്ധതിക്ക് തുടക്കമിട്ടു. ഏകദേശം 550 നാട്ടുരാജ്യങ്ങളെ ഒരു ഏകീകൃത യൂണിയനു കീഴിൽ കൊണ്ടുവരാൻ സർദാർ പട്ടേൽ മുന്നോട്ടുവച്ച ദർശനത്തിൽനിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് ഈ പദ്ധതി ആരംഭിച്ചത്. 11 വർഷം മുമ്പ് തുടക്കം കുറിച്ച 'ഏക ഭാരതംശ്രേഷ്ഠ ഭാരതം' സംരംഭം ഇന്ന് നികുതി, റേഷൻ, പെൻഷൻ, ഭരണഘടന, പരീക്ഷകൾ, ഗവേഷണം തുടങ്ങിയ മേഖലകളിൽ നടപ്പാക്കിയ നിരവധി പരിഷ്കാരങ്ങൾക്ക് വഴിയൊരുക്കിയിരിക്കുന്നു. 'ഒരു രാഷ്ട്രം, ഒരു സംവിധാനം' എന്ന ചട്ടക്കൂടിന്റെ പ്രധാന സ്തംഭങ്ങളായി ഇവ മാറിയിട്ടുണ്ട്. |10-27

സെമികോൺ ഇന്ത്യ 2026

സെമികണ്ടക്ടർ

നവീകരണത്തിനും നിക്ഷേപത്തിനും വളർച്ചയ്ക്കും പുതിയ അവസരങ്ങൾ തുറക്കുന്നു

ആധുനിക സാങ്കേതികവിദ്യയുടെ വികസനത്തിൽ പങ്കാളികളാകാൻ ഇന്ത്യയിലെയും വിദേശത്തെയും പ്രതിഭാധനരായ യുവാക്കളോട് പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്തു. | 32-33



പ്രത്യേക ലേഖനം: പ്രധാനമന്ത്രിയുടെ കുറിപ്പ്

"ദൃഢനിശ്ചയവും ലാളിത്യവും സമന്വയിച്ച ശ്രദ്ധേയമായ വ്യക്തിത്വമായിരുന്നു ശ്രീ അശോക് സിംഗാളിന്റേത്."



ജന്മവാർഷികത്തോടനുബന്ധിച്ച് അശോക് സിംഗാളിന്റെ ജീവിതത്തെയും ആശയങ്ങളെയും അനുസ്മരിച്ചുള്ള ലേഖനം പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കുവച്ചു. | 7-9

വാർത്തകൾ ചുരുക്കത്തിൽ | 4-5

വ്യക്തിത്വം: കൊമരം ഭീം
'ജൽ, ജംഗിൾ, സമീൻ' എന്ന മുദ്രാവാക്യം ഉയർത്തിയ നേതാവ് | 6

റാബി വിളകളുടെ താങ്ങുവില വർധിപ്പിച്ചു; ഹരിത ഊർജ ഇടനാഴി മൂന്നാം ഘട്ടത്തിന് അംഗീകാരം
കേന്ദ്ര മന്ത്രിസഭാ യോഗത്തിൽ കൈക്കൊണ്ട പ്രധാന തീരുമാനങ്ങൾ | 28-29

ഭാവിക്കായി യുവാക്കളെ സജ്ജരാക്കി കേന്ദ്ര ഗവൺമെന്റ്
51,000-ത്തിലധികം നിയമന ഉത്തരവുകൾ വിതരണം ചെയ്തു | 30-31

കണക്റ്റിവിറ്റി വർധിപ്പിക്കുന്നു... സ്വയംപര്യാപ്ത ഇന്ത്യക്കു കരുത്തുപകരുന്നു
'ഉഡാന്റെ' 10 വർഷങ്ങൾ | 34-35

ബംഗാളിലെ സ്ത്രീശാക്തീകരണം
അന്നപൂർണയുടെ ഭാഗമായി 3,000 രൂപയുടെ നാലാം ഗഡു വിതരണം ചെയ്തു | 36-37

വികസനത്തോടൊപ്പം പരിസ്ഥിതി സംരക്ഷണവും
കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള അന്താരാഷ്ട്ര സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തിയ പ്രസംഗം | 38-39

തലസ്ഥാനത്തെ കണക്റ്റിവിറ്റിക്കു പുതിയ കുതിപ്പ്
ബരാപുള്ള മൂന്നാം ഘട്ട എലിവേറ്റഡ് കോറിഡോർ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഉദ്ഘാടനം ചെയ്തു | 42

72-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ

ഇന്ത്യൻ സിനിമയിലെ ഭാവിസാധ്യതകൾ



രാഷ്ട്രപതി ദ്രൗപദി മുർമു 72-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ സമ്മാനിച്ചു | 40-41



Published: Kanchan Prasad, Director General, on behalf of Central Bureau of Communication
Communication Address : Room No–1077, Soochna Bhawan, CGO Complex, New Delhi -110003.
E-Mail : response-nis@pib.gov.in, RNI No. : DELENG/2020/78811

പത്രാധിപക്കുറിപ്പ്

സർദാർ പട്ടേലിന്റെ ദർശനം ഐക്യത്തിന്റെ ചൈതന്യത്തെ ഉൾക്കൊള്ളുന്നു

'ഏക ഭാരതംശ്രേഷ്ഠ ഭാരത'ത്തിന്റെ 11 വർഷങ്ങൾ

ഊഷ്മളമായ ആശംസകൾ,

ഒരു രാഷ്ട്രത്തിന്റെ രാഷ്ട്രീയ ശക്തിയുടെ സൂചകങ്ങൾ ഭൂപടമോ ഭൂമിശാസ്ത്രപരമായ അതിർത്തികളോ മാത്രമല്ല; ആഴത്തിൽ വേരൂന്നിയ ഏകത്വബോധമാണ് അവയെ രൂപപ്പെടുത്തുകയും നിലനിർത്തുകയും ചെയ്യുന്നത്. സ്വാതന്ത്ര്യലബ്ധിക്കു പിന്നാലെ, ചിതറിക്കിടന്ന 550-ലധികം നാട്ടുരാജ്യങ്ങളെ ഒരൊറ്റ രാഷ്ട്രമായി ഏകീകരിച്ച ഭാരതരത്ന സർദാർ വല്ലഭ്ഭായ് പട്ടേലിന്റെ മനസ്സിൽ ഈ ഉറച്ച വിശ്വാസം ആഴത്തിൽ പതിഞ്ഞിരുന്നു. ചരിത്രം രേഖപ്പെടുത്തിക്കൊണ്ടിരിക്കുകയല്ല, മറിച്ച് ചരിത്രം സൃഷ്ടിക്കാനാണ് സമയം ചെലവഴിക്കേണ്ടതെന്ന് സർദാർ പട്ടേൽ വിശ്വസിച്ചു. അദ്ദേഹത്തിന്റെ തീരുമാനങ്ങളിൽ ഈ ചിന്താഗതിയാണ് പ്രതിഫലിച്ചത്.

പ്രായോഗികതയിൽ യാഥാർഥ്യബോധവും ദൃഢനിശ്ചയത്തിൽ സത്യസന്ധതയും പ്രവർത്തനങ്ങളിൽ മാനവികതയും ലക്ഷ്യങ്ങളിൽ ദേശീയബോധവും പുലർത്തിയ സർദാർ പട്ടേലിന് 'ഏക ഭാരതം-ശ്രേഷ്ഠ ഭാരതം' എന്ന ദർശനം പരമപ്രധാനമായിരുന്നു. ഈ ചൈതന്യത്തിന്റെ പ്രതീകമായി 'ഐക്യപ്രതിമ' നിലകൊള്ളുന്നു. രാജ്യത്തുടനീളമുള്ള കർഷകരുടെ കാർഷിക ഉപകരണങ്ങളിൽനിന്ന് ശേഖരിച്ച ഇരുമ്പ് ഉപയോഗിച്ചാണ് ഈ പ്രതിമ നിർമിച്ചത്.

ആ പൈതൃകം മുന്നോട്ടുകൊണ്ടുപോകുന്നതിന്റെ ഭാഗമായി, 2015 ഒക്ടോബർ 31-ന് കേവഡിയയിൽനിന്ന് 'ഏക ഭാരതം-ശ്രേഷ്ഠ ഭാരതം' എന്ന ദർശനം യാഥാർഥ്യമാക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രതിജ്ഞയെടുത്തു. കഴിഞ്ഞ 11 വർഷത്തിനിടെ നിരവധി നയങ്ങളിലൂടെ ഈ ദൃഢനിശ്ചയം യാഥാർഥ്യത്തിലേക്ക് നീങ്ങി. ഏകീകൃത നികുതി സമ്പ്രദായം സംസ്ഥാനങ്ങളിലെ വിപണികളെ പരസ്പരം ബന്ധിപ്പിച്ചു. 'ഒരു റാങ്ക്, ഒരു പെൻഷൻ' പദ്ധതി സൈനികർക്കിടയിൽ പതിറ്റാണ്ടുകളായി നിലനിന്നിരുന്ന അസമത്വങ്ങൾ ഇല്ലാതാക്കി. ജമ്മു കശ്മീർ ഉൾപ്പെടെ രാജ്യത്തുടനീളം ഒരേ ഭരണഘടനാപരമായ അവകാശങ്ങൾ ഉറപ്പാക്കുന്നതിന് അനുച്ഛേദം 370 റദ്ദാക്കിയത് വഴിയൊരുക്കി. രാജ്യത്തുടനീളം ഏകീകൃതമായ ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം (IST) ഉറപ്പാക്കുന്നതിനുള്ള ചട്ടങ്ങളും നടപ്പാക്കി. പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിലൂടെ ഇന്ത്യൻ ഭാഷകൾക്ക് നൽകുന്ന പ്രാധാന്യവും ഈ ഐക്യത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നു. തമിഴ്, തെലുങ്ക്, സംസ്കൃതം, മലയാളം, ഒഡിയ, കന്നഡ എന്നീ ഭാഷകൾക്കു പുറമേ മറാഠി, ബംഗാളി, അസമീസ്, പാലി, പ്രാകൃത് എന്നീ ഭാഷകൾക്കും 'ശ്രേഷ്ഠഭാഷ' പദവി നൽകിയതും ഈ ദിശയിലെ സുപ്രധാന ചുവടുവയ്പ്പാണ്. അതിവേഗം വികസിക്കുന്ന റെയിൽ, റോഡ്, ദേശീയപാത, ഇന്റർനെറ്റ് ശൃംഖലകൾ ഗ്രാമങ്ങളെ നഗരങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് ദേശീയ ഐക്യത്തിന് കൂടുതൽ കരുത്തേകുന്നു.

എല്ലാ വർഷത്തെയും പോലെ ഒക്ടോബർ 31-ന് സർദാർ പട്ടേലിന്റെ ജന്മവാർഷികം ആചരിക്കുമ്പോൾ, ആ ദിനം അദ്ദേഹത്തെ അനുസ്മരിക്കാനുള്ള അവസരം മാത്രമല്ല, നമ്മുടെ പ്രതിജ്ഞ പുതുക്കാനുള്ള സന്ദർഭം കൂടിയാണ്. പതിനൊന്ന് വർഷം മുമ്പ് ആരംഭിച്ച 'ഏക ഭാരതം-ശ്രേഷ്ഠ ഭാരതം' എന്ന ആശയം നയങ്ങളെയും ഭരണസംവിധാനങ്ങളെയും ഏകീകരിക്കാനുള്ള ഉറച്ച പ്രതിജ്ഞാബദ്ധതയായി എങ്ങനെ വികസിച്ചുവെന്ന് ഈ ദേശീയ ഐക്യദിന പതിപ്പിലെ മുഖ്യലേഖനം വിശദമായി പരിശോധിക്കുന്നു.

വ്യക്തിത്വ വിഭാഗത്തിൽ 'ജൽ, ജംഗൾ, സമീൻ' (ജലം, കാട്, ഭൂമി) എന്ന മുദ്രാവാക്യം ആദ്യമായി ഉയർത്തിയ കൊമരം ഭീമിനെക്കുറിച്ച് വായിക്കാം. കേന്ദ്ര മന്ത്രിസഭയുടെ പ്രധാന തീരുമാനങ്ങളും ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 'ഉഡാൻ' പദ്ധതിയുടെ പത്തുവർഷത്തെ യാത്രയും കഴിഞ്ഞ രണ്ടാഴ്ചയ്ക്കിടെ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുത്ത പൊതുപരിപാടികളുടെ അവലോകനവും ഈ പതിപ്പിന്റെ മറ്റ് സവിശേഷതകളാണ്.

അകത്തെ പേജുകളിൽ 'മൻ കി ബാത്തും' പിൻകവറിൽ ഒക്ടോബർ 21-ലെ ആസാദ് ഹിന്ദ് ഗവൺമെന്റ് സ്ഥാപക ദിനത്തോടനുബന്ധിച്ചുള്ള പ്രത്യേക ലേഖനവും വായനക്കാർക്കായി ഒരുക്കിയിട്ടുണ്ട്.

നിങ്ങളുടെ നിർദേശങ്ങളും അഭിപ്രായങ്ങളും തുടർന്നും ഞങ്ങളുമായി പങ്കുവ



(ധീരേന്ദ്ര ഓഝ)

ഹിന്ദിയിലും ഇംഗ്ലീഷിലും മറ്റ് 11 ഭാഷകളിലും ലഭ്യമാകുന്ന മാസിക വായിക്കാം/ഡൗൺലോഡ് ചെയ്യാം.

https://newindiasamachar.pib.gov.in/

എഴുത്തുപെട്ടി





'ന്യൂ ഇന്ത്യ സമാചാർ' മാഗസിൻ ഏറെ പ്രയോജനപ്രദം

ഞാൻ 'ന്യൂ ഇന്ത്യ സമാചാർ' സ്ഥിരമായി വായിക്കാറുണ്ട്. ഇന്ത്യാ ഗവൺമെന്റിന്റെ വിവിധ പദ്ധതികൾ, നയങ്ങൾ, സമകാലിക സംഭവവികാസങ്ങൾ എന്നിവയെക്കുറിച്ച് അറിയാൻ ഈ മാഗസിൻ ഏറെ പ്രയോജനപ്രദമാണെന്ന് എനിക്ക് തോന്നുന്നു. രാജ്യത്തിന്റെ പുരോഗതിയെക്കുറിച്ചുള്ള എന്റെ അറിവ് വർധിപ്പിക്കുന്നതിനൊപ്പം, ഉത്തരവാദിത്വമുള്ള പൗരനെന്ന നിലയിൽ എന്റെ പങ്ക് കൂടുതൽ മനസ്സിലാക്കാനും സജീവമായി ഇടപെടാനും ഇത് എന്നെ പ്രചോദിപ്പിക്കുന്നു.

നിവേഷ് ഗോയൽ

goyalnivesh98@gmail.com

പുതിയ ലക്കത്തിനായി ആകാംക്ഷയോടെ കാത്തിരിക്കുന്നു

'ന്യൂ ഇന്ത്യ സമാചാർ' മാഗസിൻ വായിക്കുന്നത് എനിക്ക് ഏറെ ഇഷ്ടമാണ്. ഓരോ പുതിയ ലക്കത്തിനായും ഞാൻ ആകാംക്ഷയോടെ കാത്തിരിക്കാറുണ്ട്. ഓരോ തവണ വായിക്കുമ്പോഴും ഇന്ത്യയുടെ സാംസ്കാരികവും മതപരവുമായ വൈവിധ്യത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ കഴിയുന്നു. ഇതിനൊപ്പം, ഇന്ത്യയുടെ വികസനസാധ്യതകളും മാഗസിൻ വ്യക്തമാക്കുന്നു. 'വികസിത ഇന്ത്യ 2047' എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി രാജ്യത്തെ എല്ലാ മേഖലകളിലും അതിവേഗം പുരോഗതി കൈവരിച്ചുകൊണ്ടിരിക്കുന്നതും മാഗസിനിലൂടെ മനസ്സിലാക്കാം.

shivanshchouhan397@gmail.com

നമ്മുടെ ലക്ഷ്യങ്ങളിലേക്കുള്ള യാത്രയ്ക്ക് പ്രചോദനം

'ന്യൂ ഇന്ത്യ സമാചാർ' മാഗസിൻ ആദ്യമായി ഏതാണ്ട് പൂർണമായും വായിച്ചു. ഇനി അടുത്ത ലക്കത്തിനായി കാത്തിരിക്കുകയാണ്. ഏറെ പ്രയോജനപ്രദമായ വാർത്തകളും വിവരങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രാജ്യത്തിന്റെ ലക്ഷ്യങ്ങളിലേക്കുള്ള ഒരിക്കലും അവസാനിക്കാത്ത യാത്രയെക്കുറിച്ചുള്ള ചിത്രം ഈ മാഗസിൻ നൽകുന്നു. ഇന്ത്യ എക്കാലത്തും വിജ്ഞാനത്തിന്റെ കേന്ദ്രമായിരുന്നു. എനിക്ക് ഒരു നിർദേശമുണ്ട്: സമഗ്രമായ പുരോഗതിയുടെ അടിത്തറ ശക്തിപ്പെടുത്തുന്നതിൽ കുട്ടികളുടെ വികസനം നിർണായകമാണ്. അതിനാൽ, കുട്ടികളുടെ വികസനം എന്ന വിഷയത്തിനും ഈ മാഗസിനിൽ ഇടം നൽകണം. ഈ വേദിയിലൂടെ ഭാവിയെ കൂടുതൽ സുരക്ഷിതമാക്കാൻ അത് സഹായിക്കും.

nanda.purnimaa@gmail.com

വിവിധ പദ്ധതികളുടെ വിശദമായ വിവരങ്ങൾ

'ന്യൂ ഇന്ത്യ സമാചാർ' പ്രസിദ്ധീകരണം ആരംഭിച്ചിട്ട് ഏഴ് വർഷമായി. വ്യാപകമായി വായിക്കപ്പെടുന്ന, രണ്ടാഴ്ചയിലൊരിക്കൽ പ്രസിദ്ധീകരിക്കുന്ന മാഗസിനാണിത്. വിവിധ സർക്കാർ പദ്ധതികൾ, പ്രധാന പദ്ധതികൾ, ദേശീയ വിദ്യാഭ്യാസ നയം, സുപ്രധാന നിയമപരമായ മാറ്റങ്ങൾ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ, ആഗോളതലത്തിലെ ശക്തമായ വ്യാപാരബന്ധങ്ങൾ തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ മാഗസിൻ പ്രസിദ്ധീകരിക്കുന്നു. ഈ മാഗസിൻ എന്റെ അറിവിന്റെ പരിധി കൂടുതൽ വിപുലമാക്കിയിട്ടുണ്ട്.

യോഗേശ്വർ ബുവ

buwayogesh82@gmail.com

ആശയവിനിമയത്തിനുള്ള വിലാസം: 1077–ാം നമ്പർ മുറി, സൂചന ഭവൻ, സിജിഒ സമുച്ചയം, ന്യൂഡൽഹി – 110003.

ഇ–മെയിൽ : response-nis@pib.gov.in

വാർത്തകൾ ചുരുക്കത്തിൽ

പ്രധാനമന്ത്രി വിശ്വകർമ പദ്ധതി

'ആദരം, കഴിവ്, സമൃദ്ധി' എന്നിവയുടെ മൂന്ന് വർഷങ്ങൾ 30 ലക്ഷം കരകൗശല തൊഴിലാളികൾ രജിസ്റ്റർ ചെയ്തു







രാജ്യത്തെ കരകൗശല തൊഴിലാളികൾക്ക് ആദരവും കഴിവും സമൃദ്ധിയും ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച പ്രധാനമന്ത്രി വിശ്വകർമ പദ്ധതി ആദ്യ മൂന്ന് വർഷത്തിനുള്ളിൽ തന്നെ 30 ലക്ഷത്തിലധികം കരകൗശല തൊഴിലാളികളെ രജിസ്റ്റർ ചെയ്ത് പിന്തുണ നൽകി. 2023 സെപ്റ്റംബർ 17-ന് ആരംഭിച്ച പദ്ധതിയുടെ ഭാഗമായി ഏകദേശം 24.50 ലക്ഷം പേർക്ക് അടിസ്ഥാന നൈപുണ്യ പരിശീലനം നൽകി. കൂടാതെ, ഇന്ത്യ പോസ്റ്റ് വഴി 18.15 ലക്ഷം ആധുനിക ടൂൾകിറ്റുകളും വിതരണം ചെയ്തു. പ്രധാനമന്ത്രി വിശ്വകർമ പദ്ധതിയുടെ മൂന്നാം വാർഷികത്തോടനുബന്ധിച്ച് കൊൽക്കത്തയിൽ നടന്ന പരിപാടിയിൽ കേന്ദ്ര സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭക മന്ത്രിയായ ജിതൻ റാം മാംഝി പറഞ്ഞത്, 6.18 ലക്ഷം വിശ്വകർമ ഗുണഭോക്താക്കൾക്ക് അഞ്ച് ശതമാനം ഇളവുള്ള വാർഷിക പലിശ നിരക്കിൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിച്ചിട്ടുണ്ടെന്നാണ്. ആകെ 5,297 കോടി രൂപയാണ് ഇത്തരത്തിൽ വായ്പയായി അനുവദിച്ചത്. ഈ പദ്ധതി പശ്ചിമ ബംഗാളിൽ നടപ്പിലാക്കാൻ തീരുമാനമെടുക്കുകയും, 2026 മേയിൽ സംസ്ഥാനത്ത് ഇത് നടപ്പിലാക്കുകയും ചെയ്തു; ഏഴ് ലക്ഷത്തിലധികം ആളുകളാണ് ഇതിനായി അപേക്ഷിച്ചിട്ടുള്ളത്.

'പ്രോജക്ട് ചീറ്റ'യ്ക്ക് പിന്നാലെ ഇനി 'പ്രോജക്ട് റൈനോ'

ലോകത്തിലെ കാണ്ടാമൃഗങ്ങളുടെ ഏകദേശം 80 ശതമാനവും കാണപ്പെടുന്ന രാജ്യത്തെ ഏക സംസ്ഥാനമാണ് അസം. ലോക കാണ്ടാമൃഗ ദിനത്തോടനുബന്ധിച്ച് അസമിലെ കാസിരംഗയിൽ നടക്കുന്ന വേട്ടയാടൽ വിരുദ്ധ പ്രവർത്തനങ്ങളെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിക്കുകയും രാജ്യത്തെ കാണ്ടാമൃഗ സംരക്ഷണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി 'പ്രോജക്ട് റൈനോ' പ്രഖ്യാപിക്കുകയും ചെയ്തു. 'പ്രോജക്ട് റൈനോ'യുടെ ഭാഗമായി കാണ്ടാമൃഗങ്ങൾ കാണപ്പെടുന്ന സംസ്ഥാനങ്ങൾക്ക് സാമ്പത്തികവും സാങ്കേതികവുമായ സഹായം നൽകും. കാണ്ടാമൃഗങ്ങളുടെ സുരക്ഷ ഉറപ്പാക്കൽ, ആവാസ വ്യവസ്ഥ സംരക്ഷിക്കൽ, പ്രജനനം മെച്ചപ്പെടുത്തൽ, അവയുടെ എണ്ണം നിരീക്ഷിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കായിരിക്കും പദ്ധതിയിൽ പ്രധാനമായും ശ്രദ്ധ നൽകുക. ബിഹാറിലെയും പശ്ചിമബംഗാളിലെയും ചില പ്രദേശങ്ങളിൽ കാണ്ടാമൃഗങ്ങൾ തിരിച്ചെത്തിയിട്ടുണ്ടെന്നും അവയെ മികച്ച രീതിയിൽ സംരക്ഷിച്ചുവരികയാണെന്നും പ്രധാനമന്ത്രി മോദി ചൂണ്ടിക്കാട്ടി. ഉത്തർപ്രദേശിലെ ദുധ്വയിൽ കാണ്ടാമൃഗങ്ങളെ പുനരധിവസിപ്പിക്കാനുള്ള ശ്രമങ്ങളും വിജയകരമായിട്ടുണ്ട്. വന്യജീവികളുടെ സംരക്ഷണത്തിനും മികച്ച പരിചരണത്തിനുമായി ജനങ്ങൾ തുടർന്നും നടത്തുന്ന അർപ്പണ ബോധത്തിന്റെ തെളിവുകളാണ് ഈ നേട്ടങ്ങളെന്ന് പ്രധാനമന്ത്രി പറഞ്ഞു.



വിദേശ തൊഴിലവസരങ്ങൾക്കായി ഇന്ത്യയിൽ നൈപുണ്യ വികസനം

രാജ്യത്തിനകത്ത് തൊഴിലവസരങ്ങൾ വർധിപ്പിക്കുന്നതിനൊപ്പം വിദേശരാജ്യങ്ങളിൽ ലഭ്യമായ തൊഴിലവസരങ്ങൾക്ക് അനുയോജ്യമായ നൈപുണ്യങ്ങൾ യുവാക്കൾക്ക് നൽകുന്നതിനും കേന്ദ്ര സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. നൈപുണ്യ വികസന, സംരംഭകത്വ മന്ത്രാലയം (MSDE) ഏകദേശം 20 രാജ്യങ്ങളുമായി ചേർന്ന് അവരുടെ പ്രത്യേക ആവശ്യങ്ങൾക്കനുസരിച്ചുള്ള തൊഴിൽ മേഖലകളുമായി ഇന്ത്യയിലെ നൈപുണ്യാധിഷ്ഠിത തൊഴിൽ മേഖലകളെ പൊരുത്തപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

2026 മേയിൽ നിതി ആയോഗ് പ്രസിദ്ധീകരിച്ച വർക്കിംഗ് പേപ്പർ പ്രകാരം, ഇന്ത്യയുടെ പ്രവാസി ജനസംഖ്യ 1.85 കോടി (18.5 ദശലക്ഷം) ആണ്. ഓസ്ട്രേലിയ, ഡെൻമാർക്ക്, ഫ്രാൻസ്, ജർമനി, ജപ്പാൻ, ഖത്തർ, സിംഗപ്പൂർ, യുഎഇ എന്നിവയുൾപ്പെടെ എട്ട് രാജ്യങ്ങളുമായി നൈപുണ്യ വികസനവും പരിശീലനവും സംബന്ധിച്ച സഹകരണ കരാറുകളിൽ MSDE ഒപ്പുവെച്ചിട്ടുണ്ട്. അതേസമയം, നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട പ്രത്യേക വ്യവസ്ഥകൾ ഉൾപ്പെടുത്തി വിദേശകാര്യ മന്ത്രാലയം 22 കുടിയേറ്റ, തൊഴിൽ-ചലനാത്മകത കരാറുകളിൽ ഒപ്പുവച്ചിട്ടുണ്ട്.



'മൈ ഭാരത്' പദ്ധതിയുമായി 3 കോടി യുവാക്കളെ കൂട്ടിയിണക്കി... പങ്കാളിത്തത്തിനായുള്ള ശക്തമായ പ്രതിജ്ഞാബദ്ധത

യുവജന പങ്കാളിത്തത്തിനായുള്ള ലോകത്തിലെ ഏറ്റവും വലിയ വേദികളിലൊന്നായ 'മൈ ഭാരത്' പദ്ധതിയിൽ മൂന്ന് വർഷത്തിൽ താഴെ സമയത്തിനുള്ളിൽ 3 കോടിയിലധികം യുവാക്കൾ അംഗങ്ങളായി. നേതൃപാടവം, അനുഭവാധിഷ്ഠിത പഠനം, സന്നദ്ധസേവനം, പൗരപങ്കാളിത്തം, രാഷ്ട്രനിർമാണം തുടങ്ങിയ മേഖലകളിലെ അവസരങ്ങളിൽ യുവാക്കളുടെ വർധിച്ചുവരുന്ന പങ്കാളിത്തത്തിന്റെ തെളിവാണ് ഈ നേട്ടം. 2023 ഒക്ടോബർ 31-ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് 'മൈ ഭാരത്' പദ്ധതിക്ക് തുടക്കം കുറിച്ചത്. 'വികസിത് ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗ് 2027' ഉൾപ്പെടെയുള്ള വിവിധ സംരംഭങ്ങൾ 'മൈ ഭാരത്' വേദിയിലൂടെയാണ് സംഘടിപ്പിക്കുന്നത്. ആശയങ്ങൾ, സർഗാത്മകത, നേതൃപാടവം, നൂതനാശയങ്ങൾ എന്നിവ അവതരിപ്പിക്കാൻ ഇതിലൂടെ യുവാക്കൾക്ക് അവസരം ലഭിക്കുന്നു.



ഇന്ത്യൻ വൈദ്യുതിയിൽ പ്രകാശിതമായി നേപ്പാൾ

'അയൽപക്കം ആദ്യം' എന്ന നയത്തിന്റെ ചൈതന്യം ഉൾക്കൊണ്ട്, ഇന്ത്യ ഇനി നേപ്പാളിന് പ്രതിദിനം 18 മണിക്കൂർ വൈദ്യുതി വിതരണം ചെയ്യും. രാത്രി 12 മുതൽ വൈകിട്ട് 6 വരെയായിരിക്കും വൈദ്യുതി വിതരണം. ഇന്ത്യയും നേപ്പാളും തമ്മിലുള്ള ദീർഘകാലവും ഊഷ്മളവുമായ ഊർജ സഹകരണം കൂടുതൽ ശക്തിപ്പെടുത്താൻ ഈ തീരുമാനം സഹായിക്കും.

വൈദ്യുതി മന്ത്രാലയം സെപ്റ്റംബർ 13-ന് നേപ്പാൾ ഇലക്ട്രിസിറ്റി അതോറിറ്റിയിലേക്കുള്ള വൈദ്യുതി കയറ്റുമതി ആരംഭിച്ചു. 2026 ഡിസംബർ 31 വരെ ഇത് തുടരും. 2027 ജനുവരി മുതൽ വൈദ്യുതി വിതരണം ചെയ്യേണ്ട അളവും കാലയളവും തീരുമാനിക്കുന്നതിനായി 2026 ഡിസംബറിൽ അവലോകന യോഗം ചേരും. അടുത്തിടെ നേപ്പാളിലുണ്ടായ വിനാശകരമായ പ്രളയത്തെ തുടർന്ന് രാജ്യത്തെ വൈദ്യുതി അടിസ്ഥാനസൗകര്യങ്ങൾക്ക് വലിയ നാശനഷ്ടമുണ്ടാകുകയും വൈദ്യുതി വിതരണം തടസ്സപ്പെടുകയും ചെയ്തിരുന്നു. മുസാഫർപൂർ-ധൽകേബർ 400 കെവി ഡിസി ലൈനിലൂടെ പരമാവധി 600 മെഗാവാട്ടും ടനക്പൂർ-മഹേന്ദ്രനഗർ 132 കെവി എസ്/സി ലൈനിലൂടെ പരമാവധി 54 മെഗാവാട്ടും വൈദ്യുതി വിതരണം ചെയ്യും.



ഇന്ത്യയിൽ ആദ്യമായി കർഷകർക്ക് മണ്ണിലെ കാർബണിന് പ്രതിഫലം

പരിസ്ഥിതിയെയും പ്രകൃതിവിഭവങ്ങളെയും സംരക്ഷിക്കുന്ന പുതിയ കൃഷിരീതികൾ പഞ്ചാബിലെയും ഹരിയാനയിലെയും കർഷകർ സ്വീകരിച്ചതിലൂടെ അവർക്ക് സാമ്പത്തിക നേട്ടവും ലഭിച്ചു. മണ്ണിന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി ആരംഭിച്ച ഈ സവിശേഷ പദ്ധതിയുടെ ഭാഗമായി 2,500-ലധികം കർഷകർക്ക് 3,000 രൂപ മുതൽ 15,000 രൂപ വരെ പ്രതിഫലം ലഭിച്ചു. ആകെ ഏകദേശം 2.9 കോടി രൂപയാണ് വിതരണം ചെയ്തത്. രാജ്യത്ത് ആദ്യമായി നടപ്പാക്കിയ ഈ പദ്ധതി ഇപ്പോൾ ഏഴ് സംസ്ഥാനങ്ങളിലായി ഒരു ലക്ഷത്തിലധികം കർഷകരിലേക്കും 20 ലക്ഷത്തിലധികം ഏക്കർ കൃഷിഭൂമിയിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്.

ലുധിയാനയിലെ പഞ്ചാബ് കാർഷിക സർവകലാശാലയിൽ നടന്ന പരിപാടിയിലാണ് ആദ്യഘട്ട പ്രതിഫല വിതരണം നടന്നത്. 2019-ൽ 'ഗ്രോ ഇൻ ഡിഗോ' ആരംഭിച്ച 'ആദി' കാർബൺ പദ്ധതിയിലൂടെയാണ് കർഷകർക്ക് ഈ പ്രതിഫലം ലഭിക്കുന്നത്. 2019 മുതൽ 2022 വരെയുള്ള കാലയളവിൽ കർഷകർ ഡയറക്ട് സീഡഡ് റൈസ് (DSR), കുറഞ്ഞ തോതിലുള്ള നിലമൊരുക്കൽ, വിളകളുടെ അവശിഷ്ടങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യൽ തുടങ്ങിയ രീതികൾ സ്വീകരിച്ചു. പദ്ധതിയുടെ കണക്കുകൾ പ്രകാരം, ഈ രീതികൾ 45 ബില്യൺ ലിറ്റർ വെള്ളം ലാഭിക്കുകയും 2 ലക്ഷം ടണ്ണിലധികം വിളാവശിഷ്ടങ്ങൾ കത്തിക്കുന്നത് തടയുകയും ചെയ്തു. കൂടാതെ, ആരോഗ്യത്തിന് ഹാനികരമായ PM2.5 കണങ്ങളുടെ വായുമലിനീകരണത്തിലേക്കുള്ള പുറന്തള്ളൽ ഏകദേശം 1,000 ടൺ കുറയ്ക്കാനും സാധിച്ചു.



കൊമരം ഭീം

"ജൽ, ജംഗൾ, സമീൻ" എന്ന മുദ്രാവാക്യം ഉയർത്തിയ ഗോത്ര യോദ്ധാവ്



ജനനം: 1901 ഒക്ടോബർ 22
മരണം: 1940 ഒക്ടോബർ 8

ധൈര്യത്തിന്റെയും ത്യാഗത്തിന്റെയും പ്രതീകമായാണ് കൊമരം ഭീം ഓർക്കപ്പെടുന്നത്. "ജൽ, ജംഗൾ, സമീൻ" എന്ന മുദ്രാവാക്യം ആദ്യമായി ഉയർത്തിയ നിർഭയനായ ഗോത്ര യോദ്ധാവായിരുന്നു അദ്ദേഹം. ഹൈദരാബാദ് നിസാമിനും ബ്രിട്ടീഷ് ഭരണത്തിനുമെതിരെ ഒറ്റയ്ക്ക് പോരാടിയ അദ്ദേഹം ഗറില്ലാ യുദ്ധത്തിലൂടെയാണ് ചെറുത്തുനിന്നത്. ഗോണ്ട് സമൂഹം കൊമരം ഭീമിനെ ഏതാണ്ട് ദൈവതുല്യനായാണ് ആരാധിക്കുന്നത്. കലാപത്തിന്റെയും പ്രതിരോധത്തിന്റെയും പ്രതീകമായ ഭീം ലക്ഷക്കണക്കിന് ജനങ്ങളുടെ ഹൃദയങ്ങളിൽ മായാത്ത മുദ്ര പതിപ്പിച്ചു.

സ്വേച്ഛാധിപത്യത്തിനും ചൂഷണത്തിനുമെതിരെ ജീവിതകാലം മുഴുവൻ പോരാടിയ കൊമരം ഭീമിനെ ഇന്നും ഗോത്ര സമൂഹം ദൈവതുല്യമായി ആരാധിക്കുന്നു. 1901 ഒക്ടോബർ 22-ന് ഇന്നത്തെ തെലങ്കാനയിലെ കൊമരം ഭീം ജില്ലയിൽ ഉൾപ്പെടുന്ന സങ്കേപ്പള്ളി ഗ്രാമത്തിലെ ഒരു ഗോണ്ട് ഗോത്ര കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. നിസാമിന്റെയും ബ്രിട്ടീഷുകാരുടെയും അടിച്ചമർത്തൽ ഭരണത്തിനെതിരെ അദ്ദേഹം നിരന്തരമായ പോരാട്ടം നടത്തി.


ഒരു ജമീന്ദാറിന്റെ ക്രൂരതകൾക്കെതിരെ പ്രതികരിച്ചതിനെ തുടർന്ന് സ്വന്തം ഗ്രാമം വിട്ടുപോകേണ്ടിവന്ന അദ്ദേഹം ഒടുവിൽ അസമിലെ തേയിലത്തോട്ടങ്ങളിൽ എത്തി. അവിടെ തേയിലത്തൊഴിലാളികൾ അനുഭവിക്കുന്ന ദുരിതങ്ങൾ അദ്ദേഹം നേരിൽ കണ്ടു. ചുറ്റുപാടുകളിൽ നടന്നുകൊണ്ടിരുന്ന വിവിധ പ്രസ്ഥാനങ്ങളിൽനിന്ന് അദ്ദേഹത്തിന് പ്രചോദനം ലഭിച്ചു. വായിക്കാനും എഴുതാനും അദ്ദേഹം പഠിച്ചു. അനീതിക്കെതിരായ ഏറ്റവും ശക്തമായ ആയുധം സംഘടിതമായ പോരാട്ടമാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. സ്വന്തം ജനങ്ങളെ ഒന്നിപ്പിക്കുകയും അവരെ ഉണർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് അദ്ദേഹം നാട്ടിലേക്ക് തിരിച്ചെത്തിയത്.

1926 മുതൽ 1940 വരെ നിസാം ഭരണത്തിനെതിരെ ഭീം തുടർച്ചയായ ഗറില്ലാ പോരാട്ടത്തിന് നേതൃത്വം നൽകി. കാടുകളിൽ അദ്ദേഹം ഒരു ഗറില്ലാ സേന രൂപീകരിച്ചു. വില്ല്, അമ്പ്, കുന്തം തുടങ്ങിയ പരമ്പരാഗത ആയുധങ്ങൾ മാത്രമായിരുന്നു പോരാളികളുടെ പ്രധാന ആയുധങ്ങൾ. എന്നിട്ടും ആധുനിക ആയുധങ്ങളാൽ സജ്ജമായ നിസാമിന്റെ സേനയെ അവർ ശക്തമായി വെല്ലുവിളിച്ചു. ഭീം ഗ്രാമങ്ങളിൽ നിന്ന് ഗ്രാമങ്ങളിലേക്ക് സഞ്ചരിച്ച് ജനങ്ങളെ അണിനിരത്തുകയും നിസാമിന്റെ ഭരണകൂടം നടത്തുന്ന അതിക്രമങ്ങൾക്കെതിരെ അവരെ സംഘടിപ്പിക്കുകയും ചെയ്തു. നികുതി പിരിക്കാൻ സൈനികർ ഗ്രാമങ്ങളിലെത്തിയ പല അവസരങ്ങളിലും ഭീമും സംഘവും അവരെ തുരത്തിയോടിച്ചു.

അല്ലൂരി സീതാരാമ രാജുവിൽനിന്ന് കൊമരം ഭീം ആഴത്തിൽ സ്വാധീനം ഉൾക്കൊണ്ടിരുന്നതായി കരുതപ്പെടുന്നു. രാജ്യത്തിനും ജനങ്ങൾക്കും വേണ്ടി പോരാടുന്നതിനിടെ 1940 ഒക്ടോബർ 8-ന് - അശ്വിനി പൗർണമി ദിനത്തിൽ - നിസാമിന്റെ സൈന്യം നടത്തിയ വഞ്ചനാപരമായ നീക്കത്തിലൂടെ നടന്ന ശക്തമായ ഏറ്റുമുട്ടലിൽ അദ്ദേഹം കൊല്ലപ്പെട്ടു. 2016-ൽ ആസിഫാബാദ് ജില്ലയുടെ പേര് കൊമരം ഭീം ആസിഫാബാദ് ജില്ല എന്നാക്കി മാറ്റി. ഇവിടെ അദ്ദേഹത്തിന്റെ സ്മാരകവും കൊമരം ഭീം മ്യൂസിയവും സ്ഥാപിച്ചിട്ടുണ്ട്. ഗോണ്ട് സമൂഹം എല്ലാ വർഷവും അശ്വയുജ പൗർണമി ദിനത്തിലാണ് അദ്ദേഹത്തിന്റെ ചരമവാർഷികം ആചരിക്കുന്നത്. ഈ അവസരത്തിൽ ജോഡേഘാട്ടിൽ പ്രത്യേക പരിപാടിയും സംഘടിപ്പിക്കാറുണ്ട്. 1940-ൽ കൊമരം ഭീം വീരമൃത്യു വരിച്ച സ്ഥലമാണിത്.

2025 ഒക്ടോബർ 26-ന് സംപ്രേഷണം ചെയ്ത 'മൻ കി ബാത്ത്' 127-ാം എപ്പിസോഡിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി കൊമരം ഭീമിനെ അനുസ്മരിച്ച് ആദരാഞ്ജലി അർപ്പിച്ചു. പ്രധാനമന്ത്രി പറഞ്ഞതിങ്ങനെ: "ഞാൻ പറയാൻ പോകുന്ന മഹദ് വ്യക്തിത്വം കൊമരം ഭീമാണ്. അദ്ദേഹത്തിന്റെ ജന്മവാർഷികം ഒക്ടോബർ 22-ന് ആചരിച്ചു. കൊമരം ഭീമിന് ദീർഘമായൊരു ജീവിതം ലഭിച്ചില്ല. വെറും 40 വർഷമാണ് അദ്ദേഹം ജീവിച്ചത്. എന്നാൽ ആ ജീവിതകാലത്തിനിടെ, പ്രത്യേകിച്ച് ഗോത്ര സമൂഹമുൾപ്പെടെ എണ്ണമറ്റ ജനങ്ങളുടെ ഹൃദയങ്ങളിൽ അദ്ദേഹം മായാത്ത മുദ്ര പതിപ്പിച്ചു. നിസാമിനെതിരെ പോരാടിയിരുന്നവരിൽ അദ്ദേഹം പുതിയ ശക്തി പകർന്നു. നിസാമിന്റെ ഭരണത്തിന് വലിയ വെല്ലുവിളിയായി അദ്ദേഹം മാറി. 1940-ൽ നിസാമിന്റെ ആളുകളാൽ അദ്ദേഹം കൊല്ലപ്പെട്ടു. അദ്ദേഹത്തെക്കുറിച്ച് പരമാവധി പഠിക്കാൻ രാജ്യത്തെ യുവാക്കളോട് ഞാൻ അഭ്യർഥിക്കുന്നു." അദ്ദേഹം തുടർന്നു പറഞ്ഞു: "കൊമരം ഭീം-കി... നമ്ര ശ്രദ്ധാഞ്ജലി. അയൻ പ്രജല ഹൃദയാല്ലോ... അപ്പടിക്കി നിലിച്ചിവുണ്ടാർ." ഇതിന്റെ അർഥം: "കൊമരം ഭീംജിക്ക് എന്റെ വിനീതമായ ആദരാഞ്ജലി. അദ്ദേഹം എന്നും ജനങ്ങളുടെ ഹൃദയങ്ങളിൽ ജീവിക്കും.'

"നിശ്ചയദാർഢ്യത്തിന്റെയും ലാളിത്യത്തിന്റെയും ശ്രദ്ധേയമായ സംയോജനമായിരുന്നു ശ്രീ അശോക് സിംഗാളിന്റെ വ്യക്തിത്വം"



നരേന്ദ്ര മോദി
പ്രധാനമന്ത്രി

സെപ്റ്റംബർ 27 – ന് അശോക് സിംഗാളിന്റെ ജന്മവാർഷികത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അദ്ദേഹത്തിന് പ്രണാമമർപ്പിച്ചു. അദ്ദേഹത്തിന്റെ ഉറച്ച വിശ്വാസം, ലാളിത്യം, സാമൂഹിക ഐക്യത്തോടുള്ള അചഞ്ചലമായ അർപ്പണബോധം എന്നിവ പ്രധാനമന്ത്രി അനുസ്മരിച്ചു. ഇക്കൊല്ലം അശോക് സിംഗാളിന്റെ ജന്മശതാബ്ദി വർഷത്തിന്റെ തുടക്കം കൂടിയാണ്. ഈ അവസരത്തിൽ, സിംഗാളിന്റെ ജീവിതത്തെയും ആദർശങ്ങളെയും കുറിച്ചുള്ള ഒരു ലേഖനം പങ്കുവെച്ചതിനൊപ്പം, അദ്ദേഹത്തിന്റെ അക്ഷീണമായ സംഘടനാ പ്രവർത്തനങ്ങളെയും പ്രധാനമന്ത്രി അനുസ്മരിച്ചു.

മനോഹരമായ ഒരു ചൊല്ലുണ്ട്, **"वृक्ष कबहुँ नहिं फल भखै, नदी न संचै नीर। परमारथ के कारने, साधुन धरा शरीर।"** ഇതിനർത്ഥം വൃക്ഷം ഒരിക്കലും സ്വന്തം ഫലം ഭക്ഷിക്കുന്നില്ല, നദി അതിന്റെ ജലം സൂക്ഷിച്ചുവെയ്ക്കുന്നുമില്ല എന്നാണ്. ഇവ രണ്ടും മറ്റുള്ളവരുടെ നന്മയ്ക്കായി നിലകൊള്ളുന്നു. നമുക്ക് ചുറ്റുമുള്ളവരുടെ ക്ഷേമത്തിനായി സമർപ്പിക്കപ്പെട്ട ജീവിതത്തിന് വ്യക്തിഗത നേട്ടങ്ങളേക്കാൾ വളരെ വലിയ ഒരു അർത്ഥമുണ്ടെന്ന് സന്യാസിമാരും ഋഷിമാരും പണ്ട് മുതലേ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ഈ മനോഭാവം നിരന്തരം പ്രതിഫലിച്ച ഒരാളുണ്ടെങ്കിൽ, അത് ശ്രീ അശോക് സിംഗാൾ ജിയാണ്.

ആത്മീയ അന്വേഷണവും സാംസ്കാരിക ഉണർവും പതിറ്റാണ്ടുകളുടെ സമർപ്പിത സംഘാടന പ്രവർത്തനങ്ങളും സമന്വയിപ്പിച്ച മികച്ച ഒരു വ്യക്തിത്വത്തെ ആഘോഷിക്കുന്നതിനായി നമ്മൾ അദ്ദേഹത്തിന്റെ ജന്മശതാബ്ദി സെപ്റ്റംബർ 27 മുതൽ ആചരിക്കുകയാണ്.

അശോക് ജി യുമായി ഇടപഴകാനും അദ്ദേഹത്തിന്റെ സ്നേഹം അനുഭവിക്കാനും എണ്ണമറ്റ അവസരങ്ങൾ ലഭിച്ചതിനെ ഞാൻ ഒരു ഭാഗ്യമായി കരുതുന്നു. ഇതിൽ ഏറ്റവും ആദ്യത്തെ സംഭവം 1981-ലേതാണ്; അന്ന് ഞാൻ എന്നിൽ നിയോഗിക്കപ്പെട്ട സംഘാടന ചുമതലകൾ നിർവ്വഹിക്കുന്ന ഒരു യുവ കാര്യകർത്താവായിരുന്നു. എനിക്ക് അദ്ദേഹത്തിൽ നിന്ന് സ്വന്തം കൈപ്പടയിലെഴുതിയ ഒരു കത്ത് ലഭിച്ചു. സ്വാഭാവികമായും, അതെന്നെ സംബന്ധിച്ചിടത്തോളം ശ്രദ്ധേയമായ ഒരു നിമിഷമായിരുന്നു. വരാനിരിക്കുന്ന ഒരു പ്രധാന പരിപാടിയെക്കുറിച്ച് അദ്ദേഹം സംസാരിക്കുകയും ചെയ്യേണ്ട ചില കാര്യങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു.

പതിറ്റാണ്ടുകളായി അദ്ദേഹം രാപ്പകലില്ലാതെ അധ്വാനിക്കുന്നത് ഞാൻ കണ്ടു. ഏറ്റവും വിദൂര പ്രദേശങ്ങളിലേക്ക് പോലും അദ്ദേഹം ദീർഘവും പലപ്പോഴും ബുദ്ധിമുട്ടുള്ളതുമായ യാത്രകൾ നടത്തുമായിരുന്നു. ഗുജറാത്തിലെ ആദിവാസി മേഖലകളിലൂടെ യാത്ര ചെയ്യുന്നതിൽ അദ്ദേഹത്തിന് പ്രത്യേക താല്പര്യമുണ്ടായിരുന്നു. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവർക്കുവേണ്ടി ഇനിയെന്തൊക്കെ ചെയ്യാം എന്ന് ചിന്തിച്ചുകൊണ്ട് അദ്ദേഹത്തിന്റെ മനസ്സ് നിരന്തരം പ്രവർത്തിച്ചുകൊണ്ടിരുന്നു. രാജ്യത്തിന്റെ ഏതെങ്കിലും ഭാഗത്ത് പ്രകൃതിദുരന്തം ഉണ്ടാകുമ്പോഴെല്ലാം, ദുരിതബാധിതരെ സഹായിക്കാൻ ആദ്യം എത്തുന്നവരിലോ അല്ലെങ്കിൽ കാര്യകർത്താക്കളെ അതിനായി നയിക്കുന്നവരിലോ ഒരാളായി അശോക് ജി എപ്പോഴും ഉണ്ടായിരുന്നു.

അശോക് ജിയുമായി ഇടപഴകാനും അദ്ദേഹത്തിന്റെ സ്നേഹത്തിന് പത്രമാകാനും അനേകം അവസരങ്ങൾ ലഭിച്ചത് വലിയ ഭാഗ്യമായി ഞാൻ കരുതുന്നു.

പ്രധാനമന്ത്രിയുടെ ലേഖനം വായിക്കുന്നതിനായി ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക.



പ്രയാഗ്‌രാജിൽ വളർന്ന അശോക് ജി, സംഗമതീരത്ത് മണിക്കൂറുകളോളം ഇരിക്കാറുണ്ടായിരുന്നു. ആ നദിയോട് അദ്ദേഹത്തിന് സ്വാഭാവികമായ ആത്മബന്ധമുണ്ടായിരുന്നു; ഒപ്പം അവിടം സന്ദർശിച്ചിരുന്ന സന്യാസിമാരുമായും ഋഷിമാരുമായും തീർത്ഥാടകരുമായും അദ്ദേഹം ഊഷ്മളവും ആഴത്തിലുള്ളതുമായ ബന്ധം സൂക്ഷിക്കുകയും ചെയ്തിരുന്നു.

2001-ലെ കച്ച് ഭൂകമ്പത്തെത്തുടർന്ന് അദ്ദേഹത്തോടൊപ്പമുള്ള എന്റെ സ്വന്തം അനുഭവം ഒരിക്കലും മറക്കാനാവാത്തതാണ്. കരുണയുടെയും മറ്റുള്ളവരോടുള്ള കരുതലിന്റെയും ഈ മനോഭാവം അശോക് ജിയുടെ ജീവിതത്തിൽ വളരെ ചെറുപ്പത്തിൽ തന്നെ രൂപപ്പെട്ടുവന്ന ഒന്നാണ്. ഉന്നതമായ പാരമ്പര്യവും സമൃദ്ധവുമായ ഒരു കുടുംബത്തിലായിരുന്നു അദ്ദേഹം ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവ് ശ്രീ മഹാവീർ ജി പ്രഗത്ഭനായ ഒരു ഭരണാധികാരിയായിരുന്നു. സഹോദരന്മാരിൽ ഒരാളായ ശ്രീ ബി. പി. സിംഗാൾ ജി ഐ.പി.എസ് ഉദ്യോഗസ്ഥനും പിന്നീട് പാർലമെന്റ് അംഗവുമായി മാറി. മറ്റൊരു സഹോദരനായ ശ്രീ വി. പി. സിംഗാൾ ജി ത്രിപുര സംസ്ഥാനം രൂപീകൃതമായ സമയത്ത് അവിടുത്തെ ചീഫ് സെക്രട്ടറിയായിരുന്നു. കുടുംബത്തിലെ മറ്റു പലരും വാണിജ്യ-കാർഷിക മേഖലകളിൽ വിജയം കൈവരിച്ചു. എന്നാൽ ചെറുപ്പം മുതലേ അശോക് ജി ആകൃഷ്ടനായത് തികച്ചും വ്യത്യസ്തമായ ഒന്നിലേക്കായിരുന്നു... ഭാരതത്തിന്റെ പുനരുജ്ജീവനത്തിലേക്കും മാതൃഭൂമിയുടെ മക്കൾക്ക് പ്രതാപം വീണ്ടെടുക്കുന്നതിലേക്കും.

പ്രയാഗ്‌രാജിൽ വളർന്ന അശോക് ജി, സംഗമതീരത്ത് മണിക്കൂറുകളോളം ഇരിക്കാറുണ്ടായിരുന്നു. ആ നദിയോട് അദ്ദേഹത്തിന് സ്വാഭാവികമായ താല്പര്യമുണ്ടായിരുന്നു; ഒപ്പം അവിടെ എത്തിയിരുന്ന സന്യാസിമാർ, ഋഷിമാർ, ഭക്തജനങ്ങൾ എന്നിവരോടും അദ്ദേഹം അത്രയും തന്നെ അടുപ്പം പുലർത്തി. ഇത് ഇന്ത്യയുടെ സാംസ്കാരിക സത്തയെക്കുറിച്ചുള്ള ധാരണ വളർത്തുകയും സമൂഹത്തിന് വേണ്ടി എന്തെങ്കിലും ചെയ്യണമെന്ന അദ്ദേഹത്തിന്റെ ലക്ഷ്യത്തെ ദൃഢമാക്കുകയും ചെയ്തു. മറ്റുള്ളവർക്ക് വേണ്ടി ജീവിക്കണമെന്ന ഈ ആഗ്രഹമാണ് അദ്ദേഹത്തെ ആർ.എസ്.എസ്സിലേക്ക് ആകർഷിച്ചത്. തനിക്ക് ലഭിച്ച ഓരോ ഉത്തരവാദിത്തവും ആവേശത്തോടും അച്ചടക്കത്തോടും കർത്തവ്യബോധത്തോടും കൂടി അദ്ദേഹം ഏറ്റെടുത്തു.

ശ്രീ അശോക് സിംഗാൾ ജി തളരാത്ത പ്രയത്നത്തിലൂടെയും കഠിനാധ്വാനത്തിലൂടെയും സ്ഥാപനങ്ങളെയും പ്രസ്ഥാനങ്ങളെയും പരിപോഷിപ്പിക്കുകയും ചെയ്തു. ഗാംഭീര്യമുള്ള ശബ്ദവും സദസ്സിനെയാകെ മന്ത്രമുഗ്ധരാക്കാൻ കഴിയുന്ന പ്രസംഗപാടവവും അദ്ദേഹത്തിന്റെ സവിശേഷതകളായിരുന്നു. സഹപ്രവർത്തകരായ കാര്യകർത്താക്കളോട് അദ്ദേഹത്തിനുണ്ടായിരുന്ന കരുതലായിരുന്നു ശ്രദ്ധേയമായ മറ്റൊന്ന് അദ്ദേഹവുമായി ഇടപഴകുന്ന ആർക്കും അദ്ദേഹത്തിന്റെ അസാധാരണമായ ലാളിത്യം കണ്ട് അത്ഭുതപ്പെടാതിരിക്കാൻ കഴിയുമായിരുന്നില്ല. സന്ത് സമാജവുമായി ആഴത്തിലുള്ള ബന്ധം പുലർത്തിയ അദ്ദേഹം, രാജ്യത്തുടനീളമുള്ള സന്യാസിമാരുടെയും ഋഷിമാരുടെയും ഇടയിൽ വലിയ ആദരവ് നേടിയിരുന്നു. അവർ അദ്ദേഹത്തിന്റെ ഉപദേശങ്ങളെ വിലമതിക്കുകയും വലിയ ബഹുമാനത്തോടെ അത് കേൾക്കുകയും ചെയ്തിരുന്നു.

ശ്രീ അശോക് സിംഗാൾ ജിയുടെ മഹത്തായ വ്യക്തിത്വം വെളിവാക്കുന്ന രണ്ട് സന്ദർഭങ്ങൾ എന്റെ ഓർമ്മയിൽ വരുന്നു. ആദ്യത്തേത് 1993-ലായിരുന്നു; സ്വാമി വിവേകാനന്ദന്റെ ചിക്കാഗോ പ്രസംഗത്തിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് വിശ്വഹിന്ദു പരിഷത്ത് അമേരിക്കയിൽ ഒരു സമ്മേളനം സംഘടിപ്പിച്ച സമയത്തായിരുന്നു അത്.





ഇന്ന് അയോധ്യയിൽ പ്രൗഢമായ രാമക്ഷേത്രം ഉയർന്നുനിൽക്കുന്നുണ്ടെങ്കിൽ, അത് യാഥാർഥ്യമാക്കാൻ നിസ്വാർഥമായി പ്രവർത്തിച്ച അദ്ദേഹത്തെപ്പോലുള്ള പ്രമുഖരുടെ സമർപ്പണവും പരിശ്രമവുമാണ് അതിന് പിന്നിൽ.

രണ്ടാമത്തെ സംഭവം 2000-മാണ്ടിലേതാണ്. ട്രിനിഡാഡ് ആന്റ് ടൊബാഗോയിലെ പോർട്ട് ഓഫ് സ്പെയിനിൽ ലോക ഹിന്ദു സമ്മേളനം സംഘടിപ്പിക്കപ്പെടുകയുണ്ടായി. അദ്ദേഹത്തിന്റെ സാന്നിധ്യം മറ്റ് പ്രതിനിധികളിൽ എത്രത്തോളം ആവേശം നിറച്ചുവെന്ന് എനിക്ക് നേരിട്ട് കാണാൻ സാധിച്ചു. എന്റെ പ്രസംഗത്തിനു ശേഷം അദ്ദേഹം എന്നെ അഭിനന്ദിച്ച് പറഞ്ഞ വാക്കുകൾ തികച്ചും വൈകാരികമായ ഒരു അനുഭവമായിരുന്നു. അദ്ദേഹത്തിന്റെ പ്രോത്സാഹനം ഓരോ പ്രവർത്തകന്റെയും ഉള്ളിൽ എത്ര വലിയ ആവേശമാണ് പകർന്നുനൽകിയതെന്ന് എനിക്ക് ഒരിക്കൽ കൂടി കാണാൻ കഴിഞ്ഞു.

രാമജന്മഭൂമി പ്രസ്ഥാനത്തിൽ അദ്ദേഹം വഹിച്ച നിർണ്ണായക പങ്ക് അനുസ്മരിക്കാതെ ശ്രീ അശോക് സിംഗാൾ ജിയെക്കുറിച്ചുള്ള ഒരു പരാമർശവും പൂർണ്ണമാകില്ല. 1991-ൽ ബോട്ട് ക്ലബ് റാലിയിൽ അദ്ദേഹം നടത്തിയ പ്രസംഗം ആർക്കാണ് മറക്കാൻ കഴിയുക? അല്ലെങ്കിൽ പ്രസ്ഥാനം അതിന്റെ ഉച്ചസ്ഥായിയിലായിരുന്നപ്പോൾ പരിക്കേറ്റ് രക്തം വാർന്നൊലിക്കുന്ന നിലയിലുള്ള അദ്ദേഹത്തിന്റെ ചരിത്ര ചിത്രത്തെ! ഇന്ന് അയോധ്യയിൽ പ്രൗഢഗംഭീരമായ ഒരു രാമക്ഷേത്രം ഉണ്ടെങ്കിൽ, അത് സാധ്യമാക്കാനായി സ്വയം സമർപ്പിച്ച് പ്രവർത്തിച്ച അദ്ദേഹത്തെപ്പോലുള്ള പ്രമുഖർ കാരണമാണ്. അയോധ്യയിൽ പൂർത്തിയായ രാമക്ഷേത്രം കാണുമ്പോൾ ഏറ്റവും കൂടുതൽ സന്തോഷിക്കുന്ന വ്യക്തി അദ്ദേഹമായിരിക്കും.

ശ്രീ അശോക് സിംഗാൾ ജി ചിന്താ വ്യക്തതയാൽ അനുഗ്രഹീതനായ വ്യക്തിയായിരുന്നു. അത് ഏറ്റവും കൂടുതൽ പ്രകടമായത് നമ്മുടെ സമൂഹം സൗഹാർദ്ദപരമായിരിക്കണമെന്നും, സഹോദരഭാവത്തിന്റെ സന്ദേശം വീണ്ടും ഊട്ടിയുറപ്പിക്കപ്പെടണമെന്നുമുള്ള അദ്ദേഹത്തിന്റെ വിശ്വാസത്തിലായിരുന്നു. സാമുദായിക ഐക്യവും സമത്വവും ശക്തിപ്പെടുത്തുന്നതിനായി അദ്ദേഹം പ്രവർത്തിച്ചു. സമൂഹത്തിൽ യാതൊരുവിധ വേർതിരിവുകളും പാടില്ലെന്നും ഓരോ വ്യക്തിയും തുല്യ അന്തസ്സിനും ആദരവിനും അർഹരാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. അയോധ്യയിലെ രാമക്ഷേത്രത്തിന്റെ ആദ്യ തറക്കല്ലിടുന്നത് സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ട വിഭാഗത്തിലെ, ബിഹാറിൽ നിന്നുള്ള താഴെത്തട്ടിലെ വി.എച്ച്.പി പ്രവർത്തകനായ ശ്രീ കാമേശ്വർ ചൗപാൽ ജി ആയിരിക്കണം എന്നത് അദ്ദേഹത്തിന്റെ ആശയമായിരുന്നു. കാശിയിൽ നടന്ന ഒരു ധർമ്മസൻസദിൽ വെച്ച് ഡോം രാജയെ ആദരിക്കാൻ അദ്ദേഹം തീരുമാനിക്കുകയും, വിവിധ സാമൂഹിക പ്രവർത്തനങ്ങളുടെ ഭാഗമായി അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കുകയും ചെയ്തു.

രാഷ്ട്രനിർമ്മാണത്തിന് ഉപരിയായി, ശ്രീ അശോക് സിംഗാൾ ജിയുടെ ഹൃദയത്തോട് ചേർന്നുനിന്ന രണ്ട് മേഖലകളായിരുന്നു വിദ്യാഭ്യാസവും (പ്രത്യേകിച്ച് വേദ വിദ്യാഭ്യാസം) സംഗീതവും. വാരാണസിയിൽ നിന്നുള്ള പാർലമെന്റ് അംഗം എന്ന നിലയിൽ, ഞാൻ പ്രതിനിധീകരിക്കുന്ന, നിത്യനഗരമായ കാശിക്ക് ശ്രീ അശോക് സിംഗാൾ ജിയുടെ ജീവിതത്തിൽ സ്വാധീനം ചെലുത്താൻ കഴിഞ്ഞതിൽ ഞാൻ വളരെയധികം അഭിമാനിക്കുന്നു. ബനാറസ് ഹിന്ദു സർവകലാശാലയിൽ (BHU) ഉന്നത വിദ്യാഭ്യാസം നേടിയ അദ്ദേഹം മികച്ചൊരു വിദ്യാർത്ഥിയായും അറിയപ്പെട്ടിരുന്നു. വിദൂര ഗ്രാമങ്ങളിലേക്ക്, പ്രത്യേകിച്ച് ആദിവാസി മേഖലകളിലേക്ക് അടിസ്ഥാന വിദ്യാഭ്യാസം എത്തിക്കാൻ പ്രവർത്തിച്ച 'ഏകൽ വിദ്യാലയ' പദ്ധതിയുമായി അദ്ദേഹം അടുത്ത ബന്ധം പുലർത്തിയിരുന്നു. വായനയിൽ അതീവ താല്പര്യമുണ്ടായിരുന്ന അദ്ദേഹം കാര്യങ്ങൾ ശ്രദ്ധയോടെ കേൾക്കുന്നതിലും മിടുക്കനായിരുന്നു; ചെറുപ്പക്കാരായ പ്രവർത്തകരോട് കഴിയുന്നത്ര വായിക്കാൻ അദ്ദേഹം എപ്പോഴും പറയുമായിരുന്നു.

അശോക് ജിയെ അടുത്തറിയാവുന്നവർക്ക് അദ്ദേഹം എത്ര നന്നായി പാടുമായിരുന്നു എന്ന് അറിയാമായിരുന്നു! നാഗ്പൂരിൽ നടന്ന യോഗങ്ങൾ ഞാൻ ഓർക്കുന്നു; അവിടെ അദ്ദേഹം 'ഏകൽ ഗീത്' (Ekal Geet) പാടി എല്ലാവരെയും മന്ത്രമുഗ്ദ്ധരാക്കുകയും യോഗത്തിന് അനുയോജ്യമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുമായിരുന്നു. 2015-ൽ തന്റെ 90-ാം ജന്മദിനാഘോഷവേളയിൽ എല്ലാവരെയും അത്ഭുതപ്പെടുത്തിക്കൊണ്ട് **"हे मातृभूमि मेरी, हे पितृभूमि मेरी"** എന്ന് അദ്ദേഹം പാടുന്ന ഒരു വീഡിയോ സമൂഹമാധ്യമങ്ങളിൽ തരംഗമായിരുന്നു

ജന്മശതാബ്ദി വേളയിൽ, അദ്ദേഹത്തിന്റെ മഹത്വത്തെക്കുറിച്ച് കൂടുതൽ യുവാക്കൾ അറിയുന്നുണ്ടെന്ന് നമുക്ക് ഉറപ്പാക്കാം. ഒപ്പം നമ്മുടെ രാഷ്ട്രത്തിനും ജനങ്ങൾക്കും വേണ്ടിയുള്ള അദ്ദേഹത്തിന്റെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനുള്ള നമ്മുടെ പ്രതിജ്ഞ പുതുക്കാം.

ദേശീയ ഏകതാ ദിന പ്രത്യേക പതിപ്പ്

കവർ സ്റ്റോറി

ഏക ഭാരതം-ശ്രേഷ്ഠ ഭാരതം

സാംസ്കാരിക ഏകീകരണം മുതൽ സംവിധാനങ്ങളുടെ ഏകീകരണം വരെ



ഒരു രാഷ്ട്രത്തിന്റെയും സമൂഹത്തിന്റെയും അഭിവൃദ്ധിക്ക് ആധാരമായ ശക്തമായ അടിത്തറയാണ് ഐക്യം. ഐക്യമുണ്ടാകുമ്പോൾ, രാഷ്ട്രത്തിന്റെ അഖണ്ഡത സുരക്ഷിതമായി നിലകൊള്ളുന്നു. വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രധാന താക്കോലാണ് ഐക്യം. സർദാർ പട്ടേലിന്റെ ജന്മവാർഷിക ദിനമായ 2015 ഒക്ടോബർ 31-ന് കെവാഡിയയിലെ പുണ്യഭൂമിയിൽ നിന്നാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി 'ഏക ഭാരതം-ശ്രേഷ്ഠ ഭാരതം' പദ്ധതിക്ക് തുടക്കം കുറിച്ചത്. ഭാഷ, സംസ്കാരം, പാരമ്പര്യങ്ങൾ എന്നിവയുടെ വിനിമയം എളുപ്പമാക്കാനുള്ള ഒരു ശ്രമമായി തുടക്കമിട്ട ഈ പദ്ധതി, കഴിഞ്ഞ ദശകത്തിൽ ഭരണനിർവ്വഹണത്തിന്റെ ആത്മാവായി മാറി. 550-ലധികം നാട്ടുരാജ്യങ്ങളെ ഒന്നിച്ചുചേർക്കാൻ സർദാർ പട്ടേലിന് പ്രചോദനമായ അതേ ദീർഘവീക്ഷണമാണ് ഇന്ന് നികുതി, റേഷൻ വിതരണം, പെൻഷൻ, ഭരണഘടന, പരീക്ഷകൾ, ഗവേഷണം എന്നിവയുൾപ്പെടെ ഡസൻ കണക്കിന് "ഒരു രാജ്യം, ഒരു സംവിധാനം" പദ്ധതികൾക്ക് അടിത്തറയായി വർത്തിക്കുന്നത്.

ഈ ഒക്ടോബർ 31-ന്, ദേശീയ ഏകതാ ദിനത്തോടനുബന്ധിച്ച്, സർദാർ പട്ടേലിന്റെ 150-ാം ജന്മവാർഷികത്തിന്റെ ഭാഗമായുള്ള രണ്ടു വർഷം നീണ്ടുനിൽക്കുന്ന ദേശീയ ആഘോഷപരിപാടികൾക്ക് രാജ്യം തുടക്കം കുറിക്കുകയാണ്. സാംസ്കാരിക ഐക്യത്തിൽ അധിഷ്ഠിതമായ 'ഏക് ഭാരത്-ശ്രേഷ്ഠ ഭാരത്' എന്ന മന്ത്രം, നയരൂപീകരണത്തിന്റെയും പൗരന്മാരുടെ ജീവിതസൗകര്യം മെച്ചപ്പെടുത്തുന്നതിന്റെയും അടിസ്ഥാനശിലയായി മാറിയതെങ്ങനെയെന്ന് നമുക്ക് പരിശോധിക്കാം.

ഉത്തർപ്രദേശിലെ 'ഒരു രാജ്യം, ഒരു റേഷൻ കാർഡ്' പദ്ധതിയുടെ ഗുണഭോക്താവായ വൃന്ദാവൻ ചൗരസ്യക്ക് അഞ്ചംഗ കുടുംബമാണുള്ളത്. തനിയ്ക്ക് അഞ്ചംഗങ്ങൾ ഉൾപ്പെടുന്ന റേഷൻ കാർഡുണ്ടെന്നും അത് ന്യായവില ഷോപ്പുമായി നേരിട്ട് ബന്ധിപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കുന്നു, കൂടാതെ എല്ലാ മാസവും അദ്ദേഹത്തിന് റേഷൻ ലഭിക്കുകയും ചെയ്യുന്നു. 'ഒരു രാജ്യം, ഒരു റേഷൻ കാർഡ്' പദ്ധതിയുടെ ഗുണഭോക്താവ് എന്ന നിലയിൽ, രാജ്യത്തുടനീളമുള്ള ഏത് ന്യായവില ഷോപ്പിൽ നിന്നും അദ്ദേഹത്തിന് റേഷൻ വാങ്ങാൻ സാധിക്കും; ഇതിനായി അദ്ദേഹം പ്രധാനമന്ത്രി നരേന്ദ്ര മോദിയോട് തന്റെ നന്ദി രേഖപ്പെടുത്തുന്നു.

മറ്റൊരു ഗുണഭോക്താവായ കൃഷ്ണ കുമാർ മൗര്യ പറയുന്നത്, തനിക്ക് അഞ്ച് യൂണിറ്റിനുള്ള കാർഡുണ്ടെന്നും യാതൊരു പ്രയാസവുമില്ലാതെ എല്ലാ മാസവും അരിയും ഗോതമ്പും ലഭിക്കുന്നുണ്ടെന്നുമാണ്. 'ഒരു രാജ്യം, ഒരു റേഷൻ കാർഡ്' പദ്ധതിക്ക് നന്ദി, രാജ്യത്തിന്റെ ഏത് ഭാഗത്ത് നിന്നും അദ്ദേഹത്തിന് റേഷൻ സാധനങ്ങൾ ലഭ്യമാക്കാൻ സാധിക്കുന്നു. ഈ സൗകര്യം നൽകിയതിന് അദ്ദേഹം പ്രധാനമന്ത്രി നരേന്ദ്ര മോദിയോട് തന്റെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. കുടിയേറ്റ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഈ പദ്ധതി ഒരനുഗ്രഹവും ജീവനരേഖയുമാണെന്ന് തെളിഞ്ഞിരിക്കുന്നു. ഇപ്പോൾ, ഓരോ റേഷൻ കാർഡ് ഉടമയ്ക്കും രാജ്യത്ത് എവിടെയുമുള്ള ഏത് ന്യായവില ഷോപ്പിൽ നിന്നും റേഷൻ വാങ്ങാം.

ഭക്ഷ്യസുരക്ഷാ നിയമപ്രകാരം എല്ലാ പൗരന്മാർക്കും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി 2019-ൽ തുടക്കം കുറിച്ച 'ഒരു രാജ്യം, ഒരു റേഷൻ കാർഡ്' പദ്ധതിയാണ് ഈ മാറ്റം കൊണ്ടുവന്നത്. മൊബൈൽ നമ്പർ പോർട്ടബിലിറ്റിക്ക് സമാനമാണ് ഈ പദ്ധതിക്ക് പിന്നിലെ ആശയം. ഫോൺ നമ്പർ മാറ്റാതെ തന്നെ സേവന ദാതാക്കളെ മാറാൻ സാധിക്കുന്നത് പോലെ, ഗുണഭോക്താക്കൾക്ക് പുതിയ കാർഡ് എടുക്കാതെ തന്നെ രാജ്യത്ത് എവിടെ നിന്നും തങ്ങളുടെ റേഷൻ വിഹിതം വാങ്ങാൻ സാധിക്കും. എല്ലാ റേഷൻ കാർഡുകളും ആധാറുമായി ബന്ധിപ്പിച്ചതിലൂടെയും ന്യായവില ഷോപ്പുകളിൽ ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (e-PoS) മെഷീനുകൾ സ്ഥാപിച്ചതിലൂടെയുമാണ് ഇത് സാധ്യമായത്.

അനേകം സംസ്ഥാനങ്ങൾ, ഒരൊറ്റ രാഷ്ട്രം
പല വിശ്വാസങ്ങൾ, ഒരൊറ്റ ലക്ഷ്യം
പല ഭാഷാഭേദങ്ങൾ, ഒരൊറ്റ ശബ്ദം
അനേകം ഭാഷകൾ, ഒരൊറ്റ ഭാവം
പല നിറങ്ങൾ, ഒരൊറ്റ പതാക
പല സമൂഹങ്ങൾ, ഒരൊറ്റ ഇന്ത്യ
പല ആചാരങ്ങൾ, ഒരൊറ്റ സംസ്കാരം
പല ഉപജീവനമാർഗ്ഗങ്ങൾ,
ഒരൊറ്റ ദൃഢനിശ്ചയം
പല വഴികൾ, ഒരൊറ്റ ലക്ഷ്യസ്ഥാനം
പല മുഖങ്ങൾ, ഒരൊറ്റ പുഞ്ചിരി
ഇതാണ് രാഷ്ട്രം പിന്തുടരേണ്ടതും മുന്നോട്ട് പോകേണ്ടതുമായ ഐക്യദാർഢ്യത്തിന്റെ മന്ത്രം.

തൊഴിൽ തേടി മറ്റ് സംസ്ഥാനങ്ങളിലേക്ക് പോകുന്ന ദശലക്ഷക്കണക്കിന് കുടിയേറ്റ തൊഴിലാളികൾക്കായി പ്രത്യേകം രൂപകൽപ്പന ചെയ്തതാണ് ഈ പദ്ധതി; സ്വന്തം സംസ്ഥാനത്ത് എന്നപോലെ ഏത് സംസ്ഥാനത്തും തങ്ങളുടെ അവകാശങ്ങൾ വിനിയോഗിക്കാൻ അവർക്കിപ്പോൾ സാധിക്കും.

വൃന്ദാവൻ ചൗരസ്യയെയും കൃഷ്ണ കുമാർ മൗര്യയെയും പോലുള്ള ദശലക്ഷക്കണക്കിന് കുടിയേറ്റ തൊഴിലാളികൾക്കും കരകൗശല വിദഗ്ദ്ധർക്കും ചെറുകിട തൊഴിലാളികൾക്കും ഇത് അന്തസ്സും വിശ്വാസവും നൽകി. കഴിഞ്ഞ ഒരു പതിറ്റാണ്ടിലേറെയായി ഇന്ത്യ അതിന്റെ ചിതറിക്കിടന്ന സംവിധാനങ്ങളെ ഒരു ഏകീകൃത സംവിധാനത്തിലേക്ക് കോർത്തിണക്കുന്നബൃഹത്തായ ചിത്രത്തിന്റെ ഒരു ഉദാഹരണം മാത്രമാണിത്.

മഹാത്മാഗാന്ധി പറയാറുണ്ടായിരുന്നു, "നമ്മുടെ 'നാനാത്വത്തിലെ ഏകത്വം' പ്രകടിപ്പിക്കാനുള്ള ശേഷി നിരന്തരം പരീക്ഷിക്കപ്പെടും... എന്ത് വിലകൊടുത്തും നമ്മൾ ഈ പരീക്ഷണത്തിൽ വിജയിക്കണം." കഴിഞ്ഞ 12 വർഷത്തിനിടയിൽ, നാനാത്വത്തിലെ ഏകത്വം എന്ന ഈ മനോഭാവം ഉൾക്കൊള്ളാനുള്ള ഓരോ ശ്രമത്തിലും ഇന്ത്യ വിജയം കൈവരിച്ചിട്ടുണ്ട്. നയങ്ങളിലൂടെയും തീരുമാനങ്ങളിലൂടെയും ഗവൺമെന്റുകൾ 'ഏക് ഭാരത്' എന്ന മനോഭാവത്തെ നിരന്തരം ശക്തിപ്പെടുത്തി. ഇന്ന്, ഒരു രാജ്യം-ഒരു തിരിച്ചറിയൽ' (ആധാർ), 'ഒരു രാജ്യം-ഒരു നികുതി' (ജി.എസ്.ടി), 'ഒരു രാജ്യം-ഒരു പവർ ഗ്രിഡ്', 'ഒരു രാജ്യം-ഒരു റേഷൻ കാർഡ്', 'ഒരു രാജ്യം-ഒരു ആരോഗ്യ ഇൻഷുറൻസ്' തുടങ്ങിയ സംയോജിത സംവിധാനങ്ങൾ രാജ്യത്തെ ഒന്നിപ്പിച്ചു. ഇന്ത്യയുടെ ജനാധിപത്യത്തെ കൂടുതൽ ശക്തിപ്പെടുത്തുന്ന നടപടിയായ 'ഒരു രാജ്യം-ഒരു തിരഞ്ഞെടുപ്പ്' എന്ന ലക്ഷ്യത്തിലേക്കാണ് രാജ്യം ഇപ്പോൾ പ്രവർത്തിക്കുന്നത്. ഇന്ത്യ 'ഒരു രാജ്യം ഒരു സിവിൽ കോഡിലേക്ക്'-അതായത് ഒരു മതേതര സിവിൽ കോഡിലേക്ക് നീങ്ങുകയാണ്. പ്രധാനമന്ത്രി നരേന്ദ്ര മോദി തന്നെയാണ് ചുവപ്പുകോട്ടയുടെ കൊത്തളങ്ങളിൽ നിന്ന് ഇക്കാര്യം പ്രഖ്യാപിച്ചിരുന്നത്. സർദാർ പട്ടേലിന്റെ സാമുദായിക ഐക്യം എന്ന ദീർഘവീക്ഷണത്തിന്റെ പ്രചോദനമാണ് ഇതിന്റെ കാതൽ. വിവിധ സാമൂഹിക വിഭാഗങ്ങൾക്കിടയിലുള്ള വിവേചനം സംബന്ധിച്ച പരാതികൾ ഇല്ലാതാക്കാനും രാഷ്ട്രത്തിന്റെ ഐക്യം കൂടുതൽ ശക്തിപ്പെടുത്താനും ഈ ഉദ്യമം സഹായിക്കും.

ജനക്ഷേമത്തിനുള്ള നയമായി മാറിയ ചിന്താഗതി

2015 ഒക്ടോബർ 31-ന്, നയതന്ത്രത്തിലൂടെയും നിശ്ചയദാർഢ്യത്തിലൂടെയും 550-ഓളം നാട്ടുരാജ്യങ്ങളെ കോർത്തിണക്കി ആധുനിക ഇന്ത്യയ്ക്ക് രൂപം നൽകിയ സർദാർ പട്ടേലിന്റെ ജന്മവാർഷിക വേളയിൽ, ദേശീയ ഏകതാ ദിനാഘോഷങ്ങളോടനുബന്ധിച്ചാണ് പ്രധാനമന്ത്രി മോദി 'ഏക് ഭാരത്-ശ്രേഷ്ഠ് ഭാരത്' പദ്ധതിക്ക് തുടക്കം കുറിച്ചത്. സംസ്ഥാനങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ, കേന്ദ്ര മന്ത്രാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ എന്നിവർക്കിടയിൽ ഭാഷ, സാഹിത്യം, സംസ്കാരം, പാരമ്പര്യങ്ങൾ എന്നിവയുടെ നേരിട്ടുള്ള കൈമാറ്റം എളുപ്പമാക്കുന്ന തടസ്സമില്ലാത്ത സംവിധാനം സ്ഥാപിക്കുക എന്നതായിരുന്നു ഇതിന്റെ പ്രധാന ലക്ഷ്യം; അതിലൂടെ രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും കൂടുതൽ ശക്തിപ്പെടുത്താൻ സാധിച്ചു. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ ഈ പദ്ധതിയുടെ ഭാഗമായി, സാംസ്കാരിക പര്യടനങ്ങൾ, ഭാഷാ ക്യാമ്പുകൾ, വിദ്യാർത്ഥി-അധ്യാപക കൈമാറ്റങ്ങൾ, ഉത്സവങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിനായി ഓരോ സംസ്ഥാനത്തെയും കേന്ദ്രഭരണ പ്രദേശത്തെയും മറ്റൊരു സംസ്ഥാനവുമായി അല്ലെങ്കിൽ കേന്ദ്രഭരണ പ്രദേശവുമായി കൂട്ടിയിണക്കി. ഫലത്തിൽ, തമിഴ്നാട്ടിൽ നിന്നുള്ള ഒരു വിദ്യാർത്ഥിക്ക് പഞ്ചാബിന്റെ പാരമ്പര്യങ്ങൾ അനുഭവിച്ചറിയാനും, അസമിൽ നിന്നുള്ള ഒരു യുവാവിന് ഗുജറാത്തിന്റെ ഗർബയിൽ പങ്കാളിയായി ആ പ്രദേശത്തിന്റെ സവിശേഷത അനുഭവിച്ചറിയാനും സാധിച്ചു. സ്കൂളുകളിലെയും കോളേജുകളിലെയും ഉപന്യാസ മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ, സാംസ്കാരിക ഉത്സവങ്ങൾ എന്നിവ ഈ പദ്ധതിയുടെ അവിഭാജ്യ ഘടകങ്ങളായി മാറി, അങ്ങനെ "നാനാത്വത്തിലെ ഏകത്വം" എന്ന ആശയത്തെ കേവലം പാഠപുസ്തകത്തിലെ ഒരു വാക്യത്തിൽ നിന്ന് കുട്ടികളുടെ ജീവിതാനുഭവമാക്കി മാറ്റി.

കാലക്രമേണ, നിരവധി പുതിയ മാനങ്ങളും ഈ പദ്ധതിയിൽ കൂട്ടിച്ചേർക്കപ്പെട്ടു. രാജ്യത്തുടനീളമുള്ള പ്രാദേശിക സംസ്കാരവും കരകൗശല വസ്തുക്കളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള 'പര്യടൻ പർവ്', സർവ്വകലാശാലകളിലെ "മാതൃഭാഷാ ഗൗരവ്" പോലെയുള്ള പരിപാടികൾ, ഗവണ്മെന്റ് പദ്ധതികളിൽ വിവിധ ഭാഷകളും ഉപഭാഷകളും ഉൾപ്പെടുത്തൽ തുടങ്ങിയ പരിശ്രമങ്ങൾ-ഇവയെല്ലാം നയിക്കപ്പെട്ടത്, ഒരു പ്രത്യേക ഭാഷയോ സംസ്കാരമോ അടിച്ചേൽപ്പിക്കുന്നതിലൂടെയല്ല, മറിച്ച് വൈവിധ്യങ്ങളെ നെഞ്ചിലേറ്റുന്നതിലൂടെയാണ് ഐക്യം ഉണ്ടാകുന്നത് എന്ന ഉറച്ച വിശ്വാസത്തിൽ നിന്നാണ്; വിവിധ നാട്ടുരാജ്യങ്ങളുടെ തനതായ സ്വത്വം നിലനിർത്തിക്കൊണ്ടുതന്നെ അവയെ ഒരൊറ്റ പതാകയ്ക്കു കീഴിൽ സർദാർ പട്ടേൽ ഒന്നിപ്പിച്ചതുപോലെ തന്നെയാണിത്.

എന്നിരുന്നാലും, ഒരു സാംസ്കാരിക പരീക്ഷണമെന്ന നിലയിൽ ആരംഭിച്ച ഈ ഉദ്യമം ക്രമേണ വിശാലമായ കാഴ്ചപ്പാടായി വികസിച്ചു. ഭാരതീയനായിരിക്കുക എന്നത് ഒരു പൊതു സ്വത്വത്തെയാണ് സൂചിപ്പിക്കുന്നതെങ്കിൽ, സംസ്ഥാനമോ ഭാഷയോ പശ്ചാത്തലമോ നോക്കാതെ ഭരണനിർവ്വഹണത്തിന്റെ അടിസ്ഥാന സംവിധാനങ്ങളും ഓരോ പൗരനും തുല്യമായിരിക്കണം എന്ന ആശയത്തിലാണ് ഇത് അധിഷ്ഠിതമായത്. തൽഫലമായി, തുടർന്നുള്ള വർഷങ്ങളിൽ, ഈ ചിന്താഗതി ഘടനാപരമായ പരിഷ്കാരങ്ങളുടെ ബൃഹത്തായ ഒരു പരമ്പരയായി പരിണമിക്കാൻ തുടങ്ങി.

> ഏതൊരു സമൂഹത്തിന്റെയും ശക്തി അതിന്റെ ഐക്യത്തിലാണ് കുടികൊള്ളുന്നത്. അതുകൊണ്ടാണ് ശക്തമായ ഒരു രാഷ്ട്രത്തെ ആഗ്രഹിക്കുന്നവർ ഐക്യത്തിന്റെ ഈ മനോഭാവത്തെ പ്രശംസിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്യുന്നത്. അതിനാൽ, രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും നമ്മുടെ എല്ലാവരുടെയും കൂട്ടായ ഉത്തരവാദിത്തമാണ്.
>
> *-നരേന്ദ്ര മോദി, പ്രധാനമന്ത്രി*



ഇന്ത്യയുടെ ഐക്യത്തിന്റെ നാല് സ്തംഭങ്ങൾ



സാംസ്കാരിക ഐക്യം
ഭാരതത്തിന്റെ സഹസ്രാബ്ദങ്ങൾ പഴക്കമുള്ള സാംസ്കാരിക പാരമ്പര്യങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ, ഉത്സവങ്ങൾ, യോഗ, സാംസ്കാരിക വിനിമയങ്ങൾ എന്നിവ രാജ്യത്തെ ഒന്നിപ്പിക്കുന്ന ഊർജ്ജ സ്രോതസായി വർത്തിക്കുന്നു

ഭാഷാപരമായ ഐക്യം
നൂറുകണക്കിന് ഭാഷകളെയും ഉപഭാഷകളെയും ഭാരതത്തിന്റെ വൈവിധ്യത്തിന്റെയും കരുത്തിന്റെയും സ്രോതസ്സായി അംഗീകരിക്കുന്നതോടൊപ്പം, എല്ലാ ഭാരതീയ ഭാഷകളെയും ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

വിവേചനരഹിതമായ വികസനം-ദാരിദ്ര്യം, അസമത്വം, വിവേചനം എന്നിവയെ സാമൂദായിക ഐക്യത്തിനുള്ള തടസ്സങ്ങളായി കാണുന്നതോടൊപ്പം, ഓരോ പൗരനും വികസനവും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കുക.

സമ്പർക്ക സംവിധാനങ്ങളിലൂടെ ഹൃദയങ്ങളെ ബന്ധിപ്പിക്കൽ-റോഡ്, റെയിൽ, ഹൈവേ, വ്യോമ ശൃംഖലകൾ, ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിലൂടെ ഭൂമി ശാസ്ത്രപരമായ അകലം കുറയ്ക്കുകയും ജനങ്ങൾക്കിടയിൽ പരസ്പര ബന്ധം വളർത്തുകയും ചെയ്യുക.

വികസനത്തിന്റെയും വിശ്വാസത്തിന്റെയും ഐക്യം: 'ഏക ഭാരതത്തി'ന്റെ അടിത്തറ

കഴിഞ്ഞ 12 വർഷമായി, സർദാർ പട്ടേലിന്റെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിനൊപ്പം, സംസ്ഥാന അതിർത്തികൾക്കതീതമായി എല്ലാ പൗരന്മാരെയും ഒരൊറ്റ ദേശീയബോധത്താൽ ഒന്നിപ്പിക്കുന്ന സംയോജിത സംവിധാനത്തിന് ഗവണ്മെന്റ് അടിത്തറ പാകിയിരിക്കുന്നു. ഇന്ത്യയോടും സർദാർ പട്ടേലിന്റെ അസാധാരണമായ സംഭാവനയോടുമുള്ള രാജ്യത്തെ ജനങ്ങളുടെ പ്രായോഗിക ആദരവായി ഇത് മാറുന്നു. അസാധ്യമെന്ന് തോന്നുന്ന കാര്യങ്ങൾ പോലും സാധ്യമാക്കാൻ കഴിയുമെന്ന് അദ്ദേഹത്തിന്റെ ദീർഘവീക്ഷണം നമ്മെ പഠിപ്പിച്ചു. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചപ്പോൾ, രാജ്യം ചിന്നഭിന്നമാകുമെന്ന് ദോഷൈകദൃക്കുകൾ പ്രവചിച്ചു; നൂറുകണക്കിന് നാട്ടുരാജ്യങ്ങളെ ഒന്നിപ്പിച്ച് ഒരൊറ്റ ഇന്ത്യയാക്കാൻ കഴിയുമെന്ന് അവർക്ക് ഒട്ടും പ്രതീക്ഷയുണ്ടായിരുന്നില്ല. എന്നാൽ, സർദാർ പട്ടേൽ അത് കൃത്യമായി സാധിച്ചെടുത്തു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വാക്കുകളിൽ, സർദാർ പട്ടേൽ പ്രായോഗിക തലത്തിൽ ഒരു യാഥാർത്ഥ്യവാദിയും, നിശ്ചയദാർഢ്യത്തിൽ സത്യസന്ധനും, പ്രവൃത്തികളിൽ മനുഷ്യത്വവാദിയും, ദൗത്യത്തിൽ തികഞ്ഞ ദേശീയവാദിയുമായിരുന്നതുകൊണ്ടാണ് ഇത് സാധ്യമായത്.

ഇന്ന്, ഭാഷകളോടുള്ള ഇന്ത്യയുടെ സമീപനവും ഐക്യത്തിന്റെ ശക്തമായ ഒരു കണ്ണിയായി വർത്തിക്കുന്നു. പുതിയ ദേശീയ വിദ്യാഭ്യാസ നയം ഭാരതീയ ഭാഷകളിലുള്ള വിദ്യാഭ്യാസത്തിന് പ്രത്യേക ഊന്നൽ നൽകുന്നു. മറാഠി, ബംഗാളി, അസമീസ്, പാലി, പ്രാകൃത് എന്നീ ഭാഷകൾക്ക് കേന്ദ്ര ഗവണ്മെന്റ് ശ്രേഷ്ഠഭാഷാ'പദവി നൽകിയിട്ടുണ്ട്. ഭാഷയെപ്പോലെ തന്നെ, രാജ്യത്തുടനീളം നടന്നുകൊണ്ടിരിക്കുന്ന കണക്റ്റിവിറ്റി സംരംഭങ്ങളും അതിന്റെ ഐക്യത്തെ ശക്തിപ്പെടുത്തുന്നു. റെയിൽവേ, റോഡുകൾ, ഹൈവേകൾ, ഇന്റർനെറ്റ് എന്നിവയുൾപ്പെടെയുള്ള ആധുനിക അടിസ്ഥാന സൗകര്യങ്ങൾ ഗ്രാമങ്ങളും നഗരങ്ങളും തമ്മിലുള്ള അകലം കുറച്ചു. കശ്മീരും വടക്കുകിഴക്കൻ സംസ്ഥാന തലസ്ഥാനങ്ങളും റെയിൽ മാർഗ്ഗം ബന്ധിപ്പിക്കപ്പെടുമ്പോഴും, ലക്ഷദ്വീപും അന്തമാൻ നിക്കോബാർ ദ്വീപുകളും കടലിനടിയിലൂടെയുള്ള കേബിളുകൾ വഴി അതിവേഗ ഇന്റർനെറ്റുമായി ബന്ധിപ്പിക്കപ്പെടുമ്പോഴും, മലയോര മേഖലകളിലെ ജനങ്ങൾക്ക് മൊബൈൽ നെറ്റ്‌വർക്കുകൾ ലഭ്യമാകുമ്പോഴും, വികസന യാത്രയിൽ പിന്നിലായിപ്പോകുമെന്ന ഭയം ഇല്ലാതാകുന്നു. 'സബ്കാ സാത്ത്, സബ്കാ വികാസ്' (എല്ലാവർക്കുമൊപ്പം, എല്ലാവർക്കും വികസനം) എന്നത് ഇപ്പോൾ സദ്ഭരണത്തിന്റെ മന്ത്രമായി മാറിയിരിക്കുന്നു. വികസനത്തിന്റെയും വിശ്വാസത്തിന്റെയും ഈ ഐക്യമാണ് 'ഏക് ഭാരത്-ശ്രേഷ്ഠ് ഭാരത്' എന്ന ആശയ സാക്ഷാത്കാരത്തിന് ആക്കം കൂട്ടുന്നത്.

ഏക ഭാരതം-ശ്രേഷ്ഠ ഭാരതം

സംസ്കാരത്തിൽ നിന്ന് ദേശീയോദ്ഗ്രഥനത്തിലേക്ക്

ആരംഭം: 2015 ഒക്ടോബർ 31


- ദേശീയ ഏകതാ ദിനത്തിൽ സർദാർ വല്ലഭ്ഭായി പട്ടേലിന്റെ 140-ാം ജന്മവാർഷികത്തിൽ - ആരംഭിച്ച ഈ സംരംഭത്തിന്റെ പ്രധാന ലക്ഷ്യം, സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും തമ്മിൽ ഭാഷ, സാഹിത്യം, സംസ്കാരം, പാരമ്പര്യങ്ങൾ എന്നിവയുടെ വിനിമയം വർദ്ധിപ്പിക്കുക എന്നതായിരുന്നു.
- സാംസ്കാരിക പര്യടനങ്ങൾ, ഭാഷാ ക്യാമ്പുകൾ, വിദ്യാർത്ഥി-അധ്യാപക വിനിമയങ്ങൾ, ഉത്സവങ്ങൾ, പ്രശ്നോത്തരികൾ, ഉപന്യാസ മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിനായി സംസ്ഥാനങ്ങളെ ജോഡികളാക്കി. ഭൂപടങ്ങളിലൂടെ മാത്രമല്ല, നേരിട്ടുള്ള അനുഭവത്തിലൂടെ രാജ്യത്തിന്റെ ഒരു ഭാഗത്തുള്ള പൗരന്മാർക്ക് മറ്റൊരു ഭാഗത്തെക്കുറിച്ച് അറിയുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം.
- കാലക്രമേണ, ഈ സംരംഭം കൂടുതൽ വിശാലമായ ദർശനമായി മാറി. വൈവിധ്യങ്ങൾ നിലനിർത്തിക്കൊണ്ട് തന്നെ ഐക്യം ശക്തിപ്പെടുത്തുക എന്ന കാഴ്ചപ്പാട് സംവിധാനങ്ങളുടെ സംയോജനത്തിന് വഴിയൊരുക്കി.
- സൗരാഷ്ട്ര-തമിഴ് സംഗമം, കാശി-തമിഴ് സംഗമം തുടങ്ങിയ സാംസ്കാരിക പരിപാടികൾ.
- അന്താരാഷ്ട്ര യോഗ ദിനത്തിലൂടെയുള്ള സാംസ്കാരിക ബന്ധം.

കാശി-തമിഴ് സംഗമം

പ്രധാനമന്ത്രി നരേന്ദ്ര മോദി 2022-ൽ ഉദ്ഘാടനം ചെയ്ത കാശി-തമിഴ് സംഗമം, ഇതുവരെയുള്ള നാല് പതിപ്പുകളിലൂടെ കൂടുതൽ കരുത്താർജ്ജിച്ച ഒരു സാംസ്കാരിക ബന്ധത്തിന് അടിത്തറയിട്ടു. തമിഴ്നാടും കാശിയും തമ്മിലുള്ള സാംസ്കാരികവും വിദ്യാഭ്യാസപരവുമായ ഇടപഴകലുകൾക്കുള്ള വേദിയായി ഇത് വളർന്നിട്ടുണ്ട്.

- കെ.ടി.എസ് 1.0 സാംസ്കാരിക അനുഭവങ്ങളിൽ മുഴുകാനുള്ള അവസരമൊരുക്കിയപ്പോൾ, കെ.ടി.എസ് 2.0 വിപുലമായ ജനപങ്കാളിത്തത്തോടും വിഷയാധിഷ്ഠിതമായ ഇടപെടലുകളോടുംകൂടി ശ്രദ്ധേയമായി. കെ.ടി.എസ് 3.0 വിജ്ഞാനാധിഷ്ഠിതമായിരുന്നു. എന്നാൽ കെ.ടി.എസ് 4.0-ൽ തമിഴ് ഭാഷാ പഠനത്തിനാണ് മുൻഗണന നൽകിയത്.

സൗരാഷ്ട്ര-തമിഴ് സംഗമം: സൗരാഷ്ട്ര-തമിഴ് സംഗമം 2023-ലാണ് സംഘടിപ്പിച്ചത്. ഗുജറാത്തും തമിഴ്നാടും തമ്മിലുള്ള പൊതുവായ സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും ആഘോഷമായി ഇത് മാറി. 10 ദിവസം നീണ്ടുനിന്ന ഈ മഹോത്സവത്തിൽ സൗരാഷ്ട്ര സമൂഹത്തിൽ നിന്നുള്ള മൂവായിരത്തിലധികം തമിഴ് ജനങ്ങൾ പങ്കെടുത്തു.



യുവ സംഗമം: യുവാക്കൾക്ക് വിദ്യാഭ്യാസ പര്യടനങ്ങൾ നടത്താൻ അവസരമൊരുക്കുന്ന ഇതിന്റെ ഏഴാം ഘട്ടം പുരോഗമിക്കുന്നു

ഭാഷാ സംഗമം: ഇന്ത്യൻ ഭാഷകളെ പരിചയപ്പെടുത്തുകയും അവ പഠിക്കാനുള്ള അവസരങ്ങൾ ലഭ്യമാക്കുകയുമാണ് ഈ ആപ്പിന്റെ ലക്ഷ്യം.

നാല് സ്തംഭങ്ങളിലായി ഭാരതത്തിന്റെ ഐക്യം നിലകൊള്ളുന്നു

'വികസിത ഭാരതം' എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള അടിത്തറയാണ് ഐക്യം. ഈ ഐക്യത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി തന്നെ നാല് പ്രധാന സ്തംഭങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്, അതിൻമേലാണ് രാജ്യം ഇന്ന് തുടർച്ചയായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

ആദ്യ സ്തംഭം സാംസ്കാരിക ഐക്യമാണ്. മാറിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയ സാഹചര്യങ്ങൾക്കതീതമായി, ആയിരക്കണക്കിന് വർഷങ്ങളായി ഇന്ത്യയെ ഒരു ശാശ്വത രാഷ്ട്രമായി നിലനിർത്തുന്നത് ഭാരതത്തിന്റെ സംസ്കാരമാണ്.

ഒരു രാജ്യം, ഒരു സമയം

വിദേശ ഉപഗ്രഹങ്ങളെ അടിസ്ഥാനമാക്കിയുള്ള സമയ സ്രോതസ്സുകളെ ആശ്രയിക്കുന്നത് കുറയ്ക്കും.

2026 ഓഗസ്റ്റ് 27-ന്, ഉപഭോക്തൃ കാര്യ വകുപ്പ് ലീഗൽ മെട്രോളജി (ഇന്ത്യൻ സ്റ്റാൻഡേർഡ് ടൈം) റൂൾസ്, 2026 വിജ്ഞാപനം ചെയ്തു. ഗസറ്റിൽ പ്രസിദ്ധീകരിച്ച് 180 ദിവസങ്ങൾക്ക് ശേഷം ഈ നിയമങ്ങൾ പ്രാബല്യത്തിൽ വരും. നിയമപരവും ഭരണപരവും വാണിജ്യപരവും ഔദ്യോഗികവുമായ ആവശ്യങ്ങൾക്ക് രാജ്യത്തുടനീളമുള്ള ഏകീകൃത സമയ മാനദണ്ഡമായി ഇന്ത്യൻ സ്റ്റാൻഡേർഡ് ടൈം (IST) പ്രവർത്തിക്കും.

- 'ഒരു രാജ്യം, ഒരു സമയം' എന്നത്, ഇന്ത്യയുടെ സമയ വ്യാപന അടിസ്ഥാനസൗകര്യത്തിനായി വിദേശ ഉപഗ്രഹാധിഷ്ഠിത സമയ സ്രോതസ്സുകളെ ആശ്രയിക്കുന്നത് കുറയ്ക്കാൻ സഹായിക്കും.
- ഒരു പൊതു സമയ മാനദണ്ഡം ബാങ്കിംഗ്, ഡിജിറ്റൽ പേയ്മെന്റുകൾ എന്നിവയ്ക്കുള്ള കൃത്യമായ ടൈം-സ്റ്റാമ്പിംഗ് സാധ്യമാക്കും.
- റെയിൽവേ, വിമാനത്താവളങ്ങൾ, ടെലികമ്മ്യൂണിക്കേഷൻസ്, ഇന്റർനെറ്റ്, ഊർജ്ജ സംവിധാനങ്ങൾ എന്നിവയിലുടനീളം മികച്ച ഏകോപനത്തിന് ഇത് വഴിയൊരുക്കും.
- ഗവണ്മെന്റ്, നിയമപരമായ രേഖകൾ, അടിയന്തര സേവനങ്ങൾ, സമയം പ്രധാനമായ മറ്റ് സേവനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ഏകോപനവും മെച്ചപ്പെടും.



പന്ത്രണ്ട് ജ്യോതിർലിംഗങ്ങൾ, ഏഴ് പുണ്യനഗരങ്ങൾ, ചാർ ധാം, അൻപതിലധികം ശക്തിപീഠങ്ങൾ, തീർത്ഥാടന പാരമ്പര്യം എന്നിവ ഭാരതത്തെ സജീവവും ചൈതന്യവത്തായതുമായ ഒരു രാഷ്ട്രമാക്കുന്ന ജീവോർജ്ജമാണ്. 'സൗരാഷ്ട്ര-തമിഴ് സംഗമം', 'കാശി-തമിഴ് സംഗമം' തുടങ്ങിയ

> **ഇന്ത്യയുടെ നാനാത്വത്തിൽ ഏകത്വം ആഘോഷിക്കുമ്പോൾ തന്നെ ആചാരങ്ങളെയും ഭാഷകളെയും സമൂഹങ്ങളെയും പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് സാംസ്കാരിക വിനിമയത്തിനുള്ള സജീവ വേദികളായി കാശി-തമിഴ് സംഗമവും സൗരാഷ്ട്ര-തമിഴ് സംഗമവും മാറിയിരിക്കുന്നു.**
>
> *-പ്രധാനമന്ത്രി നരേന്ദ്ര മോദി*

പരിപാടികളിലൂടെ ഇന്ന് ഈ പാരമ്പര്യം കൂടുതൽ മുന്നോട്ട് കൊണ്ടുപോകുന്നു. ഭാരതത്തിന്റെ മഹത്തായ യോഗശാസ്ത്രം അന്താരാഷ്ട്ര യോഗ ദിനത്തിലൂടെ പുതിയ അംഗീകാരം നേടിവരുന്നു; ഇന്ന് മനുഷ്യരെ തമ്മിൽ ബന്ധിപ്പിക്കുന്ന മാധ്യമമായി യോഗ മാറുകയാണ്.

ഐക്യത്തിന്റെ രണ്ടാമത്തെ സ്തംഭം ഭാഷാപരമായ ഐക്യമാണ്. ഭാരതത്തിലെ നൂറുകണക്കിന് ഭാഷകളും പ്രാദേശിക ഭാഷാരൂപങ്ങളും അതിന്റെ തുറന്നതും സർഗ്ഗാത്മകവുമായ ചിന്താഗതിയെ പ്രതിനിധീകരിക്കുന്നു. ഇവിടെ ഒരു സമൂഹമോ അധികാരമോ വിഭാഗമോ ഭാഷയെ ആയുധമാക്കിയിട്ടില്ല, ഒരു ഭാഷയും അടിച്ചേൽപ്പിക്കാൻ ശ്രമിച്ചിട്ടുമില്ല. അതുകൊണ്ടാണ് ഭാഷാ വൈവിധ്യത്തിൽ ഭാരതം ഇത്രയും സമ്പന്നമായ ഒരു രാഷ്ട്രമായി മാറിയത്. ഒരു സംഗീത സൃഷ്ടിയുടെ വ്യത്യസ്ത സ്വരങ്ങൾ പോലെ, ഭാരതീയ ഭാഷകൾ രാഷ്ട്രത്തിന്റെ സ്വത്വത്തെ ശക്തിപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ടാണ് നിലവിലെ ഗവണ്മെന്റ് ഓരോ ഭാഷയെയും ഒരു ദേശീയ ഭാഷയായി കരുതുന്നത്. ലോകത്തിലെ ഏറ്റവും പുരാതന ഭാഷയായ തമിഴും ജ്ഞാനത്തിന്റെ കലവറയായ സംസ്കൃതവും ഭാരതത്തിനു സ്വന്തമാണ്. ഇന്ന് ഭാരതത്തിലെ ഓരോ കുട്ടിക്കും സ്വന്തം മാതൃഭാഷയിൽ പഠിക്കാൻ കഴിയുന്ന വിധത്തിൽ ഓരോ ഭാരതീയ ഭാഷയും പ്രോത്സാഹിപ്പിക്കപ്പെടുന്നു. രാഷ്ട്രത്തിന്റെ ഏകീകൃത ശക്തിയായി പ്രവർത്തിക്കാൻ ഭാഷകളെ അനുവദിച്ചുകൊണ്ട്, ഇന്ത്യക്കാർ രാജ്യത്തെ മറ്റ് ഭാഷകളെക്കുറിച്ച് അറിയാനും അത് സ്വായത്തമാക്കുന്നുവെന്നു ഉറപ്പാക്കാനുമുള്ള ശ്രമങ്ങളും നടക്കുന്നു.

ഐക്യത്തിന്റെ മൂന്നാമത്തെ സ്തംഭം വിവേചനരഹിതമായ വികസനമാണ്. ദാരിദ്ര്യവും വിവേചനവുമാണ് സാമൂഹിക ഘടനയുടെ ഏറ്റവും വലിയ ദൗർബല്യങ്ങൾ. അധിനിവേശക്കാർ എപ്പോഴും ഈ ദൗർബല്യങ്ങളെ ചൂഷണം ചെയ്തിട്ടുണ്ട്. അതുകൊണ്ടാണ് ദാരിദ്ര്യത്തിനെതിരെ പോരാടുന്നതിന് രാജ്യത്തിനായി ഒരു ദീർഘകാല പദ്ധതി പ്രാവർത്തികമാക്കാൻ സർദാർ പട്ടേൽ ആഗ്രഹിച്ചത്.

'ഏക ഭാരതം, ശ്രേഷ്ഠ ഭാരത'ത്തിന്റെ പ്രധാന സ്തംഭങ്ങൾ



ഭക്ഷ്യ മേളകൾ: പാചക പാരമ്പര്യങ്ങൾ: ജോഡികളാക്കിയ സംസ്ഥാനങ്ങൾക്കിടയിൽ പാചക സംസ്കാരങ്ങളുടെ വിനിമയം സുഗമമാക്കുന്നതിനായി പരിപാടികൾ സംഘടിപ്പിക്കുന്നു. ഇത് പങ്കാളികൾക്ക് അവരുടെ പങ്കാളിത്ത സംസ്ഥാനങ്ങളിലെ വിഭവങ്ങൾ രുചിച്ചറിയാനും അവരുടെ പ്രധാനപ്പെട്ട തനത് വിഭവങ്ങളെക്കുറിച്ച് മനസ്സിലാക്കാനും അവസരമൊരുക്കുന്നു.

സാംസ്കാരിക വിനിമയം: ഈ പ്രമേയത്തിന് കീഴിൽ ഭാരതത്തിന്റെ സംസ്കാരവും ഉത്സവങ്ങളും അടുത്തറിയുന്നതിനും, വിവിധ സംസ്ഥാനങ്ങളിൽ അവ എങ്ങനെ ആഘോഷിക്കപ്പെടുന്നുവെന്നും അവയുടെ പ്രാധാന്യമെന്തെന്നും മനസ്സിലാക്കുന്നതിനുമായി പരിപാടികൾ സംഘടിപ്പിക്കുന്നു. പരമ്പരാഗത പ്രാദേശിക പാചകക്കുറിപ്പുകളും പാചക രീതികളും ഇവിടെ പ്രദർശിപ്പിക്കുന്നു.

യുവജനോത്സവങ്ങൾ: തിരഞ്ഞെടുക്കപ്പെട്ട സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും സ്ഥാപനങ്ങൾ യുവജന മഹോത്സവങ്ങൾ സംഘടിപ്പിക്കുകയും, സ്വന്തം സംസ്ഥാനത്തുനിന്നും പങ്കാളിത്ത സംസ്ഥാനങ്ങളിൽ നിന്നുമുള്ള സർവ്വകലാശാലകളെയും കോളേജുകളെയും ക്ഷണിക്കുകയും ചെയ്യുന്നു.

'ഏക് ഭാരത്, ശ്രേഷ്ഠ ഭാരത്' ക്ലബ്ബുകൾ: രാജ്യവ്യാപകമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഈ ഉദ്യമത്തിന് കീഴിൽ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ഈ ക്ലബ്ബുകൾ സന്ദേശങ്ങൾ പ്രചരിപ്പിക്കുകയും എല്ലാ മാസവും 'ഏക് ഭാരത്, ശ്രേഷ്ഠ ഭാരത് ദിവസ്' ആചരിക്കുകയും ചെയ്യുന്നു.

അക്കാദമിക് വിനിമയം: ബന്ധപ്പെട്ട വിഷയങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംവാദങ്ങളിൽ ഏർപ്പെടുന്നു. സെമിനാറുകളും വെബിനാറുകളും സംഘടിപ്പിക്കുന്നതും പങ്കാളിത്ത സംസ്ഥാനങ്ങളിലെ സ്ഥാപനങ്ങൾ സന്ദർശിക്കുന്നതും ഇതിൽ ഉൾപ്പെടുന്നു.

കായിക പരിപാടികൾ: യുവാക്കൾക്കിടയിൽ കൂട്ടായ്മയുടെ മനോഭാവം വളർത്തുന്നതിനായി ടീം ഗെയിമുകൾക്ക് മുൻഗണന നൽകിക്കൊണ്ട് കായിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. പരമ്പരാഗത കായിക വിനോദങ്ങൾക്കാണ് ഇവിടെ മുൻഗണന നൽകുന്നത്.

1947-ന് പത്ത് വർഷം മുമ്പ് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചിരുന്നെങ്കിൽ, ആ സമയത്തിനുള്ളിൽ തന്നെ രാജ്യം ധാന്യക്ഷാമമെന്ന പ്രതിസന്ധിയിൽ നിന്ന് മുക്തമാകുമായിരുന്നു എന്ന് അദ്ദേഹം ഒരിക്കൽ നിരീക്ഷിക്കുകയുണ്ടായി. സർദാർ പട്ടേലിന്റെ പൂർത്തിയാകാത്ത ഈ ലക്ഷ്യങ്ങൾ പൂർത്തീകരിക്കാനാണ് ഇന്ന് കേന്ദ്ര ഗവണ്മെന്റ് പ്രവർത്തിക്കുന്നത്. കഴിഞ്ഞ 12 വർഷത്തിനിടെ 250 ദശലക്ഷം പൗരന്മാരാണ് ദാരിദ്ര്യത്തിൽ നിന്ന് മുക്തി നേടിയത്.

ടൂറിസം എക്സ്ചേഞ്ച്: പങ്കാളി സംസ്ഥാനങ്ങളിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളെയും ആകർഷണങ്ങളെയും കുറിച്ചുള്ള അറിവും ധാരണയും ഉണ്ടാക്കുക എന്നതാണ് ലക്ഷ്യം. സ്മാരകങ്ങളെയും വിനോദസഞ്ചാര കേന്ദ്രങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ പ്രചരിപ്പിക്കൽ, ടൂർ ഓപ്പറേറ്റർ മാർക്കായി റോഡ്ഷോകൾ സംഘടിപ്പിക്കൽ, ഹോംസ്റ്റേകൾ ആരംഭിക്കുന്നതിനെ പ്രോത്സാഹിപ്പിക്കൽ എന്നിവയാണ് ഇതിന്റെ പ്രധാന പ്രവർത്തനങ്ങൾ. പുസ്തകങ്ങളുടെ വിവർത്തനം: പങ്കാളി സംസ്ഥാനങ്ങളിൽ നിന്നുള്ള പുസ്തകങ്ങളും ടൂറിസം ബ്രോഷറുകളും മറ്റും വിവർത്തനം ചെയ്യുന്നതിലൂടെ, അവിടുത്തെ സാഹിത്യത്തെപ്പറ്റിയും മറ്റു പ്രാദേശിക വിവരങ്ങളും മനസ്സിലാക്കാൻ സഹായിക്കുന്നു.

പങ്കാളിത്ത സംസ്ഥാനങ്ങളുടെ ഭാഷാ പഠനം: 'ഏക് ഭാരത് ശ്രേഷ്ഠ ഭാരത്' പദ്ധതിയുടെ പ്രധാന ലക്ഷ്യം പങ്കാളിത്ത സംസ്ഥാനങ്ങളിലെ ഭാഷകൾ ജനങ്ങളെ പരിചയപ്പെടുത്തുകയും, അവിടുത്തെ ജനങ്ങളുമായി അടിസ്ഥാനപരമായ ആശയവിനിമയം സാധ്യമാക്കുകയും ചെയ്യുക എന്നതാണ്. വ്യക്തികളെ സ്വന്തം മാതൃഭാഷയ്ക്ക് പുറമെ മറ്റ് ഇന്ത്യൻ ഭാഷകളും പഠിക്കാൻ ഇതിലൂടെ പ്രോത്സാഹിപ്പിക്കുന്നു..

- വിവിധ ഭാഷകളിലെ സമാനമായ അർത്ഥമുള്ള പഴഞ്ചൊല്ലുകൾ പഠിപ്പിക്കുന്നു; ഗാനങ്ങൾ വിവർത്തനം ചെയ്യുന്നു; കൂടാതെ, ദിവസവും ഒരു വാക്യം 22 ഭാഷകളിലേക്ക് വിവർത്തനം ചെയ്യുന്നു.

ടൂറുകളും ക്യാമ്പുകളും: പങ്കാളികളായ സംസ്ഥാനങ്ങളിൽ ടൂറുകളും ക്യാമ്പുകളും സംഘടിപ്പിക്കുന്നു.

ഉത്സവങ്ങളും ആഘോഷങ്ങളും: പലതരത്തിലുള്ള ഉത്സവങ്ങളും ആഘോഷങ്ങളും സംഘടിപ്പിക്കുകയും, പങ്കാളി സംസ്ഥാനങ്ങളെ അതിൽ പങ്കെടുക്കാൻ ക്ഷണിക്കുകയും ചെയ്യുന്നു.



ചുരുക്കത്തിൽ പറഞ്ഞാൽ, ഓരോ പൗരനും അന്തസ്സാർന്ന ജീവിതം ഉറപ്പാക്കുക എന്നതാണ് ഇന്നത്തെ രാഷ്ട്രത്തിന്റെ ദൗത്യവും കാഴ്ചപ്പാടും. വിവേചന രഹിതവും അഴിമതി മുക്തവുമായ നയങ്ങൾ ദേശീയ ഐക്യത്തെ ശക്തിപ്പെടുത്തുന്നു.

ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ ഇപ്പോൾ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളെയും ഉൾക്കൊള്ളുന്നു.

ഐക്യത്തിനായുള്ള ഒരു പുതിയ സംരംഭം

- ദേശീയ ചലച്ചിത്ര പുരസ്കാര വിതരണ വേദിയുടെ ചരിത്രപരമായ മാറ്റം: മുൻപ് ഡൽഹിയിൽ മാത്രം ഒതുങ്ങി നിന്നിരുന്ന ദേശീയ ചലച്ചിത്ര പുരസ്കാര വിതരണ ചടങ്ങ് രാജ്യത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് മാറ്റാനുള്ള പുതിയൊരു സംരംഭം ആരംഭിച്ചു.

- ഗുജറാത്തിലെ കെവാഡിയയിൽ തുടക്കം: 2026 സെപ്റ്റംബർ 22-ന് ഗുജറാത്തിലെ കെവാഡിയയിലുള്ള 'സ്റ്റാച്യു ഓഫ് യൂണിറ്റി'യിൽ വെച്ച് രാഷ്ട്രപതി ദ്രൗപദി മുർമു ഈ പദ്ധതിക്ക് തുടക്കം കുറിച്ചു.

- 'ഏക് ഭാരത്, ശ്രേഷ്ഠ ഭാരത്' എന്ന സന്ദേശം: ആധുനിക ഇന്ത്യയുടെ ശില്പിയായ സർദാർ വല്ലഭ് ഭായ് പട്ടേലിന്റെ പ്രതിമ സ്ഥിതി ചെയ്യുന്ന വേദിയിൽ സിനിമാ മേഖലയിലെ മികവിനെയും വൈവിധ്യത്തെയും ആദരിക്കുന്നത് 'ഏക് ഭാരത്, ശ്രേഷ്ഠ ഭാരത്' എന്ന ആശയത്തിന്റെ ആത്മാവിനെ പ്രതിഫലിപ്പിക്കുന്നു.

- പരിപാടിയുടെ ആതിഥേയത്വം വഹിക്കുന്നതിനായി സംസ്ഥാനങ്ങൾക്ക് ക്ഷണം: കേന്ദ്ര വാർത്താ വിതരണ-പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്, സംസ്ഥാനങ്ങളിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഈ പരിപാടി സംഘടിപ്പിക്കുന്നതിനായുള്ള അവരുടെ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന സംസ്ഥാനങ്ങളിൽ അടുത്ത പുരസ്കാര ദാന ചടങ്ങ് സംഘടിപ്പിക്കപ്പെടും.

- ടൂറിസത്തിന്റെയും ദേശീയ ഐക്യത്തിന്റെയും ശക്തിപ്പെടുത്തൽ: കല, സംസ്കാരം, ടൂറിസം എന്നിവയുടെ ഈ സംഗമം പ്രാദേശിക വികസനത്തെയും ടൂറിസത്തിന്റെ വളർച്ചയേയും വേഗത്തിലാക്കുന്നതോടൊപ്പം, രാജ്യത്തെ ഐക്യത്തോടെ ബന്ധിപ്പിക്കാനും സഹായിക്കും.

ഗതാഗത-വിനിമയ ബന്ധങ്ങളിലൂടെയുള്ള ഹൃദയങ്ങളുടെ സംയോജനമാണ് ദേശീയ ഐക്യത്തിന്റെ നാലാമത്തെ സ്തംഭം. ഇന്ന് രാജ്യത്തുടനീളം അതിവേഗ പാതകളും എക്സ്പ്രസ് വേകളും റെക്കോർഡ് വേഗതയിൽ നിർമ്മിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്.

ഒരു രാജ്യം ഒരു നികുതി ഘടന

സാമ്പത്തിക സംയോജനത്തിന്റെ ഒരു പുതു യുഗം

ഒരു രാജ്യം, ഒരു നികുതി - ജിഎസ്ടി

തുടക്കം: ജൂലൈ 1, 2017



- ചരക്ക് സേവന നികുതി 30 തരത്തിലുള്ള വിവിധ നികുതികളെയും സെസ്സുകളെയും ഏകീകരിച്ച് ഒരൊറ്റ നികുതി വ്യവസ്ഥക്ക് കീഴിൽ കൊണ്ടുവന്നു.
- വിവിധ സംസ്ഥാനങ്ങളിലെ വ്യത്യസ്തമായ നികുതി ഘടനകൾ മൂലമുണ്ടാകുന്ന സങ്കീർണ്ണതകൾ കുറയ്ക്കുകയും, ഇന്ത്യയെ ഒരു ഏകീകൃത വിപണിയാക്കി മാറ്റുകയുമായിരുന്നു ഇതിലൂടെ ലക്ഷ്യമിട്ടത്. ഇത് സംസ്ഥാനങ്ങളിലെ വ്യാപാര നികുതികളെയും മറ്റ് നികുതികളെയും കുറിച്ചുള്ള ധാരണ ലളിതമാക്കി.
- കേന്ദ്രത്തെയും സംസ്ഥാനങ്ങളെയും ഒന്നിപ്പിക്കുന്ന ജിഎസ്ടി കൗൺസിൽ ഈ സംവിധാനത്തിന്റെ നിർണായക ഘടകമായി മാറി.
- പുതു തലമുറ പരിഷ്കാരങ്ങളായ 'ജിഎസ്ടി 2.0'-ന് കീഴിൽ, നികുതി നിരക്കുകൾ പ്രധാനമായും 5%, 18% എന്നീ സ്ലാബുകളിലേക്ക് പുനഃക്രമീകരിച്ചു.
- നികുതിദായകരുടെ എണ്ണം വർധിച്ചു.


ഐക്യത്തിന്റെ ഇഴ:
ഒൻപത് വർഷത്തിലേറെയായി, 'ഏക ഭാരതം - ശ്രേഷ്ഠ ഭാരതം' എന്ന ഇന്ത്യയുടെ ദർശനത്തെ ജി.എസ്.ടി ശക്തിപ്പെടുത്തി. ഇത് 17 വ്യത്യസ്ത നികുതികളെയും 13 സെസ്സുകളെയും ഒരു പൊതു സംവിധാനത്തിന് കീഴിൽ ഏകോപിപ്പിച്ചു.

2026 **1.65** കോടി

2017 **66.5** ലക്ഷം

ഒരു രാഷ്ട്രം, ഒരു ഫാസ്ടാഗ്


തുടക്കം: ടോൾ പിരിവ് ഇലക്ട്രോണിക് സംവിധാനത്തിലൂടെ സംയോജിപ്പിക്കുന്നതിനായി 2019-ൽ ആരംഭിച്ചു ; 2021 ഫെബ്രുവരിയോടു കൂടി ദേശീയ പാതകളിലെ എല്ലാ ടോൾ പ്ലാസ ലൈനുകളും ഫാസ്ടാഗ് ലൈനുകളായി നിശ്ചയിച്ചു.



- രാജ്യത്തെ ദേശീയപാതകളിലൂടെയുള്ള യാത്ര സുഗമവും വേഗമേറിയതുമായി മാറിയിരിക്കുന്നു; ടോൾ പ്ലാസകളിലെ തിരക്ക് കുറയുകയും ഇന്ധന ലാഭം കൈവരിക്കുകയും ചെയ്തു.
- സ്വകാര്യ കാറുകൾ, ജീപ്പുകൾ, വാനുകൾ എന്നിവയ്ക്കായി 3,075 രൂപ നിരക്കിൽ വാർഷിക പാസ് സംവിധാനം 2025 ഓഗസ്റ്റ് 15-ന് ഏർപ്പെടുത്തി. ഒരു വർഷത്തേക്കോ അല്ലെങ്കിൽ ടോൾ പ്ലാസകൾ വഴിയുള്ള 200 യാത്രകൾക്കോ വരെ ഈ പാസ് ഉപയോഗിക്കാം.
- ഫാസ്ടാഗ് പോർട്ടബിലിറ്റി ഉറപ്പുനൽകുന്ന 'വൺടാഗ്' സംവിധാനം ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നു. വാഹനത്തിൽ പതിച്ചിരിക്കുന്ന നിലവിലുള്ള ഫാസ്ടാഗ് മാറ്റാതെ തന്നെ, അത് നൽകിയ ബാങ്കിനെ അല്ലെങ്കിൽ സ്ഥാപനത്തെ മാറ്റാൻ ഇതിലൂടെ ഉപഭോക്താക്കൾക്ക് സാധിക്കുന്നു. ഇത് ഫാസ്ടാഗ് ഉപഭോക്താക്കൾക്ക് കൂടുതൽ സൗകര്യവും സ്വാതന്ത്ര്യവും നൽകുന്നു.

98
ശതമാനത്തിലധികം സ്വീകാര്യതയും ഏകദേശം 13 കോടി ഉപയോക്താക്കളുമുള്ള ഫാസ്ടാഗ്, രാജ്യത്തെ ഇലക്ട്രോണിക് ടോൾ പിരിവ് സംവിധാനത്തെ തന്നെ മാറ്റിമറിച്ചിരിക്കുന്നു.

ഐക്യത്തിന്റെ ഇഴ:
ഒരൊറ്റ ഫാസ്ടാഗ് ഉപയോഗിച്ച് നിങ്ങൾക്ക് രാജ്യത്തുടനീളം ടോൾ അടക്കാം. പല സ്ഥലങ്ങളിലും പാർക്കിംഗ് ഫീസ് അടക്കാനും ഇത് ഉപയോഗിക്കാവുന്നതാണ്. വിവിധ സംസ്ഥാനങ്ങളിൽ വെവ്വേറെ ടോൾ നൽകേണ്ട സാഹചര്യം ഇല്ലാതാകുന്നതിലൂടെ, നിരക്കുകളുടെ കാര്യത്തിൽ ഏകീകൃത സ്വഭാവം ഉറപ്പാക്കുന്നു.



വന്ദേ ഭാരത്, നമോ ഭാരത് തുടങ്ങിയ ട്രെയിനുകൾ ഇന്ത്യൻ റെയിൽവേയിൽ വിപ്ലവകരമായ മാറ്റങ്ങളാണ് കൊണ്ടുവരുന്നത്. ഇപ്പോൾ ചെറിയ നഗരങ്ങൾ പോലും വിമാനത്താവളങ്ങൾ വഴി ബന്ധിപ്പിക്കപ്പെടുന്നു. ഈ ആധുനിക അടിസ്ഥാന സൗകര്യങ്ങൾ ഇന്ത്യയെക്കുറിച്ചുള്ള ലോകത്തിന്റെ കാഴ്ചപ്പാടിനെതന്നെ മാറ്റിമറിക്കുന്നു. വടക്ക് മുതൽ തെക്ക് വരെയും കിഴക്ക് മുതൽ പടിഞ്ഞാറ് വരെയും രാജ്യത്തുടനീളമുള്ള അകലങ്ങളെ ഇത് കുറച്ചിരിക്കുന്നു. ജനങ്ങൾ തമ്മിലുള്ള ബന്ധത്തിന്റെയും സാംസ്കാരിക കൈമാറ്റത്തിന്റെയും ഒരു പുതിയ യുഗം ദേശീയ ഐക്യത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നു. കഴിഞ്ഞ 12 വർഷത്തിനിടയിൽ ഇന്ത്യ സാക്ഷ്യം വഹിച്ച ഡിജിറ്റൽ വിപ്ലവം ഈ ഐക്യത്തെ കൂടുതൽ ശക്തിപ്പെടുത്തിയിരിക്കുന്നു.

> ഐക്യത്തിന്റെ അഭാവം പുതിയ പ്രതിസന്ധികൾ സൃഷ്ടിക്കുമ്പോൾ, എല്ലാവരുടെയും കൂട്ടായ പരിശ്രമം രാജ്യത്തെ പുതിയ ഉയരങ്ങളിലേക്ക് നയിക്കുന്നു. സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ ഏറെ പ്രസക്തമായിരുന്ന "സബ്കാ പ്രയാസ്" (കൂട്ടായ ശ്രമം) എന്ന ആശയം, സ്വാതന്ത്ര്യത്തിന്റെ ഈ 'അമൃത കാല'ത്തിൽ കൂടുതൽ നിർണായകമാണ്."
>
> *-നരേന്ദ്ര മോദി, പ്രധാനമന്ത്രി*



രാജ്യം ഒരേ സ്വരത്തിൽ ബിസിനസ്സിന്റെ ഭാഷ സംസാരിച്ചപ്പോൾ

ഈ പരിവർത്തനത്തിന്റെ ഏറ്റവും ശ്രദ്ധേയവും വ്യാപകമായി ചർച്ച ചെയ്യപ്പെട്ടതുമായ ഒരു ഉദാഹരണമാണ് ചരക്ക് സേവന നികുതി (ജിഎസ്ടി). പതിറ്റാണ്ടുകളായി, ഓരോ സംസ്ഥാനവും അവരവരുടേതായ നികുതി വ്യവസ്ഥയ്ക്ക് കീഴിൽ പ്രവർത്തിച്ചിരുന്ന ഒരു വിഭജിത നികുതി സമ്പ്രദായമായിരുന്നു ഇന്ത്യയിലുണ്ടായിരുന്നത്. സംസ്ഥാന അതിർത്തികൾ കടന്നുപോകുന്ന ട്രക്കുകൾ ചെക്ക് പോസ്റ്റുകളിൽ മണിക്കൂറുകളോളം കാത്തു നിൽക്കേണ്ടി വന്നിരുന്നു; ഒപ്പം വ്യത്യസ്ത നികുതി സ്ലാബുകളും, ഉദ്യോഗസ്ഥ ചുവപ്പുനാടകളും, സങ്കീർണ്ണമായ നടപടിക്രമങ്ങളും അക്കാലത്ത് പതിവായിരുന്നു. ഒരേ ഉല്പന്നത്തിന്റെ വില, ഓരോ സംസ്ഥാന അതിർത്തികൾ കടക്കുമ്പോൾ മാറിമറിയുന്ന സാഹചര്യമുണ്ടായിരുന്നു. ഓരോ സംസ്ഥാനത്തിനും പ്രത്യേകം കണക്കുകൾ സൂക്ഷിക്കേണ്ട ബാധ്യത വ്യാപാരികൾക്കുണ്ടായിരുന്നു. ഇത് അവർക്ക് വലിയൊരു ഭാരമാകുകയും ചെയ്തു. ചെറുകിട കച്ചവടക്കാർ മുതൽ വൻകിട വ്യവസായികൾ വരെ എല്ലാവരും ഈ സങ്കീർണ്ണമായ നികുതി വ്യവസ്ഥയുടെ ബുദ്ധിമുട്ടുകൾ നേരിട്ടു.

ഭരണഘടനയുടെ 101-ാം ഭേദഗതിയെ തുടർന്ന് 2017 ജൂലൈ 1-ന് ഈ സാഹചര്യം പൂർണ്ണമായും മാറി. 'ഒരു രാജ്യം, ഒരു നികുതി' എന്ന കാഴ്ചപ്പാടോടെ നടപ്പിലാക്കിയ ജി.എസ്.ടി, എക്സൈസ് ഡ്യൂട്ടി, സർവീസ് ടാക്സ്, വാറ്റ് (VAT), ഒക്ട്രോയ് (octroi) തുടങ്ങിയ ഡസൻ കണക്കിന് പരോക്ഷ നികുതികളെ ഒരൊറ്റ ഏകീകൃത സംവിധാനത്തിലേക്ക് സംയോജിപ്പിച്ചു. ഇപ്പോൾ, ഒരൊറ്റ ജി.എസ്.ടി നമ്പറും, ഏകീകൃത ഓൺലൈൻ റിട്ടേൺ പ്രക്രിയയും, മാനദണ്ഡമാക്കിയ നികുതി വ്യവസ്ഥയും ഉള്ളതിനാൽ ബിസിനസ്സുകൾക്ക് രാജ്യത്തിന്റെ ഏത് കോണിലേക്കും സുഗമമായി തടസ്സമില്ലാതെ ചരക്കുകൾ എത്തിക്കാൻ സാധിക്കുന്നു. ഇത് ബിസിനസ്സ് ചെയ്യുന്നത് ലളിതമാക്കുക മാത്രമല്ല, ഇന്ത്യയെ യഥാർത്ഥത്തിൽ ഒരു ഏകീകൃത വിപണിയായി മാറ്റുകയും ചെയ്തു. തീരുമാനങ്ങൾ എടുക്കുന്നതിനായി കേന്ദ്രത്തെയും സംസ്ഥാനങ്ങളെയും ഒരുമിച്ച് കൊണ്ടുവരുന്ന ജി.എസ്.ടി കൗൺസിൽ, ഈ പരിവർത്തനത്തെ 'സഹകരണ ഫെഡറലിസത്തിന്റെ' ഉജ്ജ്വലമായ ഒരു മാതൃകയാക്കി മാറ്റി; ഇവിടെ എല്ലാ സംസ്ഥാനങ്ങളുടെയും ശബ്ദം ഒരൊറ്റ പ്ലാറ്റ്ഫോമിൽ കേൾക്കുന്നു, കൂടാതെ നികുതി നിരക്കുകൾ നിശ്ചയിക്കുന്നത് മുതൽ ഇളവുകൾ വരെയുള്ള ഓരോ തീരുമാനവും പരസ്പര ധാരണയിലൂടെയാണ് കൈക്കൊള്ളുന്നത്.

പെൻഷൻ വ്യവസ്ഥയിലെ അസമത്വങ്ങൾ പരിഹരിക്കൽ: ഏകീകൃത സംവിധാനം നടപ്പിലാക്കൽ

പതിറ്റാണ്ടുകളായി, രാജ്യത്തെ മുൻ സൈനികർ ഒരു പ്രത്യേക ആവശ്യം ഉന്നയിച്ചു വരികയായിരുന്നു: 'ഒരേ റാങ്ക്, ഒരേ പെൻഷൻ' (OROP) - അതായത് തുല്യ പദവിക്കും തുല്യ സേവന കാലയളവിനും തുല്യ പെൻഷൻ. മുൻപ്, ഒരേ പദവിയിൽ ഒരേപോലെ സേവനമനുഷ്ഠിക്കുകയും രാജ്യത്തിന്റെ അതിർത്തികൾ കാക്കുന്നതിൽ തുല്യമായ സാഹചര്യങ്ങൾ നേരിടുകയും ചെയ്തിരുന്നവരാണെങ്കിൽ പോലും, നേരത്തെ വിരമിച്ച ഒരു സൈനികന് വർഷങ്ങൾക്ക് ശേഷം അതേ പദവിയിൽ വിരമിച്ച സൈനികനേക്കാൾ കുറഞ്ഞ പെൻഷനാണ് ലഭിച്ചിരുന്നത്. ഈ അസമത്വം പതിറ്റാണ്ടുകളായി മുൻ സൈനികർക്കിടയിൽ ആഴത്തിലുള്ള അതൃപ്തിക്ക് കാരണമാകുകയും നിരവധി വലിയ പ്രക്ഷോഭങ്ങൾക്ക് വഴിതെളിക്കുകയും ചെയ്തു. 2014-ന് തൊട്ടുമുമ്പുള്ള കാലഘട്ടത്തിൽ, മുൻ സൈനികർ തങ്ങളുടെ മെഡലുകൾ തിരികെ നൽകുന്നത് ഉൾപ്പെടെയുള്ള ശക്തമായ പ്രതിഷേധങ്ങൾ നടത്തിയിരുന്നു.

സാമൂഹ്യ ക്ഷേമം
ഒരു സംയോജിത സുരക്ഷാ കവചം

ഒരു രാജ്യം, ഒരു റേഷൻ കാർഡ്

ആരംഭം : 2019

81 കോടിയിലധികം ഗുണഭോക്താക്കൾക്ക് സൗജന്യ റേഷൻ നൽകി വരുന്നു.

- അന്യസംസ്ഥാന തൊഴിലാളികൾക്കും സ്വന്തം നാടുവിട്ട് മറ്റ് സ്ഥലങ്ങളിൽ ജോലി ചെയ്യുന്ന ഗുണഭോക്താക്കൾക്കും റേഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി ഒരു പോർട്ടബിലിറ്റി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
- പുതിയ റേഷൻ കാർഡ് വാങ്ങാതെ തന്നെ രാജ്യത്തെവിടെ നിന്നും തങ്ങൾക്ക് അർഹതപ്പെട്ട റേഷൻ കൈപ്പറ്റാൻ ഗുണഭോക്താക്കൾക്ക് ഇപ്പോൾ സാധിക്കും.
- ആധാർ അധിഷ്ഠിത തിരിച്ചറിയൽ സംവിധാനവും റേഷൻ കടകളിലെ ഇ-പോസ് (ePoS) മെഷീനുകളുമാണ് ഈ പോർട്ടബിലിറ്റി സംവിധാനം വിജയകരമാക്കിയത്.



ഐക്യത്തിന്റെ നൂലിഴ: ഒരു പൗരൻ എവിടെ ജോലി ചെയ്യുന്നുവോ, അവർക്കുള്ള ഭക്ഷണാവകാശം അവിടെ തന്നെ ലഭ്യമാക്കണം.

ഒരേ റാങ്ക് ഒരേ പെൻഷൻ

തുടക്കം : 2015



- ഒരേ റാങ്കിൽ ഒരേ കാലയളവിൽ സേവനമനുഷ്ഠിച്ച് വിരമിച്ച വിമുക്തഭടന്മാർക്ക് തുല്യമായ പെൻഷൻ ലഭ്യമാക്കുന്നതിനുള്ള ഒരു സംവിധാനമാണിത്.
- വ്യത്യസ്ത സമയങ്ങളിൽ സേവനത്തിൽ നിന്നും വിരമിച്ച ഒരേ പദവിയിലുള്ള സൈനികരുടെ പെൻഷനിലെ അപാകതകളും വ്യത്യാസങ്ങളും പരിഹരിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിട്ടത്.
- 5 ലക്ഷത്തിലധികം വരുന്ന വിമുക്തഭടന്മാർക്കും അവരുടെ കുടുംബങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭിച്ചു.

ഐക്യത്തിന്റെ നൂലിഴ: പെൻഷൻ സംവിധാനത്തിലെ തുല്യതയും രാജ്യത്തെ സേവിക്കുന്ന സൈനികർക്കുള്ള ആദരവും.

'ഒരു രാജ്യം, ഒരു ആരോഗ്യ ഇൻഷുറൻസ്' (ആയുഷ്മാൻ ഭാരത്) പദ്ധതിയിലേക്കുള്ള **ചരിത്രപരമായ ചുവടുവയ്പ്പ്**

സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന ജനസംഖ്യയിലെ 40% ദരിദ്ര കുടുംബങ്ങൾക്ക്, ദ്വിതീയ - ത്രിതീയ ആശുപത്രി പരിചരണങ്ങൾക്കായി പ്രതിവർഷം 5 ലക്ഷം രൂപയുടെ സൗജന്യ ചികിത്സാ സഹായം ഈ പദ്ധതി ഉറപ്പുനൽകുന്നു.

- 2018 സെപ്റ്റംബറിൽ ഈ പദ്ധതി ആരംഭിച്ചത് മുതൽ, 2026 ഓഗസ്റ്റ് 12 വരെ.....

48.57 കോടിയിലധികം ആയുഷ്മാൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.




2014-ൽ കേന്ദ്രത്തിൽ ഒരു പുതിയ ഗവൺമെന്റ് അധികാരമേറ്റപ്പോൾ, ദീർഘനാളായി നിലനിന്നിരുന്ന ഈ ആവശ്യത്തോട് അവർ യോജിക്കുകയും 2015-ൽ 'ഒരേ റാങ്ക്, ഒരേ പെൻഷൻ' പദ്ധതി നടപ്പിലാക്കുകയും ചെയ്തു. ഒരേ റാങ്കും ഒരേ സേവന കാലയളവുള്ള എല്ലാ വിമുക്തഭടന്മാർക്കും, വിരമിച്ച വർഷം ഏതായാലും, തുല്യമായ പെൻഷൻ ഉറപ്പാക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. ഒരു സുബേദാർ 1985-ലോ അതോ 2010-ലോ സേവനത്തിൽ നിന്ന് വിരമിച്ചിട്ടുണ്ടെങ്കിലും, അവരുടെ പെൻഷൻ ഇപ്പോൾ ഒരേ സ്കെയിലിന്റെ അടിസ്ഥാനത്തിലാണ് നിശ്ചയിക്കുന്നത്.

13
കോടിയിലധികം

പേർ ആശുപത്രികളിൽ ചികിത്സ തേടുകയും, അതുവഴി ഗുണഭോക്താക്കൾക്ക് 2 ലക്ഷം കോടിയിലധികം രൂപയുടെ ലാഭവും.

- വിവിധ സംസ്ഥാനങ്ങളിലെ ആശുപത്രികളിലായി 29.05 ലക്ഷത്തിലധികം രോഗികൾക്ക് ചികിത്സ അനുവദിച്ചു, ഇതിനായി 8,800 കോടി രൂപയിലധികം തുക ചെലവഴിച്ചു.
- ആയുഷ്മാൻ ഭാരത് വയോ വന്ദന പദ്ധതിക്ക് കീഴിൽ 1.20 കോടി മുതിർന്ന പൗരന്മാർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഐക്യത്തിന്റെ നൂലിഴ: ആരോഗ്യമുള്ള ഇന്ത്യയാണ് വികസിത ഇന്ത്യയുടെ അടിസ്ഥാനം. ഇത് കൈവരിക്കുന്നതിന്, രാജ്യത്തെ എല്ലാ പൗരന്മാർക്കും തുല്യമായ ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ ലഭ്യമാകേണ്ടതുണ്ട്.



[2026 സെപ്റ്റംബർ 22-ലെ കണക്കനുസരിച്ച്]



ഒരു രാഷ്ട്രം, ഒരു ആരോഗ്യ രേഖ

'ദേശീയ ആരോഗ്യ അതോറിറ്റി' (NHA) നേതൃത്വം നൽകുന്ന 'ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷന്റെ' (ABDM) നേതൃത്വത്തിൽ, 'ഒരു പൗരൻ, ഒരു ഡിജിറ്റൽ ആരോഗ്യരേഖ' എന്ന ലക്ഷ്യത്തിലേക്ക് വലിയ ചുവടുവെപ്പുകളാണ് നടത്തിയിട്ടുള്ളത്. രാജ്യത്തെ ഓരോ പൗരനും സുരക്ഷിതവും കടലാസ്സ് രഹിതവും സംയോജിതവുമായ ഡിജിറ്റൽ ആരോഗ്യ രേഖകൾ സൃഷ്ടിക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

പ്രധാന നേട്ടങ്ങളും സ്ഥിതിവിവരക്കണക്കുകളും.....

ABHA ഐഡികളുടെ സൃഷ്ടി: ഓരോ പൗരനും 14 അക്കങ്ങളുള്ള സവിശേഷമായ തിരിച്ചറിയൽ നമ്പർ നൽകുന്നതിനായി 96 കോടിയിലധികം ആയുഷ്മാൻ ഭാരത് ഹെൽത്ത് അക്കൗണ്ടുകൾ (ABHA) സൃഷ്ടിച്ചിട്ടുണ്ട്.

ഡിജിറ്റൽ ആരോഗ്യ രേഖകളുടെ സംയോജനം: 110 കോടിയിലധികം ആരോഗ്യ രേഖകൾ (ലാബ് റിപ്പോർട്ടുകൾ, മരുന്ന് കുറിപ്പടികൾ, വാക്സിനേഷൻ വിവരങ്ങൾ, ആശുപത്രി ഡിസ്ചാർജ് സംഗ്രഹങ്ങൾ തുടങ്ങിയവ) ABHA അക്കൗണ്ടുകളുമായി ബന്ധിപ്പിച്ചിട്ടുണ്ട്.

രോഗിയുടെയോ ബന്ധുക്കളുടെയോ സമ്മതപ്രകാരമുള്ള ചികിത്സാ രേഖയുടെ പങ്കുവെക്കൽ: ഇത് രോഗികൾക്ക് അവരുടെ മുൻകാല ആരോഗ്യരേഖകൾ രാജ്യത്ത് എവിടെയുമുള്ള ഡോക്ടർമാരുമായി സ്വന്തം സമ്മതത്തോടെ പങ്കുവെക്കാൻ അനുവാദം നൽകുന്നു. ഇതിലൂടെ അനാവശ്യമായ പരിശോധനകൾ ഒഴിവാക്കാനും പേപ്പർ ഫയലുകൾ കൈകാര്യം ചെയ്യുന്നതിനുള്ള ബുദ്ധിമുട്ട് ഇല്ലാതാക്കാനും സാധിക്കുന്നു.

ഐക്യത്തിന്റെ കണ്ണി : രാജ്യത്ത് എവിടെ നിന്നും ചികിത്സ തേടിയാലും നിങ്ങളുടെ ആരോഗ്യ രേഖകൾ ഡിജിറ്റൽ രൂപത്തിൽ ലഭ്യമാകും. വെറും ഒരു ക്ലിക്കിലൂടെ ഈ ആരോഗ്യരേഖകൾ പരിശോധിക്കാനാകും.

സൈനിക കുടുംബങ്ങൾക്കിടയിൽ ഏറെക്കാലമായി ചർച്ചാവിഷയമായിരുന്ന ഈ വിവേചനം ഒടുവിൽ പരിഹരിക്കപ്പെട്ടു. ഈ പുതിയ ഏകീകൃത സംവിധാനത്തിലൂടെ രാജ്യം വ്യക്തമായ ഒരു സന്ദേശം നൽകി: അവരുടെ സേവനം ഇനി മുതൽ വ്യത്യസ്ത മാനദണ്ഡങ്ങളാൽ വിലയിരുത്തപ്പെടുകയില്ല.

ഒരു രാജ്യം, ഒരു നിയമം, ഒരു ഭരണഘടന

ഏകീകരണത്തിനായുള്ള ഈ പ്രയാണത്തിലെ ഏറ്റവും ചരിത്രപ്രധാനമായ അധ്യായം 2019 ഓഗസ്റ്റ് 5-ന് രചിക്കപ്പെട്ടു.

വിദ്യാഭ്യാസം-പരീക്ഷ-നിയമനം

യുവജന ശേഷിയുടെ ഏകീകൃത കരുത്ത്





ഒരു രാജ്യം, ഒരു പരീക്ഷ (NTA)

തുടക്കം: 2017-ൽ ആരംഭിച്ചു; 2026-ലേക്ക് ആസൂത്രണം ചെയ്തിരിക്കുന്ന മാറ്റങ്ങൾ.

- ഏകീകൃതവും സാങ്കേതികവിദ്യയിൽ അധിഷ്ഠിതവുമായ ഒരു സംവിധാനത്തിലൂടെ ദേശീയതല പ്രവേശന പരീക്ഷകൾ നടത്തുന്നതിനായി 'ദേശീയ ടെസ്റ്റിംഗ് ഏജൻസി' രൂപീകരിച്ചത് വഴിവലിയൊരു മാറ്റത്തിന് തുടക്കം കുറിച്ചു.
- മെഡിക്കൽ പ്രവേശനത്തിനായുള്ള ഒരേയൊരു ദേശീയ പ്രവേശന പരീക്ഷയായി നീറ്റ് (NEET) നിശ്ചയിക്കപ്പെട്ടു.
- എൻ.ടി.എ നടത്തുന്ന പൊതു പരീക്ഷകൾ ഉൾപ്പെടെയുള്ള പരീക്ഷകൾ സുരക്ഷിതവും കാര്യക്ഷമവുമായി നടത്തുന്നതിനുള്ള നടപടികൾ ശുപാർശ ചെയ്യുന്നതിനായി, നന്ദൻ നീലേക്കനിയുടെ അധ്യക്ഷതയിൽ കേന്ദ്ര ഗവൺമെന്റ് ഒരു ഉന്നതതല ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ, മറ്റ് വിദഗ്ധർ എന്നിവരിൽ നിന്നെല്ലാം ഈ ടാസ്ക് ഫോഴ്സ് നിർദ്ദേശങ്ങൾ ക്ഷണിച്ചിട്ടുണ്ട്.

മാർഗ്ഗനിർദ്ദേശക തത്വം:
ഒരു വിദ്യാർത്ഥിയുടെ അവസരങ്ങൾ, നിർണ്ണയിക്കേണ്ടത് അവരുടെ സംസ്ഥാനത്തിന്റെയോ വിദ്യാഭ്യാസ ബോർഡിന്റെയോ പരിമിതികൾക്കപ്പുറം, ദേശീയതലത്തിലുള്ള ഒരു പരീക്ഷാ സംവിധാനത്തിലൂടെയാകണം.

ഒരു രാജ്യം ഒരു നിയമനം


2020 ഓഗസ്റ്റിൽ കേന്ദ്ര മന്ത്രിസഭ അംഗീകരിച്ച 'ദേശീയ റിക്രൂട്ട്മെന്റ് ഏജൻസി' യുടെ (NRA) രൂപീകരണം, 'ഒറ്റ രാജ്യം, ഒറ്റ റിക്രൂട്ട്മെന്റ്' എന്ന ലക്ഷ്യത്തിലേക്കുള്ള ചരിത്രപരമായ ഒരു ചുവടുവെപ്പാണ്.

- നാഷണൽ റിക്രൂട്ട്മെന്റ് ഏജൻസിയുടെ രൂപീകരണം: കേന്ദ്ര ഗവൺമെന്റ് വകുപ്പുകൾ, മന്ത്രാലയങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിലെ നോൺ-ഗസറ്റഡ് തസ്തികകളിലേക്കുള്ള (ഗ്രൂപ്പ് ബി, സി) പ്രാഥമിക സ്ക്രീനിംഗ് പരീക്ഷകൾ നടത്തുന്നതിനായി ഒരു സ്വയംഭരണാധികാരമുള്ള സ്ഥാപനമെന്ന നിലയിൽ ദേശീയ റിക്രൂട്ട്മെന്റ് ഏജൻസി രൂപീകരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് അംഗീകാരം നൽകി.
- പ്രധാന നിയമന ഏജൻസികളുടെ സംയോജനം: അതിന്റെ ആദ്യ ഘട്ടത്തിൽ, സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ (SSC), റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡുകൾ (RRB), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബാങ്കിംഗ് പേഴ്സണൽ സെലക്ഷൻ (IBPS) എന്നീ മൂന്ന് പ്രധാന റിക്രൂട്ട്മെന്റ് ഏജൻസികളുടെ പ്രാഥമിക പരീക്ഷകൾക്ക് പകരമായി കോമൺ എലിജിബിലിറ്റി ടെസ്റ്റ് (CET) നിലവിൽ വന്നു.

ഒരു രാജ്യം, ഒരു സബ്സ്ക്രിപ്ഷൻ (ONOS)

അടുത്തിടെ ആരംഭിച്ച സംരംഭം

- രാജ്യത്തുടനീളമുള്ള ഗവൺമെന്റ് വിദ്യാഭ്യാസ, ഗവേഷണ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഗവേഷകർക്കും ഒരു ദേശീയ സബ്സ്ക്രിപ്ഷൻ മാതൃകയിലൂടെ പ്രമുഖ അന്താരാഷ്ട്ര ഗവേഷണ ജേണലുകൾ ലഭ്യമാക്കുന്നതിനായി രൂപകൽപ്പന ചെയ്ത ഒരു സംവിധാനം.
- ഈ പദ്ധതിക്കായി മൂന്ന് വർഷത്തേക്ക് 6,000 കോടി രൂപയുടെ ബജറ്റ് വിഹിതം അനുവദിച്ചിട്ടുണ്ട്.



മാർഗ്ഗനിർദ്ദേശ തത്വം:
അറിവ് നേടുന്നതിനുള്ള അവസരം ഒരു സ്ഥാപനത്തിന്റെ സാമ്പത്തിക ശേഷിയാലോ ഭൂമിശാസ്ത്രപരമായ സ്ഥാനത്താലോ പരിമിതപ്പെടുത്താൻ പാടില്ല.

പതിറ്റാണ്ടുകളോളം, ഭരണഘടനയുടെ ആർട്ടിക്കിൾ 370 പ്രകാരം ജമ്മു-കശ്മീരിന് പ്രത്യേക ഭരണഘടനാപദവി ഉണ്ടായിരുന്നു; തൽഫലമായി, ഇന്ത്യൻ ഭരണഘടനയിലെ പല വ്യവസ്ഥകളും അവിടെ പൂർണ്ണമായി ബാധകമായിരുന്നില്ല, കൂടാതെ രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിലുള്ളവർക്ക് ലഭിക്കുന്ന ചില അവകാശങ്ങൾ അവിടുത്തെ നിവാസികൾക്ക് ലഭിച്ചിരുന്നില്ല. മാത്രമല്ല, രാജ്യത്തിന്റെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള പൗരന്മാർക്ക് രാജ്യത്ത് മറ്റെവിടെയും സാധാരണയായി ഉള്ളതുപോലെയുള്ള സ്വത്ത് അവകാശങ്ങൾ അവിടെ ഉണ്ടായിരുന്നില്ല.

ഭരണഘടനാപരമായ ക്രമീകരണങ്ങൾ

ഭരണനിർവ്വഹണത്തിന്റെ സംയോജനം

ഒരു രാജ്യം, ഒരു ഭരണഘടന

ആർട്ടിക്കിൾ 3 7 0 -ൽ നിന്നുള്ള മോചനം

നിർണ്ണായക മാറ്റം: 2019 ഓഗസ്റ്റ് 5



- ജമ്മു കശ്മീരുമായി ബന്ധപ്പെട്ട ഭരണഘടനാപരമായ ക്രമീകരണങ്ങളിലെ മാറ്റങ്ങളെത്തുടർന്ന് 'ഒരു രാജ്യം, ഒരു ഭരണഘടന' എന്ന ആശയത്തിന് ഒരു പുതിയ തലം കൈവന്നു.
- ജമ്മു കശ്മീരിനെയും ലഡാഖിനെയും കേന്ദ്രഭരണ പ്രദേശങ്ങളായി പുനഃസംഘടിപ്പിച്ചു, ഇത് കേന്ദ്ര നിയമങ്ങളും ഭരണ സംവിധാനങ്ങളും നടപ്പിലാക്കുന്നതിനുള്ള ചട്ടക്കൂടിൽ മാറ്റം വരുത്തി.

ഐക്യത്തിന്റെ ഇഴ:
'ഒരു രാജ്യം, ഒരു നിയമം, ഒരു ഭരണഘടന' എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടു. പൗരാവകാശങ്ങളും ഭരണഘടനാപരമായ ക്രമീകരണങ്ങളും ഒരു പങ്കാളിത്ത ദേശീയ ചട്ടക്കൂടുമായി യോജിപ്പിച്ചു.

ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ് നിർദ്ദിഷ്ട സംവിധാനം

ബിൽ: 2024 ഡിസംബർ

- ലോക്സഭയിലേക്കും സംസ്ഥാന നിയമസഭകളിലേക്കും ഒരേസമയം തെരഞ്ഞെടുപ്പ് നടത്തുക എന്ന ആശയം.
- മുൻ രാഷ്ട്രപതി രാം നാഥ് കോവിന്ദിന്റെ അധ്യക്ഷതയിൽ 2023 സെപ്റ്റംബറിൽ ഒരു ഉന്നതതല സമിതി രൂപീകരിച്ചു.
- ഈ സമിതിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ, ബന്ധപ്പെട്ട ഭരണഘടനാ ഭേദഗതി ബിൽ 2024 ഡിസംബറിൽ ലോക്സഭയിൽ അവതരിപ്പിച്ചു.

നിലവിലെ സ്ഥിതി: ഇതുവരെ നിയമമായിട്ടില്ല; ബിൽ സംയുക്ത പാർലമെന്ററി കമ്മിറ്റിയുടെ പരിഗണനയിലാണ്.

ഐക്യത്തിന്റെ ഇഴ:
രാജ്യത്തുടനീളം ലോക്സഭാ, നിയമസഭാ തെരഞ്ഞെടുപ്പുകൾ ഒരേസമയം നടക്കുന്ന രീതിയിൽ തെരഞ്ഞെടുപ്പ് ചക്രം സമകാലികമാക്കാനുള്ള ഒരു നിർദ്ദേശം. തെരഞ്ഞെടുപ്പ് ചെലവ് കുറയ്ക്കുന്നതിനും മാതൃകാ പെരുമാറ്റച്ചട്ടം അടിക്കടി നടപ്പിലാക്കുന്നത് മൂലം വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നത് തടയുന്നതിനുമാണ് ഇത് ലക്ഷ്യമിടുന്നത്.

ഒരു രാജ്യം, ഒരു സിവിൽ കോഡ്

നിലവിൽ നമ്മൾ ജീവിക്കുന്ന സിവിൽ കോഡ് യഥാർത്ഥത്തിൽ വിവേചനപരമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ചെങ്കോട്ടയുടെ കൊത്തളങ്ങളിൽ നിന്ന് പ്രസ്താവിച്ചു.

- ഭരണഘടനയുടെ ആത്മാവും സുപ്രീം കോടതിയും ഈ നടപടിയെ പിന്തുണയ്ക്കുന്നു. ഭരണഘടനാ ശില്പികൾ വിഭാവനം ചെയ്ത സ്വപ്നം പൂർത്തീകരിക്കേണ്ടത് എല്ലാവരുടെയും കൂട്ടായ ഉത്തരവാദിത്തമാണ്.
- ഈ ഗൗരവമുള്ള വിഷയത്തിൽ വ്യാപകമായ ദേശീയ ചർച്ച ഉണ്ടാകണം. ഒരു മതേതര സിവിൽ കോഡ് അടിയന്തിരമായി ആവശ്യമാണ്; അത് നടപ്പിലാക്കുന്നതിലേക്ക് നമ്മൾ മുന്നേറണം.

ഐക്യത്തിന്റെ ഇഴ:
ഒരു മതേതര സിവിൽ കോഡ് രാജ്യത്തെ മതത്തിന്റെ അടിസ്ഥാനത്തിലുള്ള വിവേചനത്തിൽ നിന്ന് മോചിപ്പിക്കുകയും സാധാരണ പൗരന്മാർക്ക് അനുഭവപ്പെടുന്ന അന്യതാബോധം ഇല്ലാതാക്കുകയും ചെയ്യും. ഐക്യത്തിന്റെയും 'ഏക് ഭാരത് ശ്രേഷ്ഠ ഭാരത്' എന്നതിന്റെയും ആത്മാവ് കൂടുതൽ ശക്തിപ്പെടും.

ദീർഘകാലമായി നിലനിൽക്കുന്ന ഈ വെല്ലുവിളിയെ അഭിസംബോധന ചെയ്തുകൊണ്ട്, 2019 ഓഗസ്റ്റ് 5 ന് ഇന്ത്യൻ പാർലമെന്റ് ആർട്ടിക്കിൾ 370 റദ്ദാക്കി, അതുവഴി "ഒരു രാഷ്ട്രം, ഒരു നിയമം, ഒരു ഭരണഘടന" എന്നതിന്റെ അന്തസ്സത്ത പുനഃസ്ഥാപിച്ചു. ഈ ചരിത്രപരമായ തീരുമാനത്തെ സുപ്രീം കോടതി പിന്നീട് ശരിവയ്ക്കുകയും ചെയ്തു.

സ്വാതന്ത്ര്യം ലഭിച്ച് ഏഴ് പതിറ്റാണ്ടുകൾക്ക് ശേഷം, 'ഒരു രാജ്യം, ഒരു ഭരണഘടന' എന്ന രാജ്യത്തിന്റെ നിശ്ചയദാർഢ്യം നിറവേറ്റപ്പെട്ടു - കൃതജ്ഞതയുള്ള ഒരു രാഷ്ട്രത്തിന് സർദാർ പട്ടേലിന് നൽകാൻ കഴിയുന്ന ഏറ്റവും വലിയ ശ്രദ്ധാഞ്ജലിയാണിത്.

റോഡ്, റെയിൽ, ഇന്റർനെറ്റ്

ദൂരം കുറയ്ക്കുന്നത് മുതൽ ആശയവിനിമയം സാധ്യമാക്കുന്നത് വരെ




ഒരു രാഷ്ട്രം, ഒരു തിരിച്ചറിയൽ സംവിധാനം - ആധാർ

- ബയോമെട്രിക്, ജനസംഖ്യ വിവരങ്ങളെ അടിസ്ഥാനമാക്കി ഡിജിറ്റൽ ഐഡന്റിറ്റി നൽകുന്ന, ലോകത്തിലെ ഏറ്റവും വലിയ ഡിജിറ്റൽ തിരിച്ചറിയൽ സംവിധാനമാണിത്.
- യു.പി.ഐ, ഡിജിലോക്കർ, ഉമാങ് ആപ്പ്, ഇ-സൈൻ എന്നിവയുൾപ്പെടെ നിരവധിയായ ദേശീയ സേവനങ്ങൾ ഈ ഡിജിറ്റൽ ഐഡന്റിറ്റിയുമായി ബന്ധിപ്പിച്ചിരിക്കുന്നു.

144 കോടിയിലധികം ആധാർ (ഒരു രാഷ്ട്രം, ഒരു തിരിച്ചറിയൽ) നമ്പറുകൾ നൽകിയിട്ടുണ്ട്.

ഒരു രാഷ്ട്രം - ഒരു വാതക ശൃംഖല

- ഓരോ വീട്ടിലേക്കും എൽ.പി.ജിയും വാഹനങ്ങൾക്ക് സി.എൻ.ജിയും സുഗമമായി ലഭ്യമാക്കുക എന്നതാണ് 'ഒരു രാഷ്ട്രം - ഒരു വാതക ശൃംഖല' എന്നതിന്റെ ലക്ഷ്യം.
- 2014-ന് മുമ്പുള്ള 27 വർഷങ്ങളിൽ, കേവലം 15,000 കിലോമീറ്റർ ഗ്യാസ് പൈപ്പ് ലൈനുകൾ മാത്രമാണ് സ്ഥാപിച്ചിരുന്നത്.
- രാജ്യത്തുടനീളം ഏകദേശം 34,233 കിലോമീറ്റർ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് ഏജൻസികൾക്ക് അനുമതി നൽകിയിട്ടുണ്ട്; ഇതിൽ 2025 ജൂണോടെ 25,429 കിലോമീറ്റർ പൈപ്പ് ലൈനുകൾ പ്രവർത്തനക്ഷമമായി.
- വാതക ലഭ്യതയും കണക്ഷനുകളും വർദ്ധിച്ചതോടെ നിരവധി സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും മണ്ണെണ്ണ ആശ്രയത്വം ഒഴിവാക്കാൻ സാധിച്ചു.



ഒരു രാഷ്ട്രം, ഒരു പവർ ഗ്രിഡ്

- ലേ - ലഡാക്ക് സംയോജിപ്പിച്ചതോടെ 'ഒരു രാഷ്ട്രം, ഒരു പവർ ഗ്രിഡ്, ഒരു ഫ്രീക്വൻസി' എന്ന ലക്ഷ്യം 2019 ഫെബ്രുവരിയിൽ പൂർത്തിയായി.
- ഒരു ആവൃത്തിയിൽ പ്രവർത്തിക്കുന്ന ലോകത്തിലെ ഏറ്റവും വലിയ പവർ ഗ്രിഡാണിത്. ഏകദേശം 1.70 ലക്ഷം സർക്യൂട്ട്-കിലോമീറ്റർ പ്രസരണ ലൈനുകൾ കൂട്ടിച്ചേർത്തു.

1.12 ലക്ഷം മെഗാവാട്ടിന്റെ വൈദ്യുതി പ്രസരണ ശേഷി വികസിപ്പിച്ചെടുത്തു.

രാജ്യത്തിന്റെ എല്ലാ ഭാഗത്തും തടസ്സമില്ലാത്ത വൈദ്യുതി ലഭ്യത ഉറപ്പാക്കുകയും വൈദ്യുത പ്രസരണ നഷ്ടം കുറയ്ക്കുകയും ചെയ്തിട്ടുണ്ട്.

ഒരു രാഷ്ട്രം, ഒരു മൊബിലിറ്റി കാർഡ്

രാജ്യത്തുടനീളമുള്ള മെട്രോ സംവിധാനങ്ങൾ, ബസുകൾ, ക്യാബുകൾ, മോണോറെയിലുകൾ, നഗര റെയിൽവേ ശൃംഖലകൾ എന്നിവയിലുടനീളം ഉപയോഗിക്കുന്നതിനായി നാഷണൽ കോമൺ മൊബിലിറ്റി കാർഡ് (എൻ.സി.എം.സി) നടപ്പിലാക്കിവരുന്നു.

- പ്രധാനമന്ത്രി നരേന്ദ്ര മോദി 2019 മാർച്ചിലാണ് ഗതാഗത മേഖലയിൽ 'ഒരു രാഷ്ട്രം, ഒരു കാർഡ്' പദ്ധതിക്ക് തുടക്കം കുറിച്ചത്. നാഷണൽ കോമൺ മൊബിലിറ്റി കാർഡിനെ അടിസ്ഥാനമാക്കിയുള്ള തദ്ദേശീയ ഓട്ടോമാറ്റിക് യാത്രാ നിരക്ക് ശേഖരണ സംവിധാനം, ഇന്ത്യയിലെ ഇത്തരത്തിലുള്ള ആദ്യത്തെ സംവിധാനമാണ്.
- മെട്രോ, ബസ്, സബർബൻ റെയിൽ, ടോളുകൾ, പാർക്കിംഗ്, സ്മാർട്ട് സിറ്റി സേവനങ്ങൾ, റീട്ടെയിൽ വാങ്ങലുകൾ എന്നിവയുൾപ്പെടെയുള്ള എല്ലാ മേഖലകളിലെയും പേയ്മെന്റുകൾക്കായി ഉപഭോക്താക്കൾക്ക് ഈ ഒറ്റ കാർഡ് ഉപയോഗിക്കാം.

സമീപകാല നിയമസഭാ തിരഞ്ഞെടുപ്പിൽ, അവിടെ ആദ്യമായി വിവേചനമില്ലാതെ വോട്ടുകൾ രേഖപ്പെടുത്തി. സ്വാതന്ത്ര്യം ലഭിച്ച് 75 വർഷങ്ങൾക്ക് ശേഷം ആദ്യമായി- ഒരു ജമ്മു കശ്മീർ മുഖ്യമന്ത്രി ഇന്ത്യൻ ഭരണഘടനയോട് കൂറുപുലർത്തുമെന്ന് പ്രതിജ്ഞയെടുത്തു. ഇപ്പോൾ, കശ്മീർ മുതൽ കന്യാകുമാരി വരെയുള്ള രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളും ഒരേ ഭരണഘടനയും ഒരേ നിയമ ചട്ടക്കൂടും പൗരന്മാർക്ക് തുല്യ അവകാശവും പങ്കിടുന്നു.

സമ്പർക്കത്തിന് റെയിൽ, റോഡ്, ദേശീയപാത, ഡിജിറ്റൽ ശൃംഖലകൾ

റോഡുകളും ദേശീയപാതകളും

ഇന്ത്യയുടെ റോഡ് ശൃംഖല

63.73 ലക്ഷം കിലോമീറ്റർ നീളമുള്ള ലോകത്തിലെ രണ്ടാമത്തെ ഏറ്റവും വലിയതാണ്.

ദേശീയപാതകളുടെ നീളം

2013-14 — **91,287** കി.മീ

മാർച്ച് 2026 — **1,46,572** കി.മീ

ഏകദേശം 61% വർദ്ധന




റെയിൽവേ സേവനങ്ങൾ

- ഇന്ത്യൻ റെയിൽവേ 2026 ഓഗസ്റ്റിൽ 67.27 കോടി യാത്രക്കാർക്ക് സേവനമൊരുക്കി.
- ഇന്ത്യയുടെ ആകെ ബ്രോഡ്ഗേജ് റെയിൽവേ ശൃംഖലയുടെ 99.6 ശതമാനവും വൈദ്യുതീകരിച്ചു.
- മുംബൈ-അഹമ്മദാബാദ് അതിവേഗ റെയിൽ ഇടനാഴിക്ക് 508 കിലോമീറ്റർ നീളമുണ്ട്. കൂടാതെ മണിക്കൂറിൽ 350 കിലോമീറ്റർ വേഗതയ്ക്കായി രൂപകൽപ്പന ചെയ്തിട്ടുള്ളതുമാണ്.
- രാജ്യത്തെ ആദ്യത്തെ തദ്ദേശീയ ഹൈഡ്രജൻ ഇന്ധന സെൽ ട്രെയിൻ 2026 ജൂലൈയിൽ ഉദ്ഘാടനം ചെയ്തു. പദ്ധതി ഉടൻ പൂർത്തിയാക്കും.

ഡിജിറ്റൽ കണക്റ്റിവിറ്റി

- രാജ്യത്തെ ഇന്റർനെറ്റ് വരിക്കാരുടെ എണ്ണം 109.2 കോടിയിലധികമായി വർദ്ധിച്ചു. വയർലെസ് ഡാറ്റയുടെ വില ജിബിക്ക് 7.51 രൂപയായി കുറഞ്ഞു.
- ഭാരത്നെറ്റ് പദ്ധതി: രാജ്യത്തെ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയുള്ള ഈ പദ്ധതിക്ക് കീഴിൽ, 2.21 ലക്ഷത്തിലധികം ഗ്രാമപഞ്ചായത്തുകൾ സേവനത്തിന് സജ്ജമാക്കിയിട്ടുണ്ട്.
- ഫൈബറും 5ജി നെറ്റ്വർക്കുകളും: രാജ്യത്തുടനീളം ഏകദേശം 7 ലക്ഷം കിലോമീറ്റർ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 99.9% ജില്ലകളിലും 5ജി സേവനങ്ങൾ ലഭ്യമാണ്.



ഒരുമയുടെ ഒരിഴ: രാജ്യത്ത് എവിടെ താമസിച്ചാലും, ഹൈവേകളും എക്സ്പ്രസ്വേകളും ഹൈസ്പീഡ് ട്രെയിനുകളും ഇപ്പോൾ വിവിധ പ്രദേശങ്ങൾക്കും സംസ്കാരങ്ങൾക്കും ഇടയിലുള്ള യാത്ര എളുപ്പമാക്കുന്നു. അതുപോലെ, ഡിജിറ്റൽ കണക്റ്റിവിറ്റി ദൂരങ്ങൾ കുറച്ചു; ഗ്രാമങ്ങൾ പോലും ഇപ്പോൾ ഫൈബർ നെറ്റ്വർക്ക് വഴി ബന്ധിപ്പിച്ചിരിക്കുന്നു.

162 വന്ദേ ഭാരത്, 2 വന്ദേ ഭാരത് സ്ലീപ്പർ, 72 അമൃത് ഭാരത് സേവനങ്ങൾ എന്നിവയിലൂടെ ഗതാഗത ബന്ധവും യാത്രാ സൗകര്യവും വർദ്ധിപ്പിച്ചു.



കൂടാതെ, കഴിഞ്ഞ 12 വർഷത്തിനിടയിൽ, ദേശീയ ഐക്യത്തിന് ഭീഷണിയുയർത്തിയ നിരവധി പ്രശ്നങ്ങൾ ഇന്ത്യ പരിഹരിച്ചു. ഇന്ന്, ഇന്ത്യയെ ഉപദ്രവിച്ചാൽ വെറുതെ വിടില്ലെന്ന് ഭീകരവാദത്തിന് പിന്നിൽ പ്രവർത്തിക്കുന്ന സൂത്രധാരന്മാർക്ക് അറിയാം. വടക്കുകിഴക്കൻ മേഖലയിലെ സമാധാനത്തിന്റെയും സമൃദ്ധിയുടെയും പാതയിൽ നിരവധി തടസ്സങ്ങൾ ഉണ്ടായിരുന്നു; എന്നിരുന്നാലും, സംഭാഷണം, വികസനം, വിശ്വാസം എന്നിവയിലൂടെ വിഘടനവാദത്തിന്റെ ജ്വാലകൾ കെടുത്താനായി.

കർഷക ശാക്തീകരണം

ഗ്രാമങ്ങൾക്കും കർഷകർക്കുമായി സംയോജിത സംവിധാനം

ഒരു രാഷ്ട്രം, ഒരൊറ്റ വളം

'ഭാരത് ബ്രാൻഡിലൂടെ ഒരു പുതിയ തുടക്കം

2022 ഒക്ടോബർ 17-ന്, 'ഒരു രാഷ്ട്രം, ഒരു വളം' എന്ന പ്രമേയത്തിലുള്ള പദ്ധതിയായ ഭാരതീയ ജൻ ഉർവരക് പരിയോജനയ്ക്ക് (ഇന്ത്യൻ ജനകീയ വളം പദ്ധതി) കീഴിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി 'ഭാരത്' യൂറിയ ബാഗ് പുറത്തിറക്കി.

- ഇനി മുതൽ രാജ്യത്തുടനീളം വിൽക്കുന്ന യൂറിയയ്ക്ക് ഒരൊറ്റ പേരും ഗുണനിലവാര മാനദണ്ഡവും ബ്രാൻഡുമാണ് ഉണ്ടാകുക: 'ഭാരത്'.



ഒരു രാഷ്ട്രം, ഒരു കാർഷിക വിപണി

നാഷണൽ അഗ്രികൾച്ചർ മാർക്കറ്റ് അഥവാ ഇ-നാം, 2016 ഏപ്രിലിലാണ് ആരംഭിച്ചത്. ഇ-നാം വഴി, രാജ്യം 'ഒരു രാഷ്ട്രം, ഒരു കാർഷിക വിപണി' എന്ന കാഴ്ചപ്പാടിലേക്ക് മുന്നേറുകയാണ്.

- 1.80 കോടിയിലധികം കർഷകരും 2.73 ലക്ഷം വ്യാപാരികളും ഇ-നാം പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.
- 23 സംസ്ഥാനങ്ങളിലെയും 4 കേന്ദ്രഭരണ പ്രദേശങ്ങളിലെയും 1,656 മണ്ഡികൾ (കാർഷിക വിപണികൾ) ഇ-നാം പ്ലാറ്റ്ഫോമുമായി സംയോജിപ്പിച്ചിരിക്കുന്നു.

₹4.84

ലക്ഷം കോടിയിലധികം മൂല്യമുള്ള, ഏകദേശം 205 ലക്ഷം മെട്രിക് ടൺ കാർഷിക ഉൽപ്പന്നങ്ങൾ ഈ പദ്ധതിയുടെ തുടക്കം മുതൽ 2026 മാർച്ച് വരെ ഇ-നാം വഴി വ്യാപാരം ചെയ്തു.



ബോഡോ കരാർ അസമിലെ 50 വർഷത്തെ തർക്കത്തിന് വിരാമമിട്ടു. ബ്രൂ-റിയാങ് കരാറിന് നന്ദി, കുടിയൊഴിപ്പിക്കപ്പെട്ട ആയിരക്കണക്കിന് പേർ പതിറ്റാണ്ടുകൾക്ക് ശേഷം സ്വന്തം വീടുകളിലേക്ക് മടങ്ങി. നാഷണൽ ലിബറേഷൻ ഫ്രണ്ട് ഓഫ് ത്രിപുരയുമായുള്ള കരാർ ദീർഘകാലമായുള്ള അശാന്തി അവസാനിപ്പിച്ചു. കൂടാതെ, അസമും മേഘാലയയും തമ്മിലുള്ള അതിർത്തി തർക്കം വലിയൊരളവോളം പരിഹരിക്കപ്പെട്ടു. 21-ാം നൂറ്റാണ്ടിന്റെ ചരിത്രം എഴുതപ്പെടുമ്പോൾ, രണ്ടാമത്തെയും മൂന്നാമത്തെയും പതിറ്റാണ്ടുകളിൽ നക്സലിസം എന്ന ഭയാനകമായ വിപത്തിനെ ഇന്ത്യ എങ്ങനെ വിജയകരമായി നിർമ്മാർജ്ജനം ചെയ്തുവെന്നതിനെക്കുറിച്ച് ഒരു സുവർണ്ണ അധ്യായം ഉണ്ടായിരിക്കും. നേപ്പാളിലെ പശുപതി മുതൽ ഇന്ത്യയിലെ തിരുപ്പതി വരെ ഒരു 'ചുവപ്പ് ഇടനാഴി' യുടെ ഒരു കാലമുണ്ടായിരുന്നു. ഇന്ത്യയുടെ ഐക്യത്തിനും അഖണ്ഡതയ്ക്കും നക്സലിസം വലിയൊരു വെല്ലുവിളിയായി ഉയർന്നുവന്നിരുന്നു. ഇന്ന് ഇന്ത്യ നക്സലിസത്തിൽ നിന്ന് മുക്തമാണ്.

യുവാക്കളുടെ അഭിലാഷങ്ങൾ നിറവേറ്റുന്നു

രാജ്യത്തിന്റെ ഏതൊരു കോണിൽ ജനിക്കുന്ന കുട്ടിയും ഒരു ഡോക്ടറോ എഞ്ചിനീയറോ ആകാൻ സ്വപ്നം കാണുന്നു; എന്നിരുന്നാലും, ഏതാനും വർഷങ്ങൾക്ക് മുമ്പ് വരെ ഈ സ്വപ്നം യാഥാർത്ഥ്യമാക്കുന്നത് വിദ്യാർത്ഥി ഏത് സംസ്ഥാന ബോർഡിൽ പഠിച്ചു അല്ലെങ്കിൽ ഏത് സംസ്ഥാനത്തെ എൻട്രൻസ് പരീക്ഷകൾ എഴുതി തുടങ്ങിയ ഘടകങ്ങളെയാണ് പ്രധാനമായും ആശ്രയിച്ചിരുന്നത്. മെഡിക്കൽ പ്രവേശനങ്ങളിൽ ഡസൻ കണക്കിന് സംസ്ഥാനതല, സ്വകാര്യ പരീക്ഷകൾ ഉൾപ്പെട്ടിരുന്നു. ഇത് വിദ്യാർത്ഥികളെ നിരവധി ഫോമുകൾ പൂരിപ്പിക്കാനും വിവിധ നഗരങ്ങളിലേക്ക് യാത്ര ചെയ്യാനും വ്യത്യസ്ത ഫീസുകൾ നൽകാനും വ്യത്യസ്ത മൂല്യനിർണ്ണയ മാനദണ്ഡങ്ങളോട് പോരാടാനും നിർബന്ധിതരാക്കി. പാവപ്പെട്ട പശ്ചാത്തലത്തിൽ നിന്നുള്ള ഒരു കുടുംബത്തെ സംബന്ധിച്ചിടത്തോളം, ഈ പ്രക്രിയ മുഴുവൻ ഒരു വലിയ പർവ്വതം കയറുന്നത് പോലെ ഭയപ്പെടുത്തുന്നതായിരുന്നു.

ഈ സങ്കീർണ്ണത പരിഹരിക്കുന്നതിനായി, 2017-ൽ നാഷണൽ ടെസ്റ്റിംഗ് ഏജൻസി (എൻ.ടി.എ) രൂപീകരിച്ചു.

ഇത് നീറ്റ് പരീക്ഷയെ മെഡിക്കൽ വിദ്യാഭ്യാസത്തിനുള്ള ഏക ദേശീയ പ്രവേശന പരീക്ഷയായി നിശ്ചയിക്കുകയും, ജെ.ഇ.ഇ പോലുള്ള മറ്റ് പ്രമുഖ പരീക്ഷകൾ കേന്ദ്രീകൃതവും സുതാര്യവും സാങ്കേതികവിദ്യയിൽ അധിഷ്ഠിതവുമായി നടത്തുന്നതിന് തുടക്കം കുറിക്കുകയും ചെയ്തു. ഇന്ന്, ഒരു വിദ്യാർത്ഥി ബിഹാറിലെ ഗവണ്മെന്റ് സ്കൂളിൽ നിന്നായാലും ഡൽഹിയിലെ പ്രശസ്തമായ സ്വകാര്യ സ്കൂളിൽ നിന്നായാലും, അവരുടെ യോഗ്യത നിർണ്ണയിക്കപ്പെടുന്നത് ഒരേ പരീക്ഷ, ഒരേ ചോദ്യപേപ്പർ, ഒരേ മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയാണ്. ഐക്യത്തിന്റെ ഈ മനോഭാവം സ്കൂളുകൾക്കും കോളേജുകൾക്കും അപ്പുറത്തേക്ക് ഗവേഷണത്തിന്റെയും നൂതനാശയങ്ങളുടെയും മേഖലയിലേക്കും വ്യാപിപ്പിച്ചിരിക്കുന്നു. അന്താരാഷ്ട്ര ജേണലുകളുടെ ഉയർന്ന വരിസംഖ്യ ചെലവുകൾ കാരണം രാജ്യത്തെ പൊതു വിദ്യാഭ്യാസ, ഗവേഷണ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഗവേഷകർക്കും ഏറ്റവും പുതിയ ഗവേഷണങ്ങൾ ലഭ്യമാകുന്നതിൽ പലപ്പോഴും തടസ്സം നേരിട്ടിരുന്നു. ഈ പ്രശ്നത്തിനുള്ള പരിഹാരമായി 'ഒരു രാഷ്ട്രം, ഒരൊറ്റ സബ്സ്ക്രിപ്ഷൻ' (ONOS) പദ്ധതി ഉയർന്നുവന്നു.

ഈ മാറ്റം പൂർണ്ണമായും സങ്കീർണ്ണതകൾ ഒഴിഞ്ഞതായിരുന്നില്ല. ഏതൊരു പ്രധാന ദേശീയ മാറ്റത്തെയും പോലെ, സംവിധാനം പുനഃസംഘടിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള ശ്രമങ്ങൾ തുടരുകയാണ്. എന്നിരുന്നാലും, 'ഒരു രാഷ്ട്രം, ഒരു പരീക്ഷ', 'ഒരു രാഷ്ട്രം, ഒരൊറ്റ നിയമനം' എന്നിവയുടെ കാതലായ ആശയം വിദ്യാഭ്യാസത്തിൽ തുല്യാവസരങ്ങൾക്ക് ശക്തമായ അടിത്തറയിട്ടിട്ടുണ്ട്.

മുന്നോട്ടുള്ള വഴി: ഒരു രാഷ്ട്രം, ഒരു തിരഞ്ഞെടുപ്പ്

സംയോജനത്തിന്റെ യാത്ര ഇവിടെ അവസാനിക്കുന്നില്ല. രാജ്യത്തുടനീളം ഓരോ വർഷവും ഏതെങ്കിലും ഒരു സംസ്ഥാനത്ത് തിരഞ്ഞെടുപ്പുകൾ നടക്കുന്നു; തൽഫലമായി, ഭരണസംവിധാനം നിരന്തരം തിരഞ്ഞെടുപ്പ് ജോലികളിൽ വ്യാപൃതരാവുകയും മാതൃകാ പെരുമാറ്റച്ചട്ടം പരോക്ഷമായി എപ്പോഴും നിലനിൽക്കുകയും ചെയ്യുന്നു. ഇത് വികസന പ്രവർത്തനങ്ങളുടെയും നയപരമായ തീരുമാനങ്ങളുടെയും വേഗതയെ പലപ്പോഴും ബാധിക്കുന്ന ഘടകങ്ങളാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി, ഇടയ്ക്കിടെയുള്ള തിരഞ്ഞെടുപ്പ് പ്രക്രിയകൾ ഭരണസംവിധാനത്തിലും വിഭവങ്ങളിലും ഉണ്ടാക്കുന്ന ഭാരം കുറയ്ക്കുന്നതിന് ലോക്സഭയിലേക്കും എല്ലാ സംസ്ഥാന നിയമസഭകളിലേക്കും ഒരേസമയം തിരഞ്ഞെടുപ്പ് നടത്തുന്ന 'ഒരു രാഷ്ട്രം, ഒരൊറ്റ തിരഞ്ഞെടുപ്പ്' എന്ന ആശയത്തെക്കുറിച്ച് ദീർഘകാലമായി ചർച്ചകൾ നടക്കുന്നുണ്ട്.


ഇടയ്ക്കിടെയുള്ള തിരഞ്ഞെടുപ്പുകൾ പൊതു ഖജനാവിന് വലിയ ഭാരം വരുത്തിവയ്ക്കുക മാത്രമല്ല, സുരക്ഷാ സേനകളെയും ഭരണനിർവ്വഹണ ഉദ്യോഗസ്ഥരെയും തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്കായി ആവർത്തിച്ചു നിയോഗിക്കേണ്ടിവരികയും, അതുവഴി വികസന പ്രവർത്തനങ്ങളുടെ തുടർച്ചയെ ബാധിക്കുകയും ചെയ്യുന്നു. ഒരേസമയത്തുള്ള തിരഞ്ഞെടുപ്പുകൾ ഈ പ്രതിബന്ധം തകർക്കുകയും, ഭരണകാലയളവിലുടനീളം സ്ഥിരതയുള്ള നയരൂപീകരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ഗവണ്മെന്റുകളെ പ്രാപ്തരാക്കുകയും ചെയ്യും.

ഈ ദിശയിൽ, മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദിന്റെ അധ്യക്ഷതയിൽ 2023 സെപ്റ്റംബറിൽ ഒരു ഉന്നതതല സമിതി രൂപീകരിച്ചു; വിപുലമായ പൊതുജന കൂടിയാലോചനകൾക്കും വിദഗ്ദ്ധരുമായുള്ള ചർച്ചകൾക്കും ശേഷം സമിതി ശുപാർശകൾ ഗവണ്മെന്റിന് സമർപ്പിച്ചു. ഈ പശ്ചാത്തലത്തിൽ, കേന്ദ്ര ഗവണ്മെന്റ് 2024 ഡിസംബർ 17-ന് ഭരണഘടന (129-ാം ഭേദഗതി) ബില്ലും കേന്ദ്ര ഭരണപ്രദേശങ്ങളുടെ നിയമ ഭേദഗതി ബില്ലും ലോക്സഭയിൽ അവതരിപ്പിച്ചു. നിലവിൽ, ഈ ബില്ലുകൾ വിശദമായ ചർച്ചകൾക്കായി ഒരു സംയുക്ത പാർലമെന്ററി സമിതിയുടെ (ജെ.പി.സി) പരിഗണനയിലാണ്. വിഷയത്തിൽ കൂടുതൽ ചർച്ചകൾ പാർലമെന്റിൽ നടക്കാനിരിക്കുന്നു.

> **ഇന്ന്, ഓരോ ഇന്ത്യക്കാരനും പറയാൻ കഴിയും: 'ഒരു രാഷ്ട്രം, ഒരൊറ്റ ഭരണഘടന.' സർദാർ സാഹിബിന്റെ 'ഏക് ഭാരത്, ശ്രേഷ്ഠ ഭാരത്' എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ നാം പ്രതിജ്ഞാബദ്ധരാണ്. രാജ്യത്തിന്റെ ഐക്യം ശക്തിപ്പെടുത്തുന്ന സംവിധാനങ്ങൾ നാം വികസിപ്പിച്ചെടുക്കണം, ഈ പ്രക്രിയ നിരന്തരമായ ഒന്നായിരിക്കണം.'**
>
> *നരേന്ദ്ര മോദി, പ്രധാനമന്ത്രി*

ഐക്യത്തിന്റെ വിശാല സാധ്യത

ऐक्यं बलं समाजस्य तद्भावे स दुर्बलः। तस्मात् ऐक्यं प्रशंसन्तु दृढं राष्ट्र हितैषिणः॥ - അതായത്, ഏതൊരു സമൂഹത്തിന്റെയും ശക്തി അതിന്റെ ഐക്യത്തിലാണ്. അതിനാൽ, ശക്തമായ ഒരു രാഷ്ട്രത്തിന്റെ നന്മ ആഗ്രഹിക്കുന്നവർ ഈ ഐക്യത്തിന്റെ മനോഭാവത്തെ അംഗീകരിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്യുന്നു. അതിനാൽ, രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും നാം ഏവരുടെയും കൂട്ടായ ഉത്തരവാദിത്വമാണ്. ചരിത്രം എഴുതി സമയം കളയരുത്, മറിച്ച് ചരിത്രം സൃഷ്ടിക്കാൻ കഠിനാധ്വാനം ചെയ്യണമെന്ന് സർദാർ പട്ടേൽ വിശ്വസിച്ചിരുന്നു. ഈ ചിന്താഗതിയോടെയാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി 2015-ൽ 'ഏക് ഭാരത്-ശ്രേഷ്ഠ ഭാരത്' സംരംഭത്തിന് തുടക്കം കുറിച്ചത്; ആ സമയത്ത്, ഇത് ചിലർക്ക് കേവലം ഒരു സാംസ്കാരിക പരിപാടിയായി മാത്രം തോന്നിയിരിക്കാം. എന്നാൽ, കഴിഞ്ഞ ദശകത്തിൽ, ഈ മനോഭാവം നികുതി വ്യവസ്ഥകൾ, ഭക്ഷ്യസുരക്ഷ (റേഷൻ വിതരണം), സൈനികരോടുള്ള ആദരം, ഭരണഘടനാപരമായ സമത്വം, പരീക്ഷാ അവസരങ്ങൾ, അറിവിലേക്കുള്ള പ്രവേശനം എന്നിവയുൾപ്പെടെ ഓരോ മേഖലയിലും ആഴത്തിൽ വ്യാപിച്ചിരിക്കുന്നു. രാജ്യത്ത് എവിടെയുമുള്ള പൗരന്മാർക്ക് ഏകീകൃതമായ ഒരു സംവിധാനം ഉറപ്പാക്കുക എന്ന പ്രധാന ലക്ഷ്യത്തോടെ ഈ യാത്ര തുടർന്നുകൊണ്ടിരിക്കുന്നു. ●



കേന്ദ്ര മന്ത്രിസഭാ തീരുമാനങ്ങൾ

റാബി വിളകളുടെ താങ്ങുവിലയിൽ വർദ്ധന
ഹരിത ഊർജ ഇടനാഴി മൂന്നാംഘട്ട പദ്ധതിക്ക് അംഗീകാരം

കർഷകരുടെ ക്ഷേമത്തിനും പുനരുപയോഗ ഊർജ ലഭ്യത വ്യാപിപ്പിക്കുന്നതിനും കേന്ദ്ര ഗവണ്മെന്റ് പ്രതിജ്ഞാബദ്ധമാണ്, ഈ ലക്ഷ്യത്തിനായി രാജ്യം നിരന്തരം പ്രവർത്തിക്കുകയാണ്. ഇതിന്റെ പശ്ചാത്തലത്തിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ സെപ്റ്റംബർ 30-ന് ചേർന്ന കേന്ദ്ര മന്ത്രിസഭാ യോഗം റാബി വിളകളുടെ താങ്ങുവില (എം.എസ്.പി) വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾക്ക് അംഗീകാരം നൽകി. കൂടാതെ, ഹരിത ഊർജ ഇടനാഴി മൂന്നാം ഘട്ട പദ്ധതിക്കും ഇന്റലിജന്റ് ട്രാഫിക് മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശത്തിനും അംഗീകാരം നൽകി. ഈ നടപടികൾ കർഷകരെ സഹായിക്കുന്നതിനും പരിസ്ഥിതി സംരക്ഷിക്കുന്നതിനും സഹായകരമാകും...

തീരുമാനം: 2027-28 വിപണന സീസണിലേക്ക് വിജ്ഞാപനം ചെയ്ത എല്ലാ റാബി വിളകളുടെയും താങ്ങുവില (എം.എസ്.പി) വർദ്ധിപ്പിക്കുന്നതിന് സാമ്പത്തിക കാര്യങ്ങൾക്കായുള്ള മന്ത്രിസഭാ കമ്മിറ്റി അംഗീകാരം നൽകി.

നേട്ടം: ഏറ്റവും ഉയർന്ന താങ്ങുവില വർദ്ധനവ് ചെണ്ടൂരകം കിന്റലിന് 675 രൂപയായി പ്രഖ്യാപിച്ചു. തൊട്ടുപിന്നാലെ റാപ്പ്സീഡ്, കടുക് വർഗ്ഗങ്ങൾ എന്നിവയ്ക്ക് കിന്റലിന് 413 രൂപ വർദ്ധിപ്പിച്ചു. ചെറുപയർ/മസൂർ, ബാർലി, കടല, ഗോതമ്പ് എന്നിവയ്ക്ക് യഥാക്രമം കിന്റലിന് 390 രൂപ, 136 രൂപ, 83 രൂപ, 25 രൂപ എന്നിങ്ങനെയാണ് വർദ്ധന.

- 2014-15 മുതൽ 2025-26 വരെയുള്ള കാലയളവിൽ ഗോതമ്പ് സംഭരണം 3,715 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചു.
- 2014-15 മുതൽ 2025-26 വരെയുള്ള കാലയളവിൽ ആറ് റാബി വിളകളുടെ സംഭരണം 3,921 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചു.

- 2014-15 മുതൽ 2025-26 വരെയുള്ള കാലയളവിൽ ഗോതമ്പ് കർഷകർക്ക് നൽകിയ മൊത്തം താങ്ങുവില (MSP) 7.31 ലക്ഷം കോടി രൂപയായി ഉയർന്നു.

- 2014-15 മുതൽ 2025-26 വരെയുള്ള കാലയളവിൽ ആറ് റാബി വിളകൾ ഉൽപ്പാദിപ്പിക്കുന്ന കർഷകർക്ക് നൽകിയ താങ്ങുവില 8.36 ലക്ഷം കോടി രൂപയായി ഉയർന്നു.

തീരുമാനം: ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റവുമായി (BESS) സംയോജിപ്പിച്ചുള്ള സംസ്ഥാനത്തിനകത്തെ വൈദ്യുതി പ്രസരണ സംവിധാനങ്ങളുടെ വികസനത്തിനായുള്ള 'ഗ്രീൻ എനർജി കോറിഡോർ ഫേസ്-III' പദ്ധതിക്ക് അംഗീകാരം നൽകി.

ഫലം: ഈ ചരിത്രപരമായ സംരംഭം രാജ്യത്തെ സംസ്ഥാനങ്ങൾക്കുള്ളിലെ പ്രസരണ അടിസ്ഥാനസൗകര്യങ്ങൾ ശക്തിപ്പെടുത്തുകയും, സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമുടനീളം 135 ജിഗാവാട്ട് വരെ പുനരുപയോഗ ഊർജ്ജം പ്രസരണം ചെയ്യാനും ഗ്രിഡുമായി സംയോജിപ്പിക്കാനും സഹായിക്കുകയും ചെയ്യും.

- മൊത്തം 1,86,405 കോടി രൂപ പദ്ധതിച്ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി 2032-33 സാമ്പത്തിക വർഷത്തോടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

- 2035-ഓടെ ഫോസിൽ ഇതര ഇന്ധനങ്ങളിൽ നിന്നുള്ള സ്ഥാപിത ഊർജ്ജ ശേഷി 900 ജിഗാവാട്ട് ആയി ഉയർത്തുക എന്ന ലക്ഷ്യം കൈവരിക്കാൻ ഇത് സഹായിക്കും.

- കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിലൂടെ രാജ്യത്തിന്റെ ദീർഘകാല ഊർജ്ജ സുരക്ഷയ്ക്കും പരിസ്ഥിതി സൗഹൃദ വളർച്ചയ്ക്കും ഈ പദ്ധതി സംഭാവന നൽകും.

- ഊർജ്ജം, ഉൽപ്പാദനം, നിർമ്മാണ പ്രവർത്തനങ്ങൾ എന്നീ മേഖലകളിൽ വൻതോതിൽ പ്രത്യക്ഷവും പരോക്ഷവുമായ തൊഴിലവസരങ്ങൾ ഇത് സൃഷ്ടിക്കും.

- ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റങ്ങളുടെ (BESS) നിർമ്മാണവും വിന്യാസവും ആഭ്യന്തര ഊർജ്ജ സംഭരണ വ്യവസായത്തിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കും.

- പദ്ധതിയിൽ പങ്കാളികളാകുന്ന സംസ്ഥാനങ്ങളിൽ പ്രവർത്തനം, പരിപാലനം, ഗ്രിഡ് മാനേജ്മെന്റ് തുടങ്ങിയ മേഖലകളിൽ ദീർഘകാല നൈപുണ്യാധിഷ്ഠിത തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും..



തീരുമാനം: ഡൽഹിയിൽ ഇന്റലിജന്റ് ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം (ITMS) നടപ്പിലാക്കുന്നതിന് അംഗീകാരം നൽകി.

ഫലം: തെരഞ്ഞെടുക്കപ്പെട്ട 42 ഗതാഗത ഇടനാഴികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. നിർമ്മിതബുദ്ധി (AI) സാങ്കേതികവിദ്യ ഉപയോഗിച്ച് വാഹനങ്ങൾ നിരീക്ഷിക്കും.

- 24 മാസത്തിനുള്ളിൽ മൂന്ന് ഘട്ടങ്ങളായാണ് ഇത് നടപ്പിലാക്കുക; തുടർന്ന് അഞ്ച് വർഷത്തെ പ്രവർത്തനവും പരിപാലനവും ഉണ്ടായിരിക്കും.

- വാഹനങ്ങളുടെ ബാഹുല്യവും ഗതാഗത സാഹചര്യങ്ങളും അടിസ്ഥാനമാക്കി സിഗ്നൽ സമയം ക്രമീകരിക്കാൻ കഴിയുന്ന സിഗ്നലുകളായിരിക്കും പുതിയ സംവിധാനത്തിൽ ഉൾപ്പെടുന്നത്.

- നിർമ്മിതബുദ്ധിയുടെ സഹായത്തോടെയുള്ള നിരീക്ഷണം മോഷണം പോയതും സംശയാസ്പദവുമായ വാഹനങ്ങൾ കണ്ടെത്തുന്നത് കൂടുതൽ എളുപ്പമാക്കും.■

മന്ത്രിസഭാ തീരുമാനങ്ങളെക്കുറിച്ചുള്ള വാർത്താസമ്മേളനം കാണുന്നതിനായി ക്യുആർ കോഡ് സ്കാൻ ചെയ്യുക





51,000-ത്തിലധികം നിയമന ഉത്തരവുകൾ വിതരണം ചെയ്തു

യുവജനങ്ങളെ ഭാവിയിലേക്ക് സജ്ജമാക്കാൻ ഗവണ്മെന്റ്

ദേശീയ വിദ്യാഭ്യാസ നയം, നിങ്കിൽ ഇന്ത്യ മിഷൻ, പ്രധാനമന്ത്രി കൗശൽ വികാസ് യോജന, പിഎം സേതു എന്നിവ യുവജനങ്ങളെ ഭാവിയുടെ വെല്ലുവിളികൾ നേരിടാൻ സജ്ജരാക്കുക മാത്രമല്ല, തൊഴിൽ കണ്ടെത്താൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നു. ഈ തുടർച്ചയായ പരിശ്രമങ്ങളുടെ ഭാഗമായി, സെപ്റ്റംബർ 19-ന് നടന്ന 'റോസ്ഗാർ മേള'യിൽ 51,000-ത്തിലധികം യുവജനങ്ങൾക്ക്ഗവണ്മെന്റ് സർവീസിലേക്കുള്ള നിയമന ഉത്തരവുകൾ കൈമാറി. 20-ാമത് റോസ്ഗാർ മേളയെ അഭിസംബോധന ചെയ്തുകൊണ്ട് സംസാരിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി, ഇവർ കൈവരിച്ച ഈ നേട്ടം അവരുടെ കഠിനാധ്വാനത്തിന്റെ ഫലം മാത്രമല്ല, മാതാപിതാക്കളുടെയും കുടുംബത്തിന്റെയും സമർപ്പണത്തിന്റെയും ത്യാഗത്തിന്റെയും കൂടി ഫലമാണെന്ന് ചൂണ്ടിക്കാട്ടി.

രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥ മുന്നേറുകയും നിക്ഷേപങ്ങൾ വർദ്ധിക്കുകയും പുതിയ വ്യവസായങ്ങൾ ആരംഭിക്കുകയും പുതിയ മേഖലകൾ വികസിക്കുകയും ചെയ്യുമ്പോൾ യുവജനങ്ങൾക്ക് പുതിയ അവസരങ്ങൾ ലഭിക്കുന്നു. ഇന്ന്, അതിവേഗം വളരുന്ന ഒരു പ്രധാന സമ്പദ്‌വ്യവസ്ഥയാണ് ഇന്ത്യ; നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ രാജ്യം 7.8 ശതമാനം വളർച്ചാ നിരക്ക് രേഖപ്പെടുത്തി. സ്വകാര്യ മേഖലയിലും തൊഴിലവസരങ്ങൾ അതിവേഗം വർദ്ധിപ്പിക്കാനാണ് ഗവണ്മെന്റ് ശ്രമിക്കുന്നതെന്ന് ചടങ്ങിൽ സംസാരിച്ച പ്രധാനമന്ത്രി മോദി വ്യക്തമാക്കി.

ഈ ലക്ഷ്യം മുൻനിർത്തിയാണ് 'പ്രധാനമന്ത്രി വികസിത് ഭാരത് റോസ്ഗാർ യോജന'യ്ക്ക് തുടക്കം കുറിച്ചത്. ഏകദേശം ഒരു ലക്ഷം കോടി രൂപയാണ് ഈ പദ്ധതിക്കായി നീക്കിവെച്ചിരിക്കുന്നത്. രണ്ട് കോടിയോളം വരുന്ന യുവജനങ്ങൾക്ക് ആദ്യമായി തൊഴിൽ രംഗത്തേക്ക് പ്രവേശിക്കാൻ ഈ പദ്ധതി അവസരമൊരുക്കും.

ഇതുവരെ 12.75 ലക്ഷം യുവജനങ്ങൾക്ക് നിയമന ഉത്തരവുകൾ ലഭിച്ചു

- രാജ്യത്തുടനീളമുള്ള 45 കേന്ദ്രങ്ങളിലാണ് ഈ റോസ്ഗാർ മേള സംഘടിപ്പിച്ചത്.
- പുതുതായി നിയമനം ലഭിച്ചവർ കേന്ദ്ര ഗവണ്മെന്റിന്റെ വിവിധ മന്ത്രാലയങ്ങളിലും വകുപ്പുകളിലുമായി ജോലിയിൽ പ്രവേശിക്കും.
- റവന്യൂ വകുപ്പ്, റെയിൽവേ മന്ത്രാലയം, ആഭ്യന്തര മന്ത്രാലയം, ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയം, ധനകാര്യ സേവന വകുപ്പ്, പ്രതിരോധ മന്ത്രാലയം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.
- 20-ാമത് റോസ്ഗാർ മേളയോടെ, വിവിധ വകുപ്പുകളിലും ഗവണ്മെന്റ് സ്ഥാപനങ്ങളിലുമായി ഏകദേശം 12.75 ലക്ഷം യുവജനങ്ങൾക്കാണ് ഇതുവരെ തൊഴിൽ ലഭിച്ചിട്ടുള്ളത്.

ഇന്ന് 1.7 കോടിയിലധികം ഗവണ്മെന്റ് ജീവനക്കാർ iGOT കർമയോഗി പ്ലാറ്റ്ഫോമുമായി ബന്ധപ്പെട്ടിരിക്കുന്നു.

2047-ഓടെ 'വികസിത ഭാരതം' കെട്ടിപ്പടുക്കുക എന്ന മഹത്തായ ലക്ഷ്യത്തിലേക്ക് രാജ്യം മുന്നേറുന്ന നിർണ്ണായകമായ ഒരു ഘട്ടത്തിലാണ് നിങ്ങളെല്ലാവരും ഇന്ത്യ ഗവണ്മെന്റിന്റെ ഭാഗമാകുന്നത്. ഈ ദൗത്യത്തിൽ രാജ്യത്തെ യുവജനങ്ങൾക്ക് നിർണായക പങ്ക് വഹിക്കാനുണ്ട്.


നരേന്ദ്ര മോദി, പ്രധാനമന്ത്രി


ഭാവിക്ക് അനുയോജ്യമായ രീതിയിൽ യുവജനങ്ങളെ സജ്ജമാക്കുന്നതിന് ഊന്നൽ

- ദേശീയ വിദ്യാഭ്യാസ നയം, സ്കിൽ ഇന്ത്യ മിഷൻ, പ്രധാനമന്ത്രി കൗശൽ വികാസ് യോജന, അപ്രന്റീസ്ഷിപ്പുകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ.
- പിഎം-സേതു പദ്ധതിക്ക് കീഴിൽ 60,000 കോടി രൂപയുടെ നിക്ഷേപത്തോടെ 1,000 ഗവണ്മെന്റ് ഐടിഐ-കൾ ആധുനികവൽക്കരിക്കുന്നു.

ഈ പദ്ധതിക്ക് കീഴിൽ, ആദ്യമായി ജോലി നേടുന്ന യുവജനങ്ങൾക്ക് 15,000 രൂപ വരെ ഗവണ്മെന്റ് ആനുകൂല്യം നൽകുന്നുണ്ടെന്ന് പ്രധാനമന്ത്രി മോദി ചൂണ്ടിക്കാട്ടി. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന തൊഴിൽദായകർക്കും ഇതോടൊപ്പം ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ചുരുക്കത്തിൽ, രാജ്യത്തുടനീളം തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സമഗ്രമായ പ്രവർത്തനങ്ങളാണ് ഗവണ്മെന്റ് നടത്തുന്നത്.

റോസ്ഗാർ മേളയിലൂടെ യുവജനങ്ങൾക്ക് ഗവണ്മെന്റ് ജോലി ലഭ്യമാക്കുന്നു







സെമികണ്ടക്ടർ

നൂതനാശയങ്ങൾ, നിക്ഷേപം, വളർച്ച എന്നിവയ്ക്കുള്ള പുതിയ അവസരങ്ങൾ തുറക്കുന്നു

ശക്തമായ സമ്പദ്‌വ്യവസ്ഥയുടെയും ആഗോള വിശ്വാസത്തിന്റെയും പിൻബലത്തോടെ, ഇന്ത്യ ഒരു പുതിയ ആഗോള ഉൽപ്പാദന കേന്ദ്രമായി മാറുന്നതിലേക്ക് മുന്നേറുകയാണ്. ഈ പ്രയാണത്തിൽ നിർണായക പങ്കുവഹിക്കാൻ സെമികണ്ടക്ടർ വ്യവസായം ഒരുങ്ങിക്കഴിഞ്ഞു. സെപ്റ്റംബർ 17-ന് ഡൽഹിയിൽ നടന്ന 'സെമികോൺ ഇന്ത്യ 2026' പരിപാടിയെ അഭിസംബോധന ചെയ്തുകൊണ്ട് സംസാരിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി, ഇന്ത്യയുടെ സെമികണ്ടക്ടർ മേഖല അതിവേഗം മുന്നേറുകയാണെന്ന് ചൂണ്ടിക്കാട്ടി. ആധുനിക സാങ്കേതികവിദ്യയുടെ വികസനത്തിൽ പങ്കാളികളാകാൻ ഇന്ത്യയിലെയും വിദേശത്തെയും പ്രതിഭാധനരായ യുവജനങ്ങളോട് അദ്ദേഹം ആഹ്വാനം ചെയ്തു.

2022-ലാണ് സെമികോൺ ഇന്ത്യയ്ക്ക് തുടക്കം കുറിച്ചത്. മൊഹാലിയിലും സൂറത്തിലുമുള്ള രണ്ട് പുതിയ പ്ലാന്റുകളിൽ വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപ്പാദനം ആരംഭിച്ചുകഴിഞ്ഞു. ഇവിടെ നിന്നുള്ള ചിപ്പുകൾ ഇപ്പോൾ ആഗോള ഉപഭോക്താക്കളിലേക്ക് എത്തുന്നുണ്ട്. ചുരുങ്ങിയ സമയം കൊണ്ട് തന്നെ ചിപ്പ് രൂപകൽപ്പന, ഉപകരണ നിർമ്മാണം, പരിശോധനാ സൗകര്യങ്ങൾ എന്നിവ രാജ്യത്തിനകത്ത് വികസിപ്പിച്ചെടുക്കാൻ ഇതിലൂടെ സാധിച്ചു. സെമികോൺ ഇന്ത്യ 2026 പരിപാടിയിൽ ഈ വിവരങ്ങൾ പങ്കുവെച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി, 13.5 ബില്യൺ ഡോളറിന്റെ സെമികണ്ടക്ടർ ദൗത്യത്തിന്റെ രണ്ടാം ഘട്ടം പ്രഖ്യാപിക്കുകയും ചെയ്തു. അന്താരാഷ്ട്ര കമ്പനികൾ, സ്റ്റാർട്ടപ്പുകൾ, ഡിസൈൻ സ്ഥാപനങ്ങൾ എന്നിവ തമ്മിലുള്ള സഹകരണം സുഗമമാക്കുന്നതിനായി രൂപകൽപ്പന ചെയ്തിട്ടുള്ള പുതിയ നിയന്ത്രണ പരിഷ്കാരങ്ങളെക്കുറിച്ചും അദ്ദേഹം എടുത്തുപറഞ്ഞു.



കഴിഞ്ഞ 15 ദിവസത്തെ നേട്ടങ്ങൾ...

3,000 കിലോമീറ്റർ ദൈർഘ്യമുള്ള സമർപ്പിത ചരക്ക് ഗതാഗത ഇടനാഴി രാജ്യത്തിന് സമർപ്പിച്ചു.


- ആദ്യ പാദത്തിൽ ജിഡിപി 7.8 ശതമാനം വളർച്ച രേഖപ്പെടുത്തി.
- അംഗരാജ്യങ്ങൾ ഏകകണ്ഠമായി ബ്രിക്സ് ഡൽഹി പ്രഖ്യാപനം അംഗീകരിച്ചു.
- മുംബൈയിൽ നടന്ന ഗ്ലോബൽ ഫിൻടെക് ഫെസ്റ്റിൽ, ഏജന്റിക് എഐ, ക്വാണ്ടം സാങ്കേതികവിദ്യ എന്നിവയിലൂടെയുള്ള സാമ്പത്തിക ഉൾച്ചേർക്കലിനെക്കുറിച്ചുള്ള ചർച്ചകൾ നടന്നു.

പ്രധാനമന്ത്രി മോദിയുടെ പ്രസംഗത്തിലെ പ്രസക്തഭാഗങ്ങൾ...

കഴിഞ്ഞ രണ്ട് വർഷത്തിനിടെ സെമികണ്ടക്ടർ വിപണി

20% **ശതമാനത്തിലധികം വളർച്ച കൈവരിച്ചു; നിർമ്മിതബുദ്ധി സൃഷ്ടിച്ച ആവശ്യകതയാണ് ഇതിന് പ്രധാന കാരണം.**

- ഒരു ലക്ഷം എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാനുള്ള ഗവണ്മെന്റിന്റെ ബൃഹത്തായ പദ്ധതി. ഇതിൽ 70,000 പേരുടെ പരിശീലനം ഇതിനകം പൂർത്തിയായിക്കഴിഞ്ഞു.
- സൗരോർജ്ജ ശേഷി ഒരു പതിറ്റാണ്ട് മുൻപത്തെ രണ്ട് ജിഗാവാട്ടിൽ നിന്ന് ഇപ്പോൾ 60 ജിഗാവാട്ടിലധികമായി ഉയർന്നു.





ഒരു സെമികണ്ടക്ടർ ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിന് സാധാരണയായി പതിറ്റാണ്ടുകൾ വേണ്ടിവരുമെങ്കിലും, ചുരുങ്ങിയ കാലയളവിനുള്ളിൽ ഇന്ത്യ ഈ മേഖലയിൽ ശ്രദ്ധേയമായ വിജയം കൈവരിച്ചു. രാജ്യം താഴെ പറയുന്ന എല്ലാ മേഖലകളിലും ഒരേസമയം ഊർജ്ജിതമായ പ്രവർത്തനങ്ങൾ നടത്തി:

- ചിപ്പ് രൂപകൽപ്പനയും നിർമ്മാണവും
- ഉപകരണങ്ങളുടെയും അസംസ്കൃത വസ്തുക്കളുടെയും വിതരണം
- ചിപ്പ് പരിശോധനാ ശേഷി

നിലവിൽ ഇന്ത്യയിൽ ഗവേഷണം നടത്തുന്ന യുവ പ്രതിഭകൾ മുന്നോട്ടുവരണം. വിദേശത്ത് ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്നവരും ഇന്ത്യയ്ക്കുള്ളിൽ അത്യാധുനിക സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിൽ പങ്കാളികളാകണം.

നരേന്ദ്ര മോദി, പ്രധാനമന്ത്രി

പ്രധാനമന്ത്രി മോദിയുടെ പരിപാടിയുടെ പൂർണ്ണരൂപം കാണുന്നതിനായി ക്യുആർ കോഡ് സ്കാൻ ചെയ്യുക



'ഉഡാന്റെ' 10 വർഷങ്ങൾ

യാത്രാസൗകര്യത്തിൽ കുതിപ്പ്... സ്വയംപര്യാപ്ത ഇന്ത്യയ്ക്ക് കരുത്തേകുന്നു

'ഹവായ് ചെരുപ്പ് ധരിച്ച സാധാരണക്കാരും വിമാനങ്ങളിൽ യാത്ര ചെയ്യുന്നത് കാണാനാണ് ഞാനാഗ്രഹിക്കുന്നത്.' ആദ്യ ഉഡാൻ വിമാന സർവീസിന് തുടക്കം കുറിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞ വാക്കുകളാണിത്... ഇന്ന് 1.68 കോടിയിലധികം പേർ ഈ ചെലവുകുറഞ്ഞ വിമാന സർവീസിന്റെ പ്രയോജനം നേടിയതായി ഉഡാന്റെ കണക്കുകൾ വ്യക്തമാക്കുന്നു. പദ്ധതിയുടെ പരിഷ്കരിച്ച പുതിയ ഘട്ടത്തിന് 2026 ജൂലൈ 4-ന് തുടക്കം കുറിച്ചു. 120 പുതിയ കേന്ദ്രങ്ങളിലേക്ക് സർവീസ് വ്യാപിപ്പിക്കുന്നതിനും 4 കോടി യാത്രക്കാർക്ക് സേവനം നൽകുന്നതിനുമൊപ്പം ആഭ്യന്തര വ്യോമയാന മേഖലയ്ക്കും ആത്മനിർഭർ ഭാരത് ദൗത്യത്തിനും കൂടുതൽ കരുത്തുപകരാനും പദ്ധതി ലക്ഷ്യമിടുന്നു...

സ്വാതന്ത്ര്യത്തിന് ശേഷം ഇതാദ്യമായി നിലവിലെ കേന്ദ്ര ഗവണ്മെന്റാണ് രാജ്യത്തിനുവേണ്ടി ഒരു വ്യോമയാന നയം രൂപീകരിച്ചത്. തുടർന്ന് 2016 ഒക്ടോബർ 21-ന് 'ഉഡാൻ' (ഉഡേ ദേശ് കാ ആം നാഗരിക്) എന്ന പ്രാദേശിക വിമാന യാത്രാ പദ്ധതിക്ക് അനുമതി നൽകി. 2017 ഏപ്രിൽ 27-നാണ് പദ്ധതിയുടെ ഭാഗമായി ആദ്യ വിമാന സർവീസ് ആരംഭിച്ചത്. പദ്ധതിയ്ക്ക് തുടക്കം കുറിച്ച് ഇതിനകം പത്ത് വർഷം പൂർത്തിയായിരിക്കുന്നു. ഈ ഒരു പതിറ്റാണ്ടിൽ 679 വ്യോമപാതകൾ പ്രവർത്തനക്ഷമമാക്കാനും 95 വിമാനത്താവളങ്ങൾ, ഹെലിപോർട്ടുകൾ, വാട്ടർ എയറോഡ്രോമുകൾ എന്നിവയെ പരസ്പരം ബന്ധിപ്പിച്ച് പ്രാദേശിക വിമാന യാത്രാസൗകര്യത്തിൽ ശ്രദ്ധേയമായ മാറ്റം കൊണ്ടുവരാനും ഉഡാൻ പദ്ധതിക്ക് സാധിച്ചു. 2026 ജൂലൈയോടെ 1.68 കോടിയിലധികം യാത്രക്കാരാണ് ഈ ചെലവുകുറഞ്ഞ സർവീസിന്റെ പ്രയോജനം നേടിയത്.

> **ഉഡാൻ പദ്ധതി ഗവണ്മെന്റ് കൂടുതൽ വിപുലീകരിച്ചിട്ടുണ്ട്; വരും വർഷങ്ങളിൽ ചെറുനഗരങ്ങളിൽ 100 പുതിയ വിമാനത്താവളങ്ങളും 200 പുതിയ ഹെലിപാഡുകളും നിർമിക്കാൻ പദ്ധതിയുണ്ട്. ഇന്ത്യയുടെ വ്യോമയാന മേഖലയിൽ വലിയൊരു പരിവർത്തനമാണ് പദ്ധതി കൊണ്ടുവന്നത്.**
>
> *- നരേന്ദ്ര മോദി, പ്രധാനമന്ത്രി*

ഇന്ത്യയുടെ അഭിലാഷങ്ങളുടെ ആഘോഷം

'ഹവായ് ചെരുപ്പ് ധരിക്കുന്ന സാധാരണക്കാർക്കും വിമാനത്തിൽ പറക്കാൻ സാധിക്കണ'മെന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കാഴ്ചപ്പാടിനെ 2016 ഒക്ടോബർ 21-ന് തുടക്കം കുറിച്ച ഉഡാൻ പദ്ധതി ഒരു ജനകീയ മുന്നേറ്റമാക്കി മാറ്റി. ഓരോ ഇന്ത്യക്കാരനും വിമാനയാത്ര കൂടുതൽ ലളിതവും പ്രാപ്യവുമാക്കാൻ പദ്ധതി സഹായിക്കുന്നു. ഉഡാൻ ഇന്ന് കേവലം യാത്രാ-ഗതാഗത പദ്ധതി മാത്രമല്ല; കർഷകർക്കും വിദ്യാർത്ഥികൾക്കും കരകൗശലത്തൊഴിലാളികൾക്കും വ്യാപാരികൾക്കും പുതിയ വളർച്ചാ അവസരങ്ങൾ തുറന്നു നൽകുന്ന, ഇന്ത്യയുടെ ആഗ്രഹങ്ങളുടെയും പ്രതീക്ഷകളുടെയും ആഘോഷം കൂടിയാണത്. രണ്ടാംനിര, മൂന്നാംനിര നഗരങ്ങൾ മുതൽ വിദൂര മേഖലകളിൽ വരെ സാമ്പത്തിക വികസനം, വിനോദസഞ്ചാരം, തൊഴിൽ, സാമൂഹ്യ ഉൾച്ചേർക്കൽ എന്നിവയുടെ കരുത്തുറ്റ ചാലകശക്തിയായി വ്യോമയാന മേഖല മാറിയിരിക്കുന്നു.

ഇന്ത്യൻ വ്യോമയാന യാത്രയിലെ മറ്റൊരു പൊൻതൂവൽ

പദ്ധതിയുടെ വിജയവും മുൻകാല അനുഭവങ്ങളും മുൻനിർത്തി പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്ര മന്ത്രിസഭാ യോഗം 2026 മാർച്ച് 25-ന് ഉഡാന്റെ പരിഷ്കരിച്ച രൂപത്തിന് അംഗീകാരം നൽകി. 2026 ഏപ്രിൽ 4-ന് തുടക്കം കുറിച്ച ഈ പരിഷ്കരിച്ച ഉഡാൻ പദ്ധതി രാജ്യത്തുടനീളം രണ്ടാംനിര, മൂന്നാംനിര നഗരങ്ങളിലും വിദൂര പ്രദേശങ്ങളിലും പ്രാദേശിക വ്യോമഗതാഗത സൗകര്യം വർധിപ്പിക്കാൻ ലക്ഷ്യമിടുന്നു. വ്യോമയാനാധിഷ്ഠിത വികസനം ത്വരിതപ്പെടുത്തുന്നതിന് അടുത്ത പത്ത് വർഷത്തിനകം ഏകദേശം 29,000 കോടി രൂപ ചെലവഴിക്കും. നിലവിൽ വിമാന സർവീസുകളില്ലാത്ത എയർസ്ട്രിപ്പുകളെ 100 വിമാനത്താവളങ്ങളായി വികസിപ്പിക്കുന്നതും മലയോര, വടക്കുകിഴക്കൻ മേഖലകളിലും വികസനത്തിന് മുൻഗണന നൽകുന്ന ജില്ലകളിലുമായി 200 ഹെലിപോർട്ടുകൾ നിർമിക്കുന്നതും പദ്ധതിയിൽ ഉൾപ്പെടുന്നു. 'വികസിത ഇന്ത്യ 2047' എന്ന കാഴ്ചപ്പാട് സാക്ഷാത്കരിക്കുന്നതിൽ നിർണായക പുരോഗതി ഉറപ്പാക്കാൻ ഇത് വഴിയൊരുക്കും. ഈ പുതിയ ഘട്ടം രാജ്യത്തിന്റെ മുക്കിലും മൂലയിലും അവസാന തലം വരെ യാത്രാസൗകര്യം കൂടുതൽ ശക്തിപ്പെടുത്തുകയും, 'സബ് കി ഉഡാൻ, സബ് കാ വികാസ്' എന്ന കാഴ്ചപ്പാട് അന്വർത്ഥമാക്കുകയും ചെയ്യും.

'സിവിൽ ഏവിയേഷന്റെ സാമ്പത്തിക നേട്ടങ്ങൾ: സമൃദ്ധിയുടെ അലയൊലികൾ' എന്ന പേരിൽ ഇന്റർനാഷണൽ സിവിൽ ഏവിയേഷൻ ഓർഗനൈസേഷൻ നടത്തിയ പഠനമനുസരിച്ച് വ്യോമ യാത്രാസൗകര്യങ്ങൾക്ക് ചെലവഴിക്കുന്ന ഓരോ രൂപയും സമ്പദ് വ്യവസ്ഥയിൽ 3.25 ഇരട്ടി സാമ്പത്തിക സ്വാധീനവും തൊഴിൽ രംഗത്ത് 6.1 ഇരട്ടി സ്വാധീനവും സൃഷ്ടിക്കുന്നുണ്ട്.

'ആത്മനിർഭർ ഭാരത്' ദൗത്യത്തിന് കരുത്തേകുന്നു

ഉഡാൻ പദ്ധതിയുടെ പുതിയ ഘട്ടത്തിൽ വിദൂര-ദുർഘട പ്രദേശങ്ങൾക്കായി രണ്ട് 'ധ്രുവ്' ഹെലികോപ്റ്ററുകളും രണ്ട് 'ഡോർണിയർ' വിമാനങ്ങളും വാങ്ങും. ചെറുവിമാനങ്ങളുടെ കുറവ് പരിഹരിക്കാനും 'ആത്മനിർഭർ ഭാരത്' സംരംഭത്തിന് കീഴിൽ രാജ്യത്തെ വ്യോമയാന വ്യവസായത്തിന് ഉത്തേജനം പകരാനും ഇത് സഹായിക്കും. പ്രാദേശിക റൂട്ടുകളിലെ വിമാന സർവീസുകളുടെ ദീർഘകാല സുസ്ഥിരത ഉറപ്പാക്കാനും യാത്രക്കാരുടെ എണ്ണം വർധിപ്പിക്കാനും വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് (വിജിഎഫ്) സഹായം അഞ്ച് വർഷം വരെ നീട്ടിനൽകാൻ പ്രത്യേക വ്യവസ്ഥയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.





അന്നപൂർണ പദ്ധതിക്ക് കീഴിൽ നാലാം ഗഡുവായ 3,000 രൂപ വിതരണം ചെയ്തു

ബംഗാളിലെ വനിതകൾക്ക് പുതിയ കരുത്ത്

ഈ വർഷം മെയ് 4 – ന് പശ്ചിമ ബംഗാൾ മാറ്റത്തിന്റെ പുതിയൊരു പാത തിരഞ്ഞെടുത്തു; ഈ പ്രക്രിയയിൽ സുപ്രധാന പങ്കാണ് സ്ത്രീകൾ വഹിച്ചത്. സ്ത്രീകളെ സ്വയംപര്യാപ്തരാക്കാനും അവരുടെ ജീവിതം കൂടുതൽ ആയാസരഹിതമാക്കാനും ലക്ഷ്യമിടുന്ന പദ്ധതികൾ അതിവേഗം നടപ്പാക്കാൻ കേന്ദ്ര – സംസ്ഥാന ഗവണ്മെന്റുകൾ ഒന്നിച്ച് പ്രവർത്തിച്ചുവരികയാണ്...

കുടുംബങ്ങളിൽ അമ്മമാരും സഹോദരിമാരും നിരവധി ഉത്തരവാദിത്തങ്ങളാണ് ചുമലിലേറ്റുന്നത്. ഒരു സ്ത്രീ സാധ്യമായ എല്ലാ വിധത്തിലും കുടുംബത്തെ പരിപാലിക്കുന്നു. അവശ്യച്ചെലവുകൾ സംബന്ധിച്ച ആശങ്കകൾ കുറയുമ്പോൾ അവരുടെ ആത്മവിശ്വാസം വർധിക്കുന്നു. ഈ ലക്ഷ്യത്തോടെയാണ് പശ്ചിമ ബംഗാൾ ഗവണ്മെന്റ് അന്നപൂർണ പദ്ധതിക്ക് തുടക്കം കുറിച്ചത്. പദ്ധതിക്ക് കീഴിൽ സെപ്റ്റംബർ 17-ന് 1.5 കോടി വനിതകളുടെ അക്കൗണ്ടുകളിലേക്ക് 3,000 രൂപ വീതം കൈമാറി. ബംഗാളിലെ സ്ത്രീകളുടെ ആത്മവിശ്വാസം വർധിപ്പിക്കാൻ നടത്തുന്ന സുപ്രധാന ശ്രമമാണിതെന്ന് ചടങ്ങിൽ സംസാരിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി ചൂണ്ടിക്കാട്ടി. അർഹയായ ഒരു വനിതപോലും പദ്ധതിയുടെ ആനുകൂല്യങ്ങളിൽ നിന്ന് പുറന്തള്ളപ്പെടുന്നില്ലെന്ന് ഉറപ്പാക്കുകയാണ് ഗവണ്മെന്റിന്റെ ലക്ഷ്യം. ഒരു അമ്മയെ സംബന്ധിച്ചിടത്തോളം ഈ തുക കുട്ടിയുടെ വിദ്യാഭ്യാസച്ചെലവുകൾ നിറവേറ്റാൻ സഹായിച്ചേക്കാം; ഒരു സഹോദരിക്ക് ഇത് മരുന്നുകളോ വീട്ടിലേക്ക് അവശ്യസാധനങ്ങളോ വാങ്ങാനുള്ള മാർഗമായി മാറിയേക്കാം.

തീരുമാനമെടുക്കാനുള്ള അധികാരവും മുന്നോട്ട് കുതിക്കാനുള്ള ധൈര്യവും ബംഗാളിലെ സ്ത്രീകൾക്കുണ്ടാകണമെന്നതാണ് നമ്മുടെ കാഴ്ചപ്പാടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഇക്കാര്യത്തിൽ അന്നപൂർണ പദ്ധതി വലിയ പങ്കുവഹിക്കുന്നുണ്ട്. ബംഗാളിലെ സ്ത്രീകളുടെ ജീവിതം കൂടുതൽ ലളിതമാക്കുകയും അവരുടെ ജീവിതസൗകര്യം വർധിപ്പിക്കുകയുമായിരുന്നു പുതിയ ഗവണ്മെന്റിന്റെ മുഖ്യ മുൻഗണന. അതിനാൽ 'കഥാ കം, കാജ് ബേശി!' അഥവാ 'സംസാരം കുറവ്, പ്രവൃത്തി കൂടുതൽ' എന്ന അടിസ്ഥാനതത്വമാണ് നാം അവലംബിച്ചത്. കൃത്യമായി ഈയൊരു ചിന്താഗതിയോടെയാണ് അന്നപൂർണ പദ്ധതിക്ക് തുടക്കം കുറിച്ചത്.

മുഖ്യ മുൻഗണന: ജീവിതചക്രത്തിലുടനീളം ഓരോ വെല്ലുവിളിക്കും പരിഹാരം



- ഗർഭകാലത്തെ പോഷകാഹാരം
- മാതൃവന്ദന യോജന
- പെൺഭ്രൂണഹത്യ തടയൽ
- ബേട്ടി ബച്ചാവോ – ബേട്ടി പഠാവോ
- ശൗചാലയങ്ങളുടെ അഭാവം മൂലം സ്കൂളിലെ കൊഴിഞ്ഞുപോക്ക് തടയൽ
- ദശലക്ഷക്കണക്കിന് ശൗചാലയങ്ങളുടെ നിർമാണം
- പെൺകുട്ടികളുടെ തുടർവിദ്യാഭ്യാസം ഉറപ്പാക്കൽ
- സുകന്യ സമൃദ്ധി യോജന
- പെൺകുട്ടികൾക്ക് സൈനിക് സ്കൂൾ പ്രവേശനം
- സൈനിക് സ്കൂളുകളിൽ പെൺകുട്ടികൾക്ക് പ്രവേശനം അനുവദിച്ചു
- പെൺമക്കൾക്ക് സ്വന്തം സംരംഭങ്ങൾ ആരംഭിക്കാൻ പ്രാപ്തി നൽകൽ
- മുദ്ര യോജന വഴി ഈടില്ലാത്ത വായ്പകൾ
- മാതൃത്വത്തിനു ശേഷവും തൊഴിൽ തുടരൽ
- ദീർഘിപ്പിച്ച പ്രസവാവധി
- ഗ്രാമീണ പെൺകുട്ടികൾക്ക് പുതിയ വരുമാന അവസരങ്ങൾ
- സ്വയംസഹായ സംഘങ്ങൾ
- അടുക്കളപ്പുകയിൽ നിന്ന് മോചനം
- ഉജ്ജ്വല ഗ്യാസ് കണക്ഷനുകൾ
- വീടുകളിൽ ശുദ്ധജല ലഭ്യത
- ഹർ ഘർ നൽ സേ ജൽ' പദ്ധതി
- ഇരുട്ടിൽ നിന്നുള്ള മോചനം
- സൗഭാഗ്യ യോജനയ്ക്ക് കീഴിൽ സൗജന്യ വൈദ്യുതി കണക്ഷനുകൾ
- സാമ്പത്തിക ആശങ്കകളില്ലാതെ ആരോഗ്യപരിപാലനം
- ആയുഷ്മാൻ കാർഡ്
- ബാങ്കിങ് സേവനങ്ങളുടെ ലഭ്യത
- ജൻധൻ യോജന
- വീടുകളുടെ ഉടമസ്ഥാവകാശം
- പി.എം ആവാസ് യോജന



അമ്മമാരുടെയും സഹോദരിമാരുടെയും പെൺമക്കളുടെയും ജീവിതചക്രവുമായി ബന്ധപ്പെട്ട ഓരോ പ്രശ്നത്തിനും പരിഹാരം കാണാനായിരുന്നു നാം എപ്പോഴും ഉയർന്ന മുൻഗണന നൽകിയത്. നാം ഒത്തുചേർന്ന് പുതിയൊരു ബംഗാൾ കെട്ടിപ്പടുക്കും. വികസിത ബംഗാളിന്റെ കരുത്തോടെ, വികസിത ഇന്ത്യ എന്ന സങ്കല്പം കൂടുതൽ കരുത്താർജിക്കും.

- നരേന്ദ്ര മോദി, പ്രധാനമന്ത്രി

ഗവണ്മെന്റ് അധികാരമേറ്റ് ഏതാനും ദിവസങ്ങൾക്കകം തന്നെ പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇത്രയേറെ വനിതകളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് പണം നേരിട്ടെത്തിത്തുടങ്ങി. കൈക്കൂലിയില്ല, ഇടനിലക്കാരുമില്ല. ബംഗാളിൽ ഇപ്പോൾ കൈക്കൂലിയിലൂടെ ഒന്നും നടക്കില്ല!

50 ലക്ഷം പുതിയ നിർധന കുടുംബങ്ങൾക്ക് സ്വന്തമായി അടച്ചുറപ്പുള്ള വീടുകൾ ലഭിക്കും

കഴിഞ്ഞ 12 വർഷമായി മുൻ ഗവണ്മെന്റുകളുടെ ഭരണത്തിന് കീഴിൽ കേന്ദ്ര ഗവണ്മെന്റിന്റെ വിവിധ പദ്ധതികൾ കൃത്യസമയത്ത് ബംഗാളിൽ എത്തുന്നതിൽ പരാജയപ്പെട്ടു; ഇത് ഏറ്റവുമധികം നഷ്ടം വരുത്തിവെച്ചത് പാവപ്പെട്ട കുടുംബങ്ങൾക്കാണ്. എന്നാൽ ഇപ്പോൾ ഈ മുടങ്ങിക്കിടന്ന പദ്ധതികളെല്ലാം അതിവേഗം മുന്നോട്ട് കൊണ്ടുപോവുകയാണ്.

ബംഗാളിൽ പുതിയ ഗവണ്മെന്റ് അധികാരമേറ്റതിനെ തുടർന്ന് പി.എം ആവാസ് യോജനയ്ക്ക് കീഴിൽ സ്ഥിരം അടച്ചുറപ്പുള്ള വീടുകൾ ലഭ്യമാക്കാൻ 50 ലക്ഷത്തിലധികം പാവപ്പെട്ട കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്. പി.എം വിശ്വകർമ യോജനയും ഇവിടെ വിജയകരമായി നടപ്പാക്കിക്കഴിഞ്ഞു. ബംഗാളിൽ കാലങ്ങളായി മുടങ്ങിക്കിടന്ന എല്ലാ പദ്ധതികൾക്കും പ്രവൃത്തികൾക്കും ഇപ്പോൾ പുത്തൻ വേഗം കൈവരുന്നു. ●

പ്രധാനമന്ത്രി മോദിയുടെ പരിപാടി പൂർണമായി കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.

'പരിസ്ഥിതിയുടെയും കാലാവസ്ഥാ ഗതികളുടെയും ഭാവി'
സംബന്ധിച്ച അന്താരാഷ്ട്ര സമ്മേളനം

പരിസ്ഥിതി
സംരക്ഷണം വികസനത്തിനൊപ്പം

ശക്തമായ നയങ്ങളിലൂടെ വികസനത്തിനും പരിസ്ഥിതി സുസ്ഥിരതയ്ക്കും ഒരേസമയം ഒന്നിച്ചുപോകാമെന്ന് ഇന്ത്യ തെളിയിച്ചിരിക്കുകയാണ്. കഴിഞ്ഞ പതിറ്റാണ്ടിനിടെ പരിസ്ഥിതി സംബന്ധമായ എല്ലാ മേഖലകളിലും രാജ്യം സമാനതകളില്ലാത്ത പുരോഗതിയാണ് കൈവരിച്ചത്. തൽഫലമായി പാരീസ് കോപ്–21 ഉടമ്പടി നിശ്ചയിച്ച ലക്ഷ്യങ്ങൾ സമയപരിധിക്ക് മുൻപുതന്നെ പൂർത്തിയാക്കിയ ഏക G-20 രാജ്യമായി ഇന്ത്യ മാറി. 'പരിസ്ഥിതിയുടെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഭാവി' എന്ന വിഷയത്തിൽ സെപ്റ്റംബർ 19–ന് സംഘടിപ്പിച്ച അന്താരാഷ്ട്ര സമ്മേളനത്തിന്റെ ഉദ്ഘാടന ചടങ്ങിൽ സംസാരിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ത്യയിലെ ആളോഹരി കാർബൺ ബഹിർഗമനം നിലവിൽ ആഗോള ശരാശരിയുടെ പകുതിയിലും താഴെയാണെന്ന് വ്യക്തമാക്കി.

കാർബൺ പുറന്തള്ളലിന്റെ അളവുമായി ബന്ധപ്പെട്ട് ലോകമെങ്ങും നിലനിൽക്കുന്ന പൊതു തെറ്റിദ്ധാരണകളെക്കുറിച്ച് സംസാരിക്കവെ വികസ്വര രാജ്യങ്ങൾ പലപ്പോഴും അന്യായമായി പഴി കേൾക്കേണ്ടി വരുന്നുവെന്ന് പ്രധാനമന്ത്രി മോദി ചൂണ്ടിക്കാട്ടി. വികസിത രാജ്യങ്ങൾ ആളോഹരി അടിസ്ഥാനത്തിൽ ഇന്ത്യയേക്കാൾ ആറ് മടങ്ങ് കാർബൺ പുറന്തള്ളുന്ന പശ്ചാത്തലത്തിലാണ് പ്രധാനമന്ത്രി ഇക്കാര്യം എടുത്തു പറഞ്ഞത്. ലോകത്തെ ഒപ്പം ചേർത്ത് പരിസ്ഥിതി സംരക്ഷണത്തിന് പുതിയ മാനദണ്ഡങ്ങൾ നിശ്ചയിക്കുകയാണ് ഇന്ത്യ. ഫോസിൽ ഇതര ഇന്ധനത്തിന്റെയും സൗരോർജത്തിന്റെയും ശേഷിയിൽ രാജ്യം ഇന്ന് ആഗോള നിലവാരം കൈവരിച്ചിട്ടുണ്ട്.





ശുദ്ധമായ ഊർജ്ജം

കഴിഞ്ഞ **12** വർഷത്തിനിടെ, സൗരോർജ്ജ ഉത്പാദന ശേഷി 2 GW-ൽ നിന്ന് 160 GW-ലധികമായി വർദ്ധിച്ചു.

30 'കുസും' (KUSUM) പദ്ധതിക്ക് കീഴിൽ ലക്ഷം കർഷകർക്ക് സൗരോർജ്ജ പമ്പുകൾ ലഭിച്ചു.

50 ലക്ഷം ഭവനങ്ങളിൽ സൗരോർജ്ജ സംവിധാനം; ഓരോ വീടിനും 80,000 രൂപ വരെ സാമ്പത്തിക സഹായം ലഭിച്ചു.

20 'വൺ നേഷൻ-വൺ ഗ്രിഡ്' പദ്ധതിയിലൂടെ കോടി ടൺ കാർബൺ ബഹിർഗമനം കുറയ്ക്കാൻ സാധിച്ചു.

- ഗവണ്മെന്റിന്റെ പ്രവർത്തനഫലമായി ഫോസിൽ ഇതര ഊർജ്ജ ഉത്പാദന ശേഷി നാലിരട്ടിയായി വർദ്ധിച്ചു.



പരിസ്ഥിസൗഹൃദവും ആധുനികവുമായ ഗതാഗതം

- രാജ്യത്തെ ആദ്യത്തെ ഹൈഡ്രജൻ ട്രെയിൻ, ശുദ്ധവും പരിസ്ഥിതി സൗഹൃദവുമായ ഗതാഗത സംവിധാനത്തിലേക്കുള്ള വലിയൊരു ചുവടുവയ്പ്പാണ്.
- കഴിഞ്ഞ വർഷം വൈദ്യുത വാഹനങ്ങളുടെ വിൽപ്പന 25 ലക്ഷത്തിലെത്തി; 2014-ന് മുമ്പ് ഇത് 3,000-ൽ താഴെയായിരുന്നു - അതായത് 950 മടങ്ങ് വർദ്ധനവ്.

2014-ൽ അഞ്ച് നഗരങ്ങളിൽ മാത്രമുണ്ടായിരുന്ന മെട്രോ ശൃംഖല ഇന്ന് **20** -ലധികം നഗരങ്ങളിലേക്ക് വ്യാപിച്ചിരിക്കുന്നു.





പ്രധാനമന്ത്രി മോദിയുടെ പരിപാടി പൂർണമായി കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.

കഴിഞ്ഞ 12 വർഷത്തിനിടെ പരിസ്ഥിതിയുമായി ബന്ധപ്പെട്ട സമസ്ത മേഖലകളിലും ഇന്ത്യ അസാധാരണമായ പുരോഗതി കൈവരിച്ചു. പുനരുപയോഗ ഊർജ്ജത്തിനാണ് നാം പ്രധാനമായും ഊന്നൽ നൽകിയത്, ഇത് പരിസ്ഥിതി സംരക്ഷണത്തിൽ വലിയ പങ്ക് വഹിക്കുന്നു.

- നരേന്ദ്ര മോദി, പ്രധാനമന്ത്രി

ജലസംരക്ഷണം മുതൽ പ്രകൃതിദത്ത കൃഷി വരെ

- ജലസംരക്ഷണം: 'ക്യാച്ച് ദ റെയിൻ' പ്രചാരണത്തിന് കീഴിൽ 70,000-ത്തിലധികം 'അമൃത് സരോവറുകളും' 1.5 കോടി മഴവെള്ള സംഭരണ സംവിധാനങ്ങളും നിർമ്മിച്ചു.
- 'പ്രധാൻ മന്ത്രി കൃഷി സിഞ്ചായി യോജന', 'പെർ ഡ്രോപ്പ്, മോർ ക്രോപ്പ്' (ഓരോ തുള്ളിയിലും കൂടുതൽ വിളവ്) എന്നീ പദ്ധതികളിലൂടെ ലക്ഷക്കണക്കിന് കർഷകർക്ക് പ്രയോജനം ലഭിച്ചു.
- 'നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാമിംഗ്' (പ്രകൃതിദത്ത കൃഷിക്കായുള്ള ദേശീയ ദൗത്യം) പദ്ധതിക്ക് കീഴിൽ 12.5 ലക്ഷം ഹെക്ടർ സ്ഥലത്തായി 24,000 പ്രകൃതിദത്ത കൃഷി ക്ലസ്റ്ററുകൾ സ്ഥാപിച്ചു.
- കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കാൻ ശേഷിയുള്ള 3,000 വിള ഇനങ്ങൾ വികസിപ്പിച്ചു.
- കഴിഞ്ഞ 12 വർഷത്തിനിടെ ഇടതൂർന്ന വനമേഖലയുടെ വിസ്തൃതിയിൽ 22 ശതമാനത്തിലധികം വർദ്ധനവ്.



72-ാമത് ദേശീയ ചലച്ചിത്ര പുരസ്ക്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിച്ചു

ഇന്ത്യൻ സിനിമയുടെ ഭാവി സാധ്യതകൾ

2024 സെപ്റ്റംബർ 22-ന് ഗുജറാത്തിലെ കെവാഡിയയിലെ ഏകതാ നഗറിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു 72-ാമത് ദേശീയ ചലച്ചിത്ര പുരസ്ക്കാരങ്ങൾ സമ്മാനിച്ചു. ഇന്ത്യൻ സിനിമയ്ക്ക് നൽകിയ ശ്രദ്ധേയമായ സംഭാവനകൾക്ക് ദാദാസാഹിബ് ഫാൽക്കെ പുരസ്ക്കാരം ലഭിച്ച മുതിർന്ന നടൻ അനന്ത് നാഗ് ഉൾപ്പെടെ നിരവധി ജേതാക്കൾക്ക് രാഷ്ട്രപതി പുരസ്ക്കാരങ്ങൾ സമ്മാനിച്ചു. ഇന്ത്യയിലെ ജനങ്ങളുടെ സ്വപ്നങ്ങൾ, പൈതൃകം, പോരാട്ടങ്ങൾ, ഭാവി സാധ്യതകൾ എന്നിവയെല്ലാം ഇന്ത്യൻ സിനിമകൾ പ്രതിഫലിപ്പിക്കുന്നുവെന്ന് ചൂണ്ടിക്കാട്ടിയ രാഷ്ട്രപതി, പുരസ്ക്കാര ജേതാക്കളുടെ പ്രതിഭ, സമർപ്പണം, കഠിനാധ്വാനം എന്നിവയ്ക്ക് അവരെ അഭിനന്ദിച്ചു.

യഥാർത്ഥ താരങ്ങൾ പ്രകാശം പരത്തുന്നു, അന്ധകാരത്തെ അകറ്റുന്നു

കുട്ടികളിലും യുവാക്കളിലും പ്രശസ്തരായ കലാകാരന്മാർ ചെലുത്തുന്ന സവിശേഷ സ്വാധീനം പ്രത്യേകം പരാമർശിച്ച രാഷ്ട്രപതി ദ്രൗപദി മുർമു, അച്ചടക്കമുള്ള ജീവിതശൈലിയുടെ ഗുണങ്ങൾ പ്രചരിപ്പിക്കാനും ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കളെ പ്രോത്സാഹിപ്പിക്കുന്നതിൽ നിന്ന് വിട്ടുനിൽക്കാനും പുരസ്ക്കാരജേതാക്കളായ കലാകാരന്മാരോട് അഭ്യർത്ഥിച്ചു. യഥാർത്ഥ താരങ്ങൾ പ്രകാശം പരത്തുന്നു, അന്ധകാരത്തെ അകറ്റുന്നു.

രാജ്യത്തെ പ്രശസ്ത വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സംഘടിപ്പിക്കുന്ന ദേശീയ ചലച്ചിത്ര പുരസ്കാര ചടങ്ങുകൾ

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ദർശനത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, ദേശീയ ചലച്ചിത്ര പുരസ്കാര ചടങ്ങുകൾ രാജ്യത്തെ പ്രശസ്ത വിനോദസഞ്ചാര

ഏകതാ നഗറിൽ (ഡൽഹിക്ക് പുറത്ത്) ചലച്ചിത്ര പുരസ്കാര വിതരണ ചടങ്ങ് നടന്നു

72ാമത് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾക്കായി:

34 ഭാഷകളിൽ നിന്നും 400 ഫീച്ചർ ഫിലിമുകളും

24 ഭാഷകളിൽ നിന്നും 161 നോൺ-ഫീച്ചർ ഫിലിമുകളും സമർപ്പിക്കപ്പെട്ടു

- 22 ഫീച്ചർ ഫിലിം വിഭാഗങ്ങളിലും 23 നോൺ-ഫീച്ചർ ഫിലിം വിഭാഗങ്ങളിലുമായി പുരസ്കാരങ്ങൾ സമ്മാനിച്ചു.
- സാംസ്കാരിക ആവിഷ്കാരത്തിനും ആഗോളതലത്തിൽ കഥകൾ പങ്കുവെക്കുന്നതിനുമുള്ള ശക്തമായ മാധ്യമമെന്ന നിലയിൽ ഇന്ത്യൻ സിനിമ നിരന്തര വളർച്ച കൈവരിക്കുന്നു.
- ദേശീയോദ്ഗ്രഥനമെന്ന സർദാർ വല്ലഭ് ഭായ് പട്ടേലിന്റെ ദർശനത്തിൽ നിന്നും പ്രതിബദ്ധതയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ട്, ഡൽഹിക്ക് പുറത്തുള്ള ഏകതാ നഗറിൽ ദേശീയ ചലച്ചിത്ര പുരസ്കാര ചടങ്ങ് സംഘടിപ്പിച്ചത് ശ്രദ്ധേയമായി.

72-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരവിതരണം പൂർണ്ണമായി വീക്ഷിക്കാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.





- മികച്ച നടനുള്ള പുരസ്കാരം മമ്മൂട്ടിയും (ഭ്രമയുഗം) കാർത്തിക് ആര്യനും (ചന്ദു ചാമ്പ്യൻ) പങ്കിട്ടു.

- 'ആർട്ടിക്കിൾ 370' എന്ന ചിത്രത്തിലെ അഭിനയത്തിന് യാമി ഗൗതം മികച്ച നടിക്കുള്ള പുരസ്കാരം നേടി.
- മികച്ച ചലച്ചിത്രത്തിനുള്ള പുരസ്കാരം 'ആർട്ടിക്കിൾ 370' സ്വന്തമാക്കി.
- 'ഭക്ഷക്' എന്ന ചിത്രത്തിലെ പ്രകടനത്തിന് സഞ്ജയ് മിശ്ര മികച്ച സഹനടനുള്ള പുരസ്കാരത്തിന് അർഹനായി.
- മികച്ച സഹനടിക്കുള്ള പുരസ്കാരം 'മഹാരാജ്' എന്ന ചിത്രത്തിലെ സചന നമിദാസും 'മിഥ്യ' എന്ന ചിത്രത്തിലെ രൂപശ്രീ വരകടിയും പങ്കിട്ടു.
- സകുടുംബം ആസ്വദിക്കാവുന്ന മികച്ച ജനപ്രിയ ചിത്രമായി 'കൽക്കി 2898 എഡി' തിരഞ്ഞെടുക്കപ്പെട്ടു.



- 'സ്വാതന്ത്ര്യ വീർ സവർക്കർ' എന്ന ചിത്രത്തിലൂടെ മികച്ച നവാഗത സംവിധായകനുള്ള പുരസ്കാരം രൺദീപ് ഹൂഡ സ്വന്തമാക്കി.

കേന്ദ്രങ്ങളിലേക്ക് മാറ്റുകയാണെന്ന് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. പ്രധാനമന്ത്രിയുടെ ദർശനത്തിനനുസൃതമായി, പരമ്പരാഗത വേദികൾക്ക് അപ്പുറം ദേശീയ പരിപാടികൾ സംഘടിപ്പിക്കാനും അവയെ രാജ്യത്തുടനീളമുള്ള വിവിധ സ്ഥലങ്ങളുമായി ബന്ധിപ്പിക്കാനുമാണ് മന്ത്രാലയം ലക്ഷ്യമിടുന്നത്. ഭാവിയിലെ ദേശീയ ചലച്ചിത്ര പുരസ്കാര ചടങ്ങുകൾക്ക് വേദിയാകാൻ മികച്ച വിനോദസഞ്ചാര കേന്ദ്രങ്ങൾ നിർദ്ദേശിക്കാൻ അദ്ദേഹം സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടു. ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ കോൺഫറൻസ് ഹാളുകളിൽ മാത്രം ഒതുങ്ങിനിൽക്കാതെ സാധാരണക്കാരിലേക്ക് കൂടി എത്തുമെന്ന് ഈ സംരംഭം ഉറപ്പാക്കുന്നു.



ദേശീയ ചലച്ചിത്ര പുരസ്കാര ചടങ്ങിനെ ഗുജറാത്ത് ഹൃദ്യമായി വരവേറ്റു

ദേശീയ ചലച്ചിത്ര പുരസ്കാര വിതരണത്തിന്റെ ചരിത്രത്തിൽ ഒരു പുതിയ അധ്യായത്തിനാണ് ഗുജറാത്തിലെ ചടങ്ങ് തുടക്കം കുറിച്ചത്. ഡൽഹിക്ക് പുറത്ത് ദേശീയ ചലച്ചിത്ര പുരസ്കാര വിതരണ ചടങ്ങ് സംഘടിപ്പിക്കുക എന്ന പുതിയ കീഴ്വഴക്കം സൃഷ്ടിച്ച വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് ഗുജറാത്ത് ഗവർണർ ആചാര്യ ദേവ് വ്രത് നന്ദി രേഖപ്പെടുത്തി. സർദാർ വല്ലഭ് ഭായ് പട്ടേലിന്റെ പൈതൃകവുമായും ദർശനവുമായും അഭേദ്യമായ ബന്ധമുള്ള കേവാഡിയയിലെ ഏകതാ നഗറിൽ ഈ അഭിമാനകരമായ പുരസ്കാര ചടങ്ങിന് ആതിഥേയത്വം വഹിക്കാൻ കഴിയുന്നത് ഗുജറാത്തിനെ സംബന്ധിച്ചിടത്തോളം അഭിമാനകരമായ കാര്യമാണെന്ന് അദ്ദേഹം പറഞ്ഞു.



ബരാപുള്ള ഫേസ്–3 എലിവേറ്റഡ് ഇടനാഴി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഉദ്ഘാടനം ചെയ്തു

തലസ്ഥാനത്തിന്റെ ഗതാഗത സൗകര്യങ്ങൾക്ക് പുതിയ ഉണർവ്

2047–ഓടെ വികസിത രാഷ്ട്രമായി മാറാനുള്ള ഇന്ത്യയുടെ മുന്നേറ്റത്തെ തലസ്ഥാനമായ ഡൽഹിയുടെ വികസന യാത്ര പ്രതിഫലിപ്പിക്കുന്നു. ഈ ദർശനത്തോടെ, കേന്ദ്രഗവണ്മെന്റ് ഡൽഹിയിൽ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നത് തുടരുന്നു. ഇതിന്റെ ഭാഗമായി, സെപ്റ്റംബർ 29–ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ബരാപുള്ള ഫേസ്–3 ഇടനാഴി ഉദ്ഘാടനം ചെയ്തു. ഇത് ഡൽഹിയിലെയും പരിസരപ്രദേശങ്ങളിലെയും ജനങ്ങൾക്ക് തടസ്സരഹിത യാത്രാസൗകര്യം ഒരുക്കുന്നതിനൊപ്പം ഇന്ധനവും സമയവും ലാഭിക്കാനും സഹായിക്കും.

ഡൽഹിയുടെ വികസനയാത്രയിലെ സുപ്രധാന ഏട്

1,941 കോടിയിലധികം രൂപ മൂല്യമുള്ള വികസന പദ്ധതികളുടെ ഉദ്ഘാടനവും ശിലാസ്ഥാപനവും നിർവ്വഹിച്ചതോടെ ദേശീയ തലസ്ഥാനത്തിന്റെ വികസനയാത്രയിൽ മറ്റൊരു സുപ്രധാന അധ്യായം കൂടി കൂട്ടിച്ചേർക്കപ്പെട്ടു.

- നീണ്ട നാളത്തെ കാത്തിരിപ്പിനൊടുവിൽ, ബരാപുള്ള എലിവേറ്റഡ് റോഡ് ഫേസ്–3 ഇപ്പോൾ ഡൽഹി നിവാസികൾക്കായി സമർപ്പിക്കപ്പെട്ടു.
- മയൂർ വിഹാർ ഫേസ്–1 മുതൽ എയിംസ് (AIIMS) വരെ സിഗ്നൽ രഹിത യാത്ര സാധ്യമാക്കാൻ ഇതിലൂടെ കഴിയും. ഗതാഗതക്കുരുക്ക് കുറയുകയും സമയം ലാഭിക്കുകയും ചെയ്യുന്നതിനൊപ്പം ലക്ഷക്കണക്കിന് ജനങ്ങളുടെ ദൈനംദിന യാത്ര കൂടുതൽ സുഗമമാകും.
- മുകർബ ചൗക്ക് അണ്ടർപാസ്, മോദി മിൽ–സാവിത്രി സിനിമാ ഫ്ളൈഓവർ, ലോണി അണ്ടർപാസ് എന്നിവയ്ക്കൊപ്പം ഇതും ഡൽഹിയുടെ ഗതാഗത ശൃംഖലയെ ഗണ്യമായി ശക്തിപ്പെടുത്തും.
- സമയം ലാഭിക്കുന്നതിനും യാത്ര സുഗമമാക്കുന്നതിനും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുന്നു.●



PMO India ✓
@PMOIndia

Free Trade Agreements हमारे युवाओं के लिए संभावनाओं के नए द्वार बना रहे हैं।


इस तरह के trade agreements से हमारे entrepreneurs के लिए नई partnerships के रास्ते खुलते हैं, नए markets के रास्ते खुलते हैं और हमारे युवाओं के लिए career में नई possibilities बनती हैं: PM @narendramodi



Rajnath Singh ✓ @rajnathsingh

तकनीक को आम नागरिक की ज़िंदगी का हिस्सा बनाकर जीवन आसान बनाना ही मोदी जी का विज़न है।

जनधन, UPI, आयुष्मान भारत और 5G नेटवर्क जैसी पहलों के माध्यम से प्रधानमंत्री @narendramodi जी ने भारत को 'विकसित भारत' के संकल्प की ओर तेज़ी से आगे बढ़ाया है। उनके इन प्रयासों ने जनविश्वास को और मज़बूत किया है।



Amit Shah ✓
@AmitShah

आने वाले दिनों में नशामुक्त मित्र देश के 10 लाख स्कूलों, कॉलेजों और शिक्षण संस्थानों तक पहुंचकर युवाओं को जागरूक करेंगे।



Nitin Gadkari ✓ @nitin_gadkari

Under the visionary leadership of Hon'ble Prime Minister Shri @narendramodi Ji, Ayushman Bharat has emerged as a transformative force in India's healthcare journey, ensuring that quality healthcare is more accessible, affordable and people-centric.



Nirmala Sitharaman Office ✓
@nsitharamanoffc

In 2014, Hon'ble PM Shri @narendramodi opened the doors of banking to everyone through PM Jan Dhan accounts, without requiring a minimum balance.

In 2015, PM MUDRA Yojana enabled small entrepreneurs to access loans without collateral.

By repaying their loans on time, beneficiaries have been able to access higher amounts, strengthen their credit profiles and build greater credibility with banks.

Today, many are growing their businesses and accessing regular banking facilities.



Kiren Rijiju ✓
@KirenRijiju

Union Cabinet, under the leadership of Hon'ble PM Shri @narendramodi ji, approves enhancement of the wage ceiling for mandatory #EPFO coverage from ₹15,000 to ₹25,000 per month.
The decision is expected to bring 51 lakh+ additional employees under mandatory EPFO coverage.

Modi pays tributes to legendary poet 'Dinkar'

Agencies
letters@hindustantimes.com

NEW DELHI: Prime Minister Narendra Modi on Wednesday paid tribute to the legendary Hindi poet, freedom fighter, and Padma Bhushan awardee Ramdhari Singh 'Dinkar' on his 118th birth anniversary, remembering him as a towering literary figure whose fiery works continue to instil national pride and self-respect in generations of Indians.

In a post on X, PM Modi noted that Dinkar's spirited compositions, rich with public awakening and patriotic fervour, will remain a timeless source of inspiration.

"On the birth anniversary of the National Poet Ramdhari Singh Dinkar, I offer my deepest respects to him a hundredfold. His fiery poems, brimming with the sentiments of public awakening and national pride, continue to infuse valour, vigour, and self-respect into the hearts of the countrymen even today. His works not only enrich literature but also inspire devotion to the motherland. His towering personality and timeless creations will guide generations of Indians for ages to come," he said. Born on September 23, 1908, Dinkar emerged as one of the most prominent modern Hindi poets in the country.

Other key leaders also paid homage to Dinkar's lasting contribution to Indian literature.

UP CM Yogi Adityanath said, "...With his impartial and fearless pen, he awakened national pride and infused new energy into the consciousness of every individual." Bihar CM Samrat Choudhary highlighted Dinkar's mastery of patriotic compositions, public consciousness, and 'veer ras' (heroic sentiment).

Ayushman Bharat@8: 60cr citizens covered

13Cr Availed Scheme, 48.5Cr Cards Created



PM Modi said Ayushman Bharat had transformed healthcare access for millions & described it as the world's largest health assurance scheme

TIMES NEWS NETWORK

New Delhi: Eight years after Ayushman Bharat was launched with the aim of making quality and affordable healthcare accessible to people, the scheme now covers more than 60 crore beneficiaries, with over 13 crore people having availed treatment worth over Rs 2 lakh crore through 39,000-plus empanelled public and private hospitals.

PM Narendra Modi, marking the eight-year milestone in a post on X, said Ayushman Bharat had transformed healthcare access for millions and described it as the world's largest health assurance scheme. He highlighted the Rs 5 lakh annual health cover available to more than 60 crore people and said the scheme had enabled savings on medical expenses, benefiting poor and middle-class families.

Modi also highlighted the expansion of healthcare closer to people through Ayushman Arogya Mandirs, which have recorded more than 500 crore visits. He said the journey represented govt's commitment to accessible and affordable healthcare.

Sharing the latest figures, health minister JP Nadda said more than 60 crore people were covered under the scheme and 48.5 crore-plus cards had been created. He highlighted the human impact of the numbers, pointing to families being protected from the burden of medical expenses, patients receiving timely treatment and households being able to face illness without the fear of financial hardship.

Even At Peak of Power, Keep Service Above Self: PM to Youth

Our Political Bureau

New Delhi: In an outreach to Gen Z workers of the BJP, Prime Minister Narendra Modi underlined on Thursday that serving the people should always be their highest priority, even at the peak of power. Addressing young party volunteers of the ongoing Seva Sankalp Yatra, he emphasised that they are going to lead India towards becoming a developed nation by 2047 and hence should put service before ambition.

In a virtual address to the youth taking part in the two simultaneous yatras — from Vadnagar to Varanasi and Varanasi to Vadnagar — that began on his birthday on September 17, the prime minister insisted that "Sewa parmo dharma" has been the core aim of the BJP since its inception.

We will spread the message of service through service, not through words alone, says Modi

"We will give the message of service through service, not through words alone. People should know from our conduct that whatever heights of power we attain, our attitude will be that of sewa (serving the people). We will never deviate from the path of service, whatever peaks of power we reach. We will move forward with 'sewa parmo dharma (service is the prime duty)'," Modi said.

Modi reaffirmed his party's resolve to focus on the country's development over politics and polls and said youth will play a major role in realising the resolve to make India a developed nation by 2047.

Nat'l film awards will now be at tourist destinations: Vaishnaw

TIMES NEWS NETWORK



President Droupadi Murmu presents the Best Actress in a Leading Role award to Yami Gautam for her performance in Article 370 during the 72nd National Film Awards, in Gujarat, Tuesday

New Delhi: On a day Ekta Nagar in Gujarat's Kevadia — where 'Statue of Unity' holds centrestage — became the space for the 72nd National Film Awards, information and broadcasting minister Ashwini Vaishnaw on Tuesday said govt plans to take these awards to some of the best tourism destinations across states in the future.

He urged all states to send in their proposals of best tourist destinations, and prepare and execute 360 degree development plans in those areas. "The proposal of whichever state is selected, the next national film awards will be held at that tourist destination," he said.

Reflecting on PM Narendra Modi's vision when G20 summit was organised in India in 2023, Vaishnaw said that at that time too programmes related to the summit were held across different states. The same is being done with the film awards and, therefore, these are being organised and will be taken to different tourist destinations in the future, he said.

Centre signs MoUs with 21 States for next phase of UDAN

Our Bureau
New Delhi

Over 20 State governments have shown interest in the Centre's modified UDAN scheme, which aims to accelerate airport construction, expand helicopter connectivity and promote domestic aviation manufacturing.

Accordingly, the Union Ministry of Civil Aviation has signed memoranda of understanding (MoUs) with 21 States for the next phase of UDAN.

Speaking after the signing on Tuesday, Civil Aviation Minister Ram Mohan Naidu said the Centre will adopt a challenge-based approach to prioritise airport projects that could be taken up quickly.

Rather than pursuing all projects simultaneously, the Ministry intends to select priority airports and those that are relatively easier to execute.

EXPEDITING PROJECTS

"Earlier, it could take up to three years to complete these airports. We want to reduce this," Naidu said.

"From the day the project starts, we want to finish it within 18 months and give the public the opportunity to travel from there."

According to the Minister, the next phase incorporates lessons from the earlier scheme and follows workshops with States.

Further, Naidu said the remaining States were finalising their MoU documents, and the Ministry expected to complete the signing process within two-three weeks.

The scheme also envisages 200 heliports across the country, with a focus on improving access in the North-East, and remote locations.

Furthermore, Naidu said the Centre will spend almost ₹30,000 crore over the next 10 years under the next phase of UDAN. Contributions from States and other stakeholders could take the overall scale to ₹60,000 crore, he added.

NEW ENTRANTS

The scheme could also encourage new airlines to enter the market and help existing operators strengthen their operations.

Additionally, Naidu said domestic aircraft manufacturing will be an important part of the next phase, in line with the government's Atmanirbharta and Make in India objectives.

Aviation manufacturing, he said, could generate highly skilled jobs and wider employment.

In addition, Naidu said UDAN had supported the development of more than 90 airports over the past decade and benefited nearly 1.54 crore passengers through affordable air travel.

He said the next phase will cater to need for airports closer to tier-II and -III cities. "It is important for us to plan for Viksit Bharat 2047, when India should ideally have more than 350 airports," he said.

Last month, *businessline* had reported that the Centre was inviting nominations from States and Union Territories to select the first batch of 50 airports for development under the modified UDAN scheme.

PM chairs ministers' meet with reforms agenda on the table

TRIBUNE NEWS SERVICE

NEW DELHI, SEPTEMBER 23

Prime Minister Narendra Modi on Wednesday chaired a meeting of the Council of Ministers to review the government's reform agenda as the second quarter of the current fiscal year nears its end.

The meeting, held at Sewa Teerth, focused on short-, medium- and long-term goals aimed at advancing the government's Viksit Bharat vision.

The Prime Minister reviewed past progress, assessed current challenges and discussed future priorities. He emphasised the need to unleash the next generation of reforms to



ആസാദ് ഹിന്ദ് സർക്കാരിന്റെ 83-ാം സ്ഥാപക ദിനം

2026 ഒക്ടോബർ 21

ആസാദ് ഹിന്ദ് ഫൗജ്

ആദ്യത്തെ സൈനിക മുന്നേറ്റത്തിന് നേതൃത്വം നൽകി

ഓരോ ഹൃദയത്തിലും ദേശസ്നേഹത്തിന്റെ അലയൊലികൾ സൃഷ്ടിക്കുന്ന ഇന്ത്യൻ സ്വാതന്ത്ര്യസമര നായകനാണ് നേതാജി സുഭാഷ് ചന്ദ്ര ബോസ്. യുവാക്കളെ അണിനിരത്തിക്കൊണ്ട്, 'ആസാദ് ഹിന്ദ് ഫൗജ്' (ഇന്ത്യൻ നാഷണൽ ആർമി) വഴിയാണ് അദ്ദേഹം ആദ്യത്തെ സൈനിക മുന്നേറ്റം ആരംഭിച്ചത്. 1943-ൽ തന്നെ ആൻഡമാൻ-നിക്കോബാർ ദ്വീപുകളിൽ ത്രിവർണ്ണ പതാക ഉയർത്തിക്കൊണ്ട് അദ്ദേഹം സ്വതന്ത്ര ഇന്ത്യ പ്രഖ്യാപിച്ചു. സ്വന്തം സൈന്യത്തിലൂടെയും സൈനിക പോരാട്ടങ്ങളിലൂടെയും രാജ്യത്തിന് സ്വാതന്ത്ര്യം നേടാനാകുമെന്ന ഉറച്ച വിശ്വാസം വിപ്ലവകാരികളുടെ മനസ്സിൽ വളർത്താൻ ആസാദ് ഹിന്ദ് ഫൗജിലൂടെ നേതാജിക്ക് സാധിച്ചു.



- 1943 ഒക്ടോബർ 21-ന് നേതാജി സുഭാഷ് ചന്ദ്ര ബോസ് 'ആസാദ് ഹിന്ദ് സർക്കാർ' രൂപീകരിച്ചു. ഈ ഗവണ്മെന്റ് ബാങ്കും കറൻസിയും തപാൽ സ്റ്റാമ്പുകളും ഏർപ്പെടുത്തിയിരുന്നു.
- 'റാണി ഓഫ് ഝാൻസി റെജിമെന്റ്' രൂപീകരിച്ചുകൊണ്ട് സായുധ സേനയിൽ വനിതകൾക്ക് തുല്യ അവസരങ്ങൾ ലഭിക്കുന്നതിനുള്ള അടിത്തറയും നേതാജി സുഭാഷ് ചന്ദ്ര ബോസ് പാകി.



"നേതാജിക്ക് ഒരേയൊരു ലക്ഷ്യവും ദൗത്യവും മാത്രമേ ഉണ്ടായിരുന്നുള്ളൂ - ഇന്ത്യയുടെ സ്വാതന്ത്ര്യം. അടിമത്തത്തിന്റെ ചങ്ങലകളിൽ നിന്ന് ഭാരതമാതാവിനെ മോചിപ്പിക്കുക എന്നതായിരുന്നു അത്. ഇതായിരുന്നു അദ്ദേഹത്തിന്റെ ആദർശവും പ്രവർത്തനമണ്ഡലവും.

- പ്രധാനമന്ത്രി നരേന്ദ്ര മോദി

ന്യൂ ഇന്ത്യ
സമാചാർ
ദൈവാരിക

RNI NO.: DELENG/2020/78811 OCTOBER 16-31, 2026

RNI Registered No DELENG/2020/78811 (Publishing Date: October 1, 2026 Pages: 46)

EDITOR IN CHIEF
Dhirendra Ojha
Principal Director General
Press Information Bureau, New Delhi

PUBLISHER:
Kanchan Prasad
Director General, on behalf of
Central Bureau Of Communication

PUBLISHED FROM:
Room No-278, Central Bureau Of Communication, 2nd Floor, Soochna Bhawan, New Delhi -110003